# അമലദൂത്
# AMALADHOOTH

for Private Circulation only Vol. VIII No. 1 April 2022





**പാവപ്പെട്ടവരോടുള്ള അനുകമ്പാർദ്രമായ സ്നേഹവും, രോഗികളേയും നിരാലംബരേയും നിസ്വാർഥമായി പരിചരിക്കുന്നതിനും, ശുശ്രൂഷിക്കുന്നതിനും, സംരക്ഷിക്കുന്ന തിനും അദേഹം കാട്ടിയ നിസ്വാർഥതയുടെ ജീവിതശൈലിയും പുണ്യങ്ങൾ പൂക്കുന്നതായിരുന്നു.**

# ഉപവിയുടെ അപ്പസ്തോലൻ

ജോൺപോൾ രണ്ടാമൻ പാപ്പ 1983 ജനുവരി 25-ാം തിയതി പ്രസിദ്ധീകരിച്ച 'ദിവിനൂസ് പെർഫെക്സിയോണിസ് മജിസ്തർ' എന്ന അപ്പസ്തോലിക പ്രബോധനരേഖയും സഭയുടെ വിശുദ്ധർക്കായുള്ള തിരുസംഘം പ്രസിദ്ധീകരിച്ച മാർഗരേഖയും അനുസരിച്ചാണ് ഒരു വ്യക്തിയെ വിശുദ്ധ നാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ കത്തോലിക്കാ സഭയിൽ നടത്തിവരുന്നത്.ഒരു വ്യക്തി മരിച്ച് അഞ്ചുവർഷങ്ങൾക്ക് ശേഷമാണ് നാമകരണപ്രക്രിയകൾ ആരംഭിക്കുന്നത്. വിശുദ്ധ മദർതെരേസയുടെ കാര്യത്തിലും വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പയുടെ കാര്യത്തിലും ഇതിൽ ഇളവു നല്കിയിരുന്നത് ശ്രദ്ധേയമാണ്. വിശുദ്ധനാക്കുന്ന നാമകരണ നടപടിയുടെ ആദ്യഭാഗമാണ് ദൈവദാസൻ എന്ന സ്ഥാനം നൽകൽ. ശേഷം ധന്യനായി പ്രഖ്യാപിക്കുന്നു. ഇവിടെ ദൈവദാസന്റെ പ്രാർഥനകളും ചിത്രങ്ങളും അച്ചടിക്കാൻ അനുവാദം നല്കുന്നു എന്ന പ്രത്യേകതയുണ്ട്, വിശുദ്ധ പദവിയിലേയ്ക്കുള്ള രണ്ടാമത്തെ തലമാണിത്. വാഴ്ത്തപ്പെട്ട വരുടെ ഗണത്തിലേക്കുയർത്തുകയാണ് മൂന്നാമത്തേത്. ഇതിലേക്കായി അദേഹത്തിന്റെ മാധ്യസ്ഥശക്തിയാൽ ഒരദ്ഭുതം നടന്നിരിക്കണം.

1855-ൽ വടക്കെ ഇറ്റലിയിൽ കോളറ എന്ന മാരകരോഗം പടർന്ന്പിടിച്ചപ്പോൾ ജീവൻപോലും ത്യജിച്ചുകൊണ്ട് ആ വിപത്തിൽ നിന്ന് നാടിനേയും സഹജാതരേയും രക്ഷിക്കുവാനായി മുന്നിട്ടിറങ്ങി. ആശയറ്റ ജീവിതങ്ങൾക്ക് പ്രത്യാശയുടെ തിരിനാളമായി അവരെ പരിചരിക്കുന്നതിനും, ആശ്വസിപ്പിക്കുന്നതിനും ലൂയിജി മോന്തി തന്റെ ജീവിതം പകുത്തുവച്ചു. സമകാലികരായ ചെറുപ്പക്കാരെയായിരുന്നു ലൂയിജി മോന്തി തന്റെ ശുശ്രൂഷ അഭ്യസിപ്പിച്ചത്. യുവ ജനങ്ങൾക്ക് മോന്തി ജീവിക്കുന്ന മാതൃകയായിരുന്നു. കുലീനത്വമുള്ള പെരുമാറ്റശൈലിയിലൂടെ യുവാക്കളെ ആകർഷിക്കുവാൻതക്ക വശ്യത ലൂയിജി കൈമുതലാക്കിയി രുന്നു. ആകയാൽ യുവാക്കൾക്ക് അവരുടെ ജീവിതത്തിന് അർഥം കണ്ടെത്തുവാൻ ഒരു പ്രധാനകാരണമായി. അദ്ദേഹ ത്തിന്റെ ഉദാരമായ മനോഭാവവും, ത്യാഗസന്നദ്ധതയും, പാവങ്ങളിൽ - അനാഥരിൽ - രോഗികളിൽ -ആലംബ ഹീനരിൽ ദൈവത്തെ ദർശിക്കുവാനുല്ള്ള ഉൾക്കാഴ്ചയും അതിശയിപ്പിക്കുന്നതായിരുന്നു. അതിലൂടെ എല്ലാ മനുഷ്യർക്കും എക്കാലത്തും പ്രസക്തവും അനുകരണീ യവുമായ നന്മകൾകൊണ്ട് ആ ജീവിതം ധന്യമായിരുന്നു.

ഉപവിയുടെ അപ്പസ്തോലനായ വാഴ്ത്തപ്പെട്ട ലൂയിജി മോന്തിയുടെ നാമകരണനടപടി ആരംഭിക്കുന്നത് 1941 ലാണ്. കർദ്ദിനാൾ ആൽഫ്രഡ് ഷുറ്റ്സറുടെ നേതൃത്വത്തിലായിരുന്നു അത്. തുടർന്ന് 1963 ഫെബ്രുവരി 8-ന് ലൂയിജിമോന്തിയുടെ ആത്മീയരചനകൾക്ക് അംഗീകാരം ലഭിക്കുകയും വിശുദ്ധർക്കായുള്ള തിരുസംഘം ലൂയിജിമോന്തിയെ വിശുദ്ധഗണത്തിലേക്ക് സാധൂകരിക്കുകയും ചെയ്തു. 2001 ഫെബ്രുവരി 6-ന് ദൈവദാസനായി ഉയർത്തുകയും ചെയ്തു. പാവപ്പെട്ടവരോടുള്ള അനുകമ്പാർദ്രമായ സ്നേഹവും, രോഗികളേയും നിരാലംബരേയും നിസ്വാർഥമായി പരിചരിക്കുന്നതിനും, ശുശ്രൂഷിക്കുന്നതിനും, സംരക്ഷിക്കുന്ന തിനും അദേഹം കാട്ടിയ നിസ്വാർഥതയുടെ ജീവിതശൈലി പുണ്യങ്ങൾ പൂക്കുന്നതായിരുന്നു. 2001 ഏപ്രിൽ മാസം 24-ാം തിയതി വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പ ലൂയിജി മോന്തിയെ ധന്യനായി പ്രഖ്യാപിച്ചു.

2003 നവംബർ 9-നാണ് സെന്റ് പീറ്റേഴ്സ് സ്ക്വയറിൽവച്ച് ലൂയിജിയെ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പ ഉയർത്തിയത്. ഇതിലേക്കായി നാമകരണകോടതി അംഗീകരിച്ചത് ന്യൂറോയിലെ ബോസയിൽ ഉദരസംബന്ധമായ അസുഖം ബാധിച്ച ജൊവാന്നി ലൂയിജിയുടെ രോഗശാന്തിയായിരുന്നു. ലൂയിജിമോന്തിയെ വിശുദ്ധനായി നാമകരണം ചെയ്യുന്ന തിനുള്ള നടപടികൾ റോമിൽ നടന്നുവരികയാണ്. സെപ്റ്റംബർ 22-ാം തിയതി ഔദ്യോഗികമായി ലൂയിജി മരിയ മോന്തിയുടെ തിരുനാൾ ആഘോഷിക്കുകയും ഈ വിശുദ്ധന്റെ തിരുശേഷിപ്പ് വണങ്ങുകയും ചെയ്യുന്നു.

'ദിവ്യകാരുണ്യ സംഘം' എന്ന ഭക്തസംഘടനയിലെ അംഗമായിരുന്നു ലൂയിജിയുടെ അപ്പച്ചൻ ആഞ്ചലോ. ലളിതമായ ജീവിതം നയിച്ച് മറ്റുള്ളവർക്ക് മാതൃകയായി മകൻ ലൂയിജിയെ സമൂഹത്തിന് നൽകിയതിൽ അത്ഭുതപ്പെടാനില്ല. ശുശ്രൂഷയുടെ മഹനീയ മാതൃക നാം പഠിക്കേണ്ടത് വിശുദ്ധകുർബാനയിൽ നിന്നാകണം. അപ്പോൾ പുണ്യങ്ങളുടെ പുലർകാലമായി നമ്മുടെ ജീവിതം മാറും.

# അമലദൂത്
# AMALADOOTH

ഏപ്രിൽ 2022



**EDITORIAL BOARD**

**Adviser** : Fr. Jose Parayil CFIC **Managing Editor** : Fr. Shaji Ullattil CFIC **Chief Editor** : Fr. Merson Antony CFIC

**Associate Editors**

Fr. Mathewkutty, Fr. Jitto Antony, Br. Antony Jose, Br.Saiju Jose, Br. Dolwin Kurisingal, Br. Alex Pandisseril, Br. Akhil Joseph










# CONTENTS


| | |
|---|---|
| ഉപവിയുടെ അപ്പസ്തോലൻ | 2 |
| അമർത്യതയുടെ ഔഷധം | 4 |
| Message from the Provincial Superior | 5 |
| സിനഡാത്മക ജീവിത ശൈലിയിലേക്ക് | 6 |
| ഉത്ഥിതനായ ക്രിസ്തുവിന്റെ സാന്നിദ്ധ്യം | 8 |
| കുർബാനയിലെ ഉത്ഥാനമാനങ്ങൾ | 11 |
| ദിവ്യ'കാരുണ്യം' | 14 |
| മെത്രാൻമാരുടെ 16 – മത് സാധാരണ സിനഡ് | 18 |
| ദിവ്യകാരുണ്യം: തൃപ്തിയുടെ അത്താഴമേശ | 19 |
| സിനഡൽ ചർച്ച്– ഒരാമുഖം | 20 |
| കുർബാനയുടെ കൂട്ടായ്മ | 21 |
| ഓർമ്മകൾ | 22 |
| വികസനവും വിദ്യാഭ്യാസവും | 23 |
| ആത്മീയതയും മതാത്മകതയും | 24 |
| എന്റെ ശരീരം ഭക്ഷിക്കുകയും | 25 |
| ക്രിസ്തുവെ നിനക്കായി | 26 |
| ഉപവിയുടെ ഉറവിടം | 27 |
| ഗത്സേമൻ നൽകുന്ന പാഠം | 28 |
| ഇടയൻ അജഗണാംഗമാകണം | 29 |
| ക്രൂശിതന്റെ പിന്നാലെ | 30 |






Editorial

ഫാ. മേഴ്സൺ ആന്റെണി CFIC
(പ്രൊവിൻഷ്യൽ സെക്രട്ടറി)

# അമർത്യതയുടെ ഔഷധം

എവിടെയൊ വായിച്ചുകേട്ട ചിന്താശകലമാണിത്. വിശുദ്ധ കുർബാന വിളമ്പാൻ വൈദികൻ ജനങ്ങളുടെ ഇടയിലേക്കിറങ്ങുമ്പോൾ കപ്യാർ ഫാനെല്ലാം ഓഫ് ചെയ്യും. തിരുവോസ്തി കാറ്റിൽ പറന്നുപോകാതിരിക്കാനാണത്രേ. കൊടുംകാറ്റിനെ ശാന്തനാക്കിയവനാണ് പോലും ചെറിയൊരു ഫാനിന്റെ കാറ്റിനെ തടയാൻ കഴിവില്ല. പള്ളിപ്പെരുനാളിന് ദിവ്യകാരുണ്യം സ്വീകരിക്കാൻ എത്തിയവരിലെല്ലാവർക്കും കുർബാന നല്കാൻ അച്ചന് കഴിഞ്ഞില്ല. ഓസ്തിയുടെ എണ്ണം കുറവായിരുന്നു. വലിയ ജനക്കൂട്ടം പ്രതീക്ഷിച്ചില്ല, കണക്ക് തെറ്റിയത്രേ. അഞ്ചപ്പം അയ്യായിരം പേർക്ക് വർദ്ധിപ്പിച്ച് നൽകിയവനാണ്പോലും, സ്വയം വർദ്ധിച്ച് അദ്ഭുതം ചെയ്യാൻ കഴിവില്ല. ആരാധനയ്ക്ക് വയ്ക്കാനായി സക്രാരിയിൽ നിന്നും തിരുവോസ്തി എടുത്തപ്പോൾ പഴക്കവും, പൂപ്പലും കാരണം ഓസ്തി രണ്ടായി ഒടിഞ്ഞു. പുതിയ ഓസ്തി കൂദാശചെയ്യാൻ അച്ചൻ മറന്നുപോയി. മരിച്ച ലാസറിന്റെ ചീഞ്ഞ ശരീരം മൂന്ന് ദിവസത്തിന് ശേഷം ഉയിർപ്പിച്ചവനാണ് പോലും, സ്വയം പഴകി പോകാതിരിക്കാൻ കഴിവില്ല. എന്റെ ദൈവത്തിന്റെ ബലഹീനതകളെക്കുറിച്ച് സങ്കടപ്പെട്ടുകൊണ്ടാണ് അന്നത്തെ സന്ധ്യാപ്രാർഥന ചൊല്ലിയത്. പ്രാർഥനയുടെ അവസാനം അറുപതുവയസുള്ള അപ്പച്ചൻ മൂന്നുവയസുള്ള മകളെ മടിയിലിരുത്തി ഇപ്രകാരം പാടി... 'ഇത്ര ചെറുതാകാൻ എത്ര വളരേണം ഇത്ര സ്നേഹിക്കാൻ എന്തുവേണം' എല്ലാ സംശയങ്ങൾക്കും മറുപടി കിട്ടിയതുപോലെ... പിന്നീടൊരിക്കലും എന്റെ ദൈവത്തെക്കുറിച്ചോർത്ത് ഞാൻ സഹതപിച്ചിട്ടില്ല.

വിശുദ്ധ കുർബാനയെക്കുറിച്ചുള്ള വിചിന്തനമാണ് ഈ ലക്കം അമലദൂത് ഒരുക്കുന്നത്. അപ്പത്തിന്റെയും വീഞ്ഞിന്റെയും ബാഹ്യരൂപങ്ങളിൽ നമ്മുടെ കർത്താവീശോമിശിഹാ തന്റെ ശരീരത്തോടും രക്തത്തോടും ആത്മാവോടും ദൈവീകസ്വഭാവത്തോടും കൂടി യഥാർഥത്തിൽ സന്നിഹിതനാകുന്ന കൂദാശയാണ് വിശുദ്ധ കുർബാന. ക്രൈസ്തവ ജീവിതത്തിന്റെ ഉറവിടവും ഉച്ചകോടിയുമാണ് വിശുദ്ധ കുർബാനയെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു.സഭയ്ക്ക് ജീവൻ നല്കുന്നതും പരിപോഷിപ്പിക്കുന്നതും വിശുദ്ധ കുർബാനയാണ്. ആകയാൽ കൂദാശകളുടെ കൂദാശയാണ് വിശുദ്ധ കുർബാന. വിശുദ്ധ കുർബാന എന്റെ ജീവിതത്തിൽ പ്രാവർത്തിക മാകുമ്പോഴാണ് അത് മാതൃകയാകുന്നത്. അതുകൊണ്ടാണ് യോഹന്നാൻ സുവിശേഷകൻ കുർബാന വിവരണത്തിന് ശുശ്രൂഷയുടേയും പാദക്ഷാളനത്തിന്റെയും ഭാഷ്യം നൽകുന്നത്. കുർബാനയിൽ പങ്കെടുത്ത് പരിപോഷിപ്പിക്കപ്പെടുന്ന വിശ്വാസി പ്രകാശം പരത്തണം. പ്രകാശം പരത്തണമെങ്കിൽ ആദ്യം പ്രകാശത്തിന്റെ ഉറവിടം അറിഞ്ഞിരിക്കണം.

കുർബാനയിൽ നിന്ന് നാം സ്വീകരിക്കേണ്ട പ്രഥമവും പ്രധാനവുമായ ദൗത്യം നമ്മുടെ ജീവിത സാക്ഷ്യമാണ്. നമ്മുടെ ജീവിത രീതിയും, പ്രവൃത്തികളും വഴിയാണ് നാം സാക്ഷ്യം നൽകേണ്ടത്. സാക്ഷ്യം ജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ ജീവന്റെയും ആധാരശിലയായി കുർബാന മാറുന്നു; അത് രക്തസാക്ഷിത്വമായി രൂപാന്തരപ്പെടുന്നു. ദിവ്യകാരുണ്യസ്വീകരണം വഴി ഈശോയുമായുള്ള വിശ്വാസിയുടെ ഐക്യം ഊട്ടിയുറപ്പിക്കുകയും, ദൈവവരപ്രസാദത്തിൽ വളരുവാനും, നന്മയിലും പുണ്യത്തിലും സ്ഥിരതയോടെ ജീവിക്കുവാനും സാധിക്കുന്നു. അതുകൊണ്ടാണ് വേണ്ടത്ര ഒരുക്കത്തോടും ഭക്തിയോടുംകൂടെ ദിവ്യകാരുണ്യം സ്വീകരിക്കുവാനും, വിശുദ്ധ കുർബാന സ്വീകരണത്തിന് മുമ്പ് ഒരു മണിക്കൂർ നേരമെങ്കിലും ഉപവസിക്കണം എന്നും നിഷ്കർഷിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ കുർബാനആഘോഷത്തെ 'പങ്കെടുക്കൽ' എന്ന പദം ഒഴിവാക്കി വിശുദ്ധ കുർബാനയുടെ 'സജീവഭാഗഭാഗിത്വം'എന്ന പദമാണുപയോഗിക്കുന്നത്. ദൈവജനം മുഴുവനും സജീവമായും, പൂർണമായും, ഫലപ്രദമായും കുർബാനയാഘോഷത്തിൽ പങ്കെടുക്കണം. അപരിചിതരൊ, നിശബ്ദരായ കാഴ്ചക്കാരൊ ആയി ദിവ്യകാരുണ്യ ലിറ്റർജിയിൽ നാം മാറരുതെന്ന് കൗൺസിൽ ഓർമ്മിപ്പിക്കുന്നുണ്ട്. ദൈവത്തിന് നന്ദി പറയുവാനുള്ള ഉചിതമായ സന്ദർഭമാണ് വിശുദ്ധ കുർബാനയാഘോഷം. "Eucharist" എന്ന ഗ്രീക്ക് പദത്തിന്റെ അർഥം പോലും 'നന്ദി പ്രകാശനം' എന്നാണ്. ഫലപ്രദമായി ദിവ്യകാരുണ്യ ആഘോഷത്തിൽ പങ്കാളികളായി നന്ദിയർപ്പിച്ചുകൊണ്ട് ദിവ്യകാരുണ്യ സ്വഭാവം രൂപപ്പെടാൻ ഈ അമർത്യതയുടെ ഔഷധം നമ്മെ ശക്തിപ്പെടുത്തട്ടെ. ഏവർക്കും ഈസ്റ്റർ ആശംസകൾ

# Message from the Provincial Superior



"**They devoted themselves to the apostles' teaching and fellowship, to the breaking of bread and the prayers. All who believed were together and had all things in common;" (Acts 2:42,44).**

The Catechism of the Catholic Church (1324-1327) states that "The Eucharist is "the source and summit" of the Christian life. The other sacraments, and indeed all ecclesiastical ministries and works of the apostolate, are bound up with the Eucharist and are oriented toward it. Eucharist, also called Holy Communion or Lord's Supper, is the ritual commemoration of Jesus' Last Supper with his disciples. The Eucharist (from the Greek *eucharistia f*or "thanksgiving") is the central act of Christian worship. When we ask how the Lord's Supper should be meaningful to the Christian today, three concepts—relating to the past, present, and future—can be helpful.

First, the Lord's Supper is a time of remembrance and thanksgiving. Jesus said, "Do this in remembrance of Me" (Luke 22:19; 1 Cor. 11:24, 25). This is not to be so much our dwelling on the agonies of the crucifixion as it is to be our remembering the marvellous life and ministry of our Savior. The Eucharist is to be an occasion for expressing our deepest praise and appreciation for all Jesus Christ has done for us. Just as one step in the Jewish Passover meal was to proclaim the Hebrews' deliverance from Egyptian bondage (Ex. 12:26, 27), so in the Lord's Supper, Christians proclaim their deliverance from sin and misery through the death of "Christ, our Passover" (1 Cor. 5:7; 11:26). The remembrance of the Lord's supper must lead us to be thankful to God by leading a life witnessing the love of God expressed and fostering an attitude of humility exemplified by Jesus during the Last Supper.

Second, the Lord's Supper is a time of refreshing and communion. As we participate in the benefits of Jesus' death and resurrection (Rom. 5:10; 1 Cor. 10:16), we are actually being nourished and empowered by the risen Christ through the Spirit. The Eucharist is the efficacious sign and sublime cause of that communion in the divine life and that unity of the People of God by which the Church is kept in being. Eucharist refreshes and strengthens us in our daily Christian way of life. It is the sublime cause that keeps us united with the mystical body of Christ, the Church. Participation in the Eucharist enhances and deepens the communion of believers not only with Christ but also with one another. However, it is unfortunate if the Eucharist, which was intended as both a symbol and a means of fostering unity within the Church, becomes a source of disunity and contention.

Third, the Lord's Supper is a time of recommitment and anticipation. We are to examine ourselves and partake worthily in the Eucharist(1 Cor. 11:28, 29). In so doing, we renew our dedication to Christ and His people in hopeful anticipation "till He comes" (1 Cor. 11:26). After Christ's return, we shall partake with Him in His kingdom (Matt. 26:29). By the Eucharistic celebration, we already unite ourselves with the heavenly liturgy and anticipate eternal life. In brief, the Eucharist is the sum and summary of our faith: Our way of thinking is to be attuned to the Eucharist, and the Eucharist, in turn, must confirm our way of thinking. Let the Risen Lord help us grasp this true meaning of the Lord's supper in our life and thus make our life renewed and recommitted to our Lord and His people.

**I wish you all a Blessed Easter and pray that the risen Lord may bless us with His grace to renew our life and commitment towards Christ and His people.**

**Fr. Jose Mathew**
Provincial Superior CFIC

# സിനഡാത്മക ജീവിതശൈലിയിലേക്ക് ഒരു നോമ്പുകാലയാത്ര



✠മാർ റെമിജിയോസ് ഇഞ്ചനാനിയിൽ
താമരശ്ശേരി രൂപതയുടെ മെത്രാൻ

വലിയ നോമ്പിലേക്ക് ഒരിക്കൽക്കൂടി നാം പ്രവേശിക്കാനൊരുങ്ങുകയാണ്. തന്റെ പരസ്യ ജീവിതത്തിനൊരുക്കമായി ഈശോ നാല്പത് ദിനരാത്രങ്ങൾ പ്രാർഥനയിലും ഉപവാസത്തിലും കഴിഞ്ഞതിന്റെ അനുസ്മരണവും, മനുഷ്യാവതാരത്തിന്റെ പൂർത്തീകരണ നിമിഷങ്ങളിൽ അവിടുന്ന് കടന്നുപോയ പീഢാനുഭവ മരണോത്ഥാനങ്ങളാകുന്ന പെസഹാരഹസ്യത്തിന്റെ സജീവമായ ആഘോഷത്തിലേക്കുള്ള യാത്രയുമാണ് വലിയ നോമ്പ്. പ്രാർഥിച്ചൊരുങ്ങിയും, നോമ്പനുഷ്ഠിച്ചും, നമ്മുടെ ജീവിതത്തെ എളിമപ്പെടുത്താനും, പാപത്തിലേക്കുള്ള മനുഷ്യസഹജമായ ചായ്‌വ് തിരിച്ചറിഞ്ഞ് അനുതാപത്തിലൂടെ നമ്മുടെ ഹൃദയങ്ങളെ ദൈവത്തിലേക്കടുപ്പിക്കാനും ഈ നോമ്പുകാലം നമ്മെ സഹായിക്കട്ടെ എന്ന് പ്രാർഥിക്കുന്നു.

നമ്മുടെ ആരാധനാക്രമവത്സരത്തിൽ മാനസാന്തരത്തിന്റെയും, ആത്മീയമായ ഉണർവിന്റെയും, ഹൃദയനവീകരണത്തിന്റെയും ഏറ്റവും ദൈർഘ്യമേറിയ കാലഘട്ടമാണ് വലിയ നോമ്പ്. മരുഭൂമിയിൽ നാൽപത് ദിനരാത്രങ്ങൾ ഉപവാസത്തിലും പ്രാർഥനയിലും ചിലവഴിച്ച മനുഷ്യപുത്രന്റെ മാതൃക, പ്രലോഭനങ്ങളെയും തിന്മയുടെ സ്വാധീനങ്ങളെയും മറികടക്കാനും, അനുദിന ജീവിതത്തിന്റെ ലൗകികവ്യഗ്രതകളിൽ നിന്നകന്ന് ദൈവിക സാന്നിധ്യത്തിലായിരിക്കാനും ഈ നോമ്പുകാലത്ത് നമ്മെ സഹായിക്കും. രണ്ട് വർഷമായി നമ്മെ അനുയാത്ര ചെയ്യുന്ന കോവിഡിന്റെ പശ്ചാത്തലത്തിൽ വിശ്വാസ മേഖലയിലും, കൂദാശകളിലുള്ള പങ്കാളിത്തത്തിലും വന്നിട്ടുള്ള കുറവുകളെ പരിഹരിച്ച്, ആത്മീയമായ ഒരു പുനരുദ്ധാരണത്തിനായി നമുക്ക് ആത്മാർഥമായി പരിശ്രമിക്കാം.

നോമ്പുകാല വിചിന്തനങ്ങൾക്ക് നമ്മെ സഹായിക്കുന്ന ചില ചിന്തകൾ 2023-ലെ ആഗോളസഭാ സിനഡിന് മുന്നോടിയായി നൽകിയിട്ടുള്ള ഒരുക്കരേഖയുടെ വെളിച്ചത്തിൽ പങ്കുവയ്ക്കുന്നത് ഉചിതമാണെന്ന് കരുതുന്നു. നമ്മുടെ വിശ്വാസജീവിതത്തിന്റെ വളർച്ചയ്ക്കും, ആത്മീയോന്നമനത്തിനും, സഭയുടെ നവീകരണത്തിനും ഒരുപോലെ സഹായിക്കുന്ന ഘടകങ്ങളാണ് കൂട്ടായ്മയും, പങ്കാളിത്തവും, പ്രേഷിതദൗത്യവുമെന്ന് ഈ ഒരുക്കരേഖ നമ്മെ ഓർമിപ്പിക്കുന്നു. ഇവ മൂന്നും കൃത്യമായ അനുപാതത്തിൽ ഏകോപിപ്പിച്ച് ഒരു സിനഡാത്മക സഭയ്ക്ക് അടിസ്ഥാനമിടാനുള്ള ഫ്രാൻസിസ് മാർപാപ്പയുടെയും, മെത്രാൻ സംഘത്തിന്റെയും, ആഗോള സഭ മുഴുവന്റെയും ദാഹം, നവീകരണത്തിന്റെ പാതയിലേക്ക് സഭ കാലെടുത്ത് വയ്ക്കുന്നതിന്റെ സൂചനയാണ് നൽകുന്നത്.

വ്യക്തിപരമായ നവീകരണത്തിനുമപ്പുറം ദൈവസ്നേഹത്തിലും പരസ്നേഹത്തിലും അടിസ്ഥാനമിട്ട്, കൂട്ടായ്മയിലൂടെ സാധ്യമാകേണ്ട ദൈവാനുഭവത്തിന്റെ വിളവെടുപ്പ്കാലമാകണം വലിയനോമ്പ്. ഏശയ്യായിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവഹിതം പോലെ, "ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും, നുകത്തിൻെറ കയറുകൾ അഴിക്കുകയും, മർദിതരെ സ്വതന്ത്രരാക്കുകയും, എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം? വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും, ഭവന രഹിതനെ വീട്ടിൽ സ്വീകരിക്കുകയും, നഗ്നനെ ഉടുപ്പിക്കുകയും, സ്വന്തക്കാരിൽ നിന്ന് ഒഴിഞ്ഞു മാറാതിരിക്കുകയും ചെയ്യുന്നതല്ലേ അത് "(ഏശയ്യാ. 58:6-7). അവസാന വിധി ദിനത്തിൽ രാജാവ് തന്റെ ഇടത്ത് വശത്തും വലത്ത് വശത്തും ഇരിക്കുന്നവരെ തിരഞ്ഞെടുക്കുന്നതും ഇതേ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണല്ലോ (മത്താ. 25:31-46). കേവലം ഭക്ഷണപാനീയങ്ങളുടെ വർജനമെന്ന അടിസ്ഥാന കാഴ്ചപ്പാടിനുമപ്പുറത്ത് സ്നേഹത്തിലൂടെ പൂർത്തിയാകേണ്ട ദൈവിക നിയമങ്ങളെക്കുറിച്ച് ഈ വചനങ്ങളുടെ വെളിച്ചത്തിൽ ധ്യാനിക്കാൻ നോമ്പുകാലത്ത് നമുക്ക് സാധിക്കണം. സ്നേഹത്തിന്റെ കുറവ് വരുന്നിടത്താണ് നിയമങ്ങൾ ലംഘിക്കപ്പെടുന്നതെന്ന് തിരിച്ചറിയുമ്പോഴാണ് കൂട്ടായ്മയുടെ പ്രസക്തി വ്യക്തമാകുന്നതും സഭാത്മകതയിലേക്ക് നാം നയിക്കപ്പെടുന്നതും.

സ്നേഹത്താൽ പരസ്പരം ഇഴചേർക്കപ്പെടുന്ന വ്യക്തിബന്ധങ്ങളുടെ കൂട്ടായ്മയിലാണ് സിനഡാത്മക സഭയെന്ന ആശയം അടിസ്ഥാനമിട്ടിരിക്കുന്നത്. കൂട്ടായ്മയും, പങ്കാളിത്തവും, പ്രേഷിതദൗത്യവുമെന്ന ത്രിവിധമാനം അർഥമാക്കുന്നതും അതാണ്. അനുതാപ

**പിതൃവാത്സല്യത്തോടെ ഇന്ന് സഭയെ നയിക്കുന്ന ഫ്രാൻസിസ് മാർപാപ്പ, ലോകം മുഴുവനുമുള്ള വിശ്വാസികളുടെ പങ്കാളിത്തത്തോടെ ആത്മീയവും സാമൂഹികവുമായ വലിയ ഉണർവിലേക്ക് പ്രവേശിക്കാൻ സഭയെ ഒരുക്കുമ്പോൾ, നമുക്കും അതിൽ പങ്കുചേരാം.**

ത്തിന്റെയും മാനസാന്തരത്തിന്റെയും നോമ്പുകാലവും, സിനഡാത്മക സഭയെ മുന്നിൽ കണ്ടുള്ള ഒരുക്കരേഖയും, വി. ലൂക്കായുടെ സുവിശേഷത്തിലെ ധൂർത്തപുത്രന്റെ ഉപമയിലൂടെ അനാവൃതമാകുന്ന ദൈവശാസ്ത്രവും, ഏറെക്കുറെ സമാനമായ തലങ്ങളിലൂടെയാണ് സഞ്ചരിക്കുന്നത്. സഭയെ ഒരു കുടുംബമായും, വിശ്വാസികളെയെല്ലാം അതിലെ അംഗങ്ങളായും കരുതുമ്പോൾ ഈ ദൈവശാസ്ത്രം ഇതൾ വിരിയുന്നത് കാണാം. ധൂർത്തപുത്രന്റെ വീഴ്ചയെ സിനഡാത്മകതയുടെ വെളിച്ചത്തിൽ ഒറ്റ വാചകത്തിൽ വിലയിരുത്താം: കൂട്ടായ്മയിൽ നിന്ന് അകലുമ്പോൾ പങ്കാളിത്തം നഷ്ടമാകുന്നു; ദൗത്യം മറന്ന് പോകുന്നു.

കുടുംബം ഒരു കൂട്ടായ്മയാണ്. സഭയും സ്വഭാവേന കുടുംബവും കൂട്ടായ്മയുമാണെന്ന് അപ്പസ്തോല പ്രവർത്തനങ്ങൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. "വിശ്വസിച്ചവരെല്ലാവരും ഒറ്റ സമൂഹമാവുകയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായി കരുതുകയും ചെയ്തു. അവർ തങ്ങളുടെ സ്വത്തുക്കളും വസ്തുവകകളും വിറ്റ് ആവശ്യാനുസരണം എല്ലാവർക്കുമായി വീതിച്ചു. അവർ ഏകമനസ്സോടെ താത്പര്യപൂർവം അനുദിനം ദേവാലയത്തിൽ ഒന്നിച്ചുകൂടുകയും ഭവനംതോറും അപ്പം മുറിക്കുകയും ഹൃദയലാളിത്യത്തോടും ആഹ്ലാദത്തോടും കൂടെ ഭക്ഷണത്തിൽ പങ്കുചേരുകയും ചെയ്തിരുന്നു." (അപ്പ. 2:44-46) അനനിയാസിനെയും സഫീറായെയും പോലെ ഹൃദയത്തിൽ സ്വാർത്ഥതയുടെ കറ പുരളുമ്പോഴാണ് കൂട്ടായ്മയുടെ ഈ സഭാത്മകതലത്തിൽ നിന്ന് അകന്ന് പോകാൻ ഇടയാകുന്നത്. അവരെപ്പോലെ തന്റെ ഓഹരി ഒറ്റയ്ക്ക് അവകാശപ്പെടുത്തി, തനിക്കിഷ്ടപ്പെട്ട വഴികളിലൂടെ തനിച്ച് നടക്കാൻ വാശിപിടിച്ച ധൂർത്തപുത്രനും കൂട്ടായ്മയിൽ നിന്ന് അകന്നുപോകുന്നവരുടെ പ്രതിനിധിയായി നില്ക്കുന്നു. സ്വഭവനത്തിലും, പൈതൃകമായ അവകാശങ്ങളിലും, പിതാവിന്റെ സ്നേഹത്തിലുമുള്ള പങ്കാളിത്തമായിരുന്നു അവന് നഷ്ടമായത്. പങ്കാളിത്തം നഷ്ടപ്പെടുത്തിയവന് പിന്നെ അവകാശങ്ങൾക്ക് അർഹതയില്ലെന്ന് ധൂർത്തപുത്രന്റെ അനുഭവം പഠിപ്പിക്കുന്നു. പിതാവിന്റെ സ്നേഹത്തിൽ നിലനിന്ന് പുത്രസ്ഥാനം അലങ്കരിക്കുകയെന്ന തന്റെ ദൗത്യം പോലും മറന്ന് പന്നികളെ മേയ്ക്കാൻ അവൻ നിർബന്ധിതനാകുന്നു. വിശപ്പിന്റെ പാരമ്യത്തിൽ പന്നികളോടൊപ്പം ഒരേ തവിട് ഭക്ഷിച്ച് അവയോട് താദാത്മ്യപ്പെടുന്ന തലത്തിലേക്ക് അവൻ അധഃപ്പതിക്കുന്നു.

പിതാവായ ദൈവത്തിൽ നിന്നും, സഭയാകുന്ന കുടുംബത്തിൽ നിന്നും പാപംമൂലം അകന്ന് പോകുമ്പോൾ ധൂർത്തപുത്രനെപ്പോലെ കൂട്ടായ്മയും പങ്കാളിത്തവും നഷ്ടപ്പെട്ട് ദൗത്യമറിയാതെ നാം ഇരുളിൽ കഴിയേണ്ടി വരും. അവിടെ നിന്ന് തിരികെ ദൈവത്തിലേക്കും സഭയാകുന്ന കൂട്ടായ്മയിലേക്കും മടങ്ങിവരാൻ നമ്മെ സഹായിക്കുന്ന വഴിയാണ് നോമ്പൊരുക്കം. വിശുദ്ധ ഗ്രന്ഥത്തിൽ മാനസാന്തരമെന്ന വാക്കിന്റെ മൂലാർഥം 'മടങ്ങുക, തിരികെ വരിക' എന്നൊക്കെയാണ്. ദൈവത്തിലേക്കുള്ള മടക്കമാണ് അനുതാപത്തിന്റെ ആരംഭം. ധൂർത്തപുത്രന് തിരിച്ചറിവുണ്ടാകുന്ന നിമിഷം അവൻ തിരികെ പിതാവിന്റെ പക്കലേക്ക് മടങ്ങിവരാൻ ആഗ്രഹിക്കുന്നു, തീരുമാനമെടുക്കുന്നു. നഷ്ടപ്പെട്ട കൂട്ടായ്മയിലേക്കും, പങ്കാളിത്തത്തിലേക്കും ധൂർത്തപുത്രനെ വീണ്ടെടുക്കാൻ കാത്തിരിക്കുന്ന കരുണാമയനായ പിതാവിന്റെ ചിത്രം വലിയ പ്രത്യാശയാണ് നമ്മിൽ നിറയ്ക്കുന്നത്. അതേ പിതൃവാത്സല്യത്തോടെ ഇന്ന് സഭയെ നയിക്കുന്ന ഫ്രാൻസിസ് മാർപാപ്പ, ലോകം മുഴുവനുമുള്ള വിശ്വാസികളുടെ പങ്കാളിത്തത്തോടെ ആത്മീയവും സാമൂഹികവുമായ വലിയ ഉണർവിലേക്ക് പ്രവേശിക്കാൻ സഭയെ ഒരുക്കുമ്പോൾ, നമുക്കും അതിൽ പങ്കുചേരാം. അതിന് മുന്നോടിയായി ഈ നോമ്പുകാലത്ത് നമ്മുടെ ചിന്തകളിലും പ്രവർത്തനങ്ങളിലും ഒരു സഭാത്മക ജീവിതശൈലി രൂപപ്പെടുത്താനും, അനുതാപത്തിന്റെയും മാനസാന്തരത്തിന്റെയും യഥാർഥ ഫലങ്ങൾ ആസ്വദിക്കാനും നമുക്ക് പരിശ്രമിക്കാം.

നോമ്പുകാല ചൈതന്യത്തിലേക്ക് പ്രവേശിക്കുന്നതിനൊരുക്കമായി നമ്മുടെ ജീവിതനവീകരണം ആരംഭിക്കേണ്ടത് ഗാർഹിക സഭയായ കുടുംബത്തിൽ നിന്നാണ്. ദൈവത്തോടുള്ള വ്യക്തിപരമായ ബന്ധം പുനഃസ്ഥാപിക്കുന്നതോടൊപ്പം, കുടുംബത്തിലുള്ള സജീവപങ്കാളിത്തവും നോമ്പുകാലത്ത് നമ്മുടെ പരിഗണനയ്ക്ക് വിഷയമാകട്ടെ. ചെറുതും വലുതുമായ പലവിധ കാരണങ്ങളാൽ കുടുംബ ബന്ധങ്ങൾ ശിഥിലമാക്കപ്പെടുന്ന ഇക്കാലത്ത്, നമ്മുടെ കുടുംബങ്ങളെ തിരുക്കുടുംബത്തിന്റെ മാതൃകയിൽ മുന്നേറാൻ തക്കവിധം സ്നേഹത്തിന്റെ പാതയിൽ നമുക്ക് നയിക്കാം. പങ്കാളിത്തത്തിന്റെ ദൈവാനുഭവം കുടുംബങ്ങളിലാരംഭിച്ച് നമ്മുടെ ഇടവകാ കൂട്ടായ്മയിലേക്കും നാം ആയിരിക്കുന്ന ഇടങ്ങളിലേക്കും പകർന്നുകൊടുക്കാൻ ഈ നോമ്പുകാലത്ത് നമുക്ക് സാധിക്കട്ടെ. അതാണ് സിനഡാത്മക ജീവിതശൈലി നമ്മെ ഭരമേൽപ്പിക്കുന്ന പ്രേഷിതദൗത്യം: 'മലമുകളിൽ പണിതുയർത്തപ്പെട്ട പട്ടണം പോലെയും, പീഠത്തിന്മേൽ വച്ച ദീപം പോലെയുമായിരുന്നുകൊണ്ട് സത്പ്രവൃത്തികളാൽ നിറഞ്ഞ നമ്മുടെ ജീവിതമാതൃക വഴി മറ്റുള്ളവരും സ്വർഗ്ഗസ്ഥനായ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നമ്മുടെ വെളിച്ചം അനേകർക്ക്മുന്നിൽ പ്രകാശിക്കാനിടയാകട്ടെ.'(മത്താ. 5:14-16) കുടുംബത്തിലും, ഇടവകയിലും, സമൂഹത്തിലും, സഭയിലും ഈ പ്രേഷിതദൗത്യത്തിന്റെ അപ്പസ്തോലന്മാരായി നമുക്ക് മാറാം. അങ്ങനെ 'സ്നേഹത്തിൽ പ്രവർത്തനനിരതമാകുന്ന വിശ്വാസത്തിലേക്ക്'(ഗലാ. 5:6) നമ്മെ നയിക്കുന്നതാകട്ടെ ഈ നോമ്പുകാലം.

# ഉത്ഥിതനായ ക്രിസ്തുവിന്റെ സാന്നിദ്ധ്യം അനുദിനജീവിതത്തിൽ



റവ. ഡോ. സെബാസ്റ്റ്യൻ ചാലയ്ക്കൽ

"ക്രിസ്തു ഉയിർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർഥമാണ്; നിങ്ങളുടെ വിശ്വാസവും വ്യർഥം" (1 കോറി 15:14). യേശുവിന്റെ ഉത്ഥാനം ക്രിസ്തീയ ജീവിതത്തിന്റെയും വിശ്വാസത്തിന്റെയും കേന്ദ്രമാണ്. ക്രിസ്തുമാർഗം ആരംഭിച്ചതു തന്നെ യേശുവിന്റെ ഉത്ഥാനം പ്രഘോഷിച്ചുകൊണ്ടാണ് (അപ്പ 2:22-24). പുതിയനിയമം എഴുതപ്പെട്ടത് യേശുവിന്റെ ഉത്ഥാനത്തിലുള്ള വിശ്വാസത്തിന്റെ പശ്ചാത്തലത്തിലാണ്. പുതിയനിയമത്തിന്റെ കേന്ദ്ര ആശയം യേശുവിന്റെ ഉത്ഥാനമാണ്. യേശു മരിച്ചവരിൽനിന്ന് ഉത്ഥാനം ചെയ്തു എന്ന യാഥാർഥ്യം പുതിയനിയമഗ്രന്ഥങ്ങളിൽ മുഴുവൻ നിറഞ്ഞുനിൽക്കുന്നു.

ആദിമസഭ യേശുവിന്റെ ഉത്ഥാനത്തിലുള്ള വിശ്വാസം ഏകവും വ്യക്തമായി പ്രകടമാക്കിയത് ആരാധന ക്രമത്തിലൂടെയായിരുന്നു. മാമ്മോദീസയിലൂടെ യേശുവിന്റെ മരണത്തിലും ഉത്ഥാനത്തിലും തങ്ങൾ പങ്കുകാരാകുകയാണെന്ന ഉറച്ച ബോധ്യം ആദിമ ക്രൈസ്തവർക്കുണ്ടായിരുന്നു (റോമാ 6:3-5). ഞായറാഴ്ച ആചരണത്തിലൂടെ യേശുവിന്റെ ഉത്ഥാനത്തിലുള്ള വിശ്വാസം അവർ പരസ്യമായി ഏറ്റു പറഞ്ഞു.

ഉത്ഥിതനായ യേശുവിന്റെ സാന്നിദ്ധ്യം ഇന്നും വിശ്വാസികൾ അനുഭവിക്കുന്നു. പ്രത്യേകമായി സഭയിലും ദൈവവചനത്തിലും കൂദാശകളിലും ഉത്ഥിതനായ ക്രിസ്തുവിന്റെ സാന്നിദ്ധ്യം നിറഞ്ഞുനിൽക്കുന്നു. എല്ലാ മനുഷ്യരിലും വിശേഷിച്ച് വേദനിക്കുന്നവരുടെ ജീവിതസാഹചര്യങ്ങളിൽ ഉത്ഥിതനായ ക്രിസ്തു സന്നിഹിതനാണ്.

**1. സഭയിലുള്ള ക്രിസ്തുവിന്റെ സാന്നിദ്ധ്യം**

ഉത്ഥിതനായ യേശു തന്റെ ശിഷ്യന്മാരെയെല്ലാം ഒരുമിച്ചുകൂട്ടി. ഉത്ഥിതനിലുള്ള വിശ്വാസത്തിൽ അവർ ഒരു പുതിയ സമൂഹമായി രൂപപ്പെട്ടു. വചനത്താലും കൂദാശകളാലും സഭയെ ക്രിസ്തു പടുത്തുയർത്തുന്നു. സഭാകൂട്ടായ്മയിൽ ഉത്ഥിതനായ ക്രിസ്തുവിന്റെ സവിശേഷസാന്നിദ്ധ്യമുണ്ട്. അപ്പ 9:4-ൽ പ്രസ്താവിക്കുന്നതുപോലെ ഉത്ഥിതനായ ക്രിസ്തു സഭാസമൂഹവുമായി തന്നെതന്നെ താദാത്മ്യപ്പെടുത്തിയിരിക്കുന്നു. സഭതന്നെയാണ് യേശുവിന്റെ ഉത്ഥാനത്തിന്റെ ഏറ്റവും ദൃശ്യമായ സ്ഥിരമായ അടയാളം. ഉത്ഥിതനായവന്റെ സ്നേഹ സാന്നിദ്ധ്യം സഭാകൂട്ടായ്മയിലും സാഹോദര്യത്തിലും അനുഭവിക്കാൻ നമുക്കു സാധിക്കും.

യേശുവിന്റെ നാമത്തിൽ ഒന്നിച്ചുകൂടുമ്പോഴെല്ലാം സഭാസമൂഹത്തിൽ ക്രിസ്തുവിന്റെ സാന്നിദ്ധ്യമുണ്ട്. "രണ്ടോ മൂന്നോപേർ എന്റെ നാമത്തിൽ ഒരുമിച്ചു കൂടുന്നിടത്ത് അവരുടെ മദ്ധ്യേ ഞാനുണ്ടായിരിക്കും" (മത്താ 18:20). ലോകാവസാനംവരെ സഭയോടൊത്തുണ്ടെന്നുള്ളത് ഉത്ഥിതനായ ക്രിസ്തുവിന്റെ തന്നെ വാഗ്ദാനമാണ്. "യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ 28:20).

യേശുവിനെ ശാരീരിക നേത്രങ്ങൾകൊണ്ടു കാണാനോ സ്പർശിക്കാനോ ഇന്ന് നമുക്ക് സാദ്ധ്യമല്ല. യേശുവിന്റെ ദൗത്യം ഇന്ന് തുടരുന്നത് സഭയിലാണ്. യേശുവിനെ ഇന്ന് ലോകത്തിൽ സന്നിഹിതനാക്കുക എന്നതാണ് സഭയുടെ ദൗത്യം. ഈ അർഥത്തിൽ സഭ അടിസ്ഥാനകൂദാശയാണ്. സഭയുടെ കൗദാശിക മാനത്തെക്കുറിച്ച് രണ്ടാംവത്തിക്കാൻ കൗൺസിൽ വളരെ വ്യക്തമായി പഠിപ്പിക്കുന്നുണ്ട് (തിരുസ്സഭ 1, 9,48).

ക്രിസ്തു ലോകത്തിന്റെ പ്രകാശമാണ്. നീതി സൂര്യനായ ക്രിസ്തുവിന്റെ പ്രകാശത്തെ പ്രതിഫലിപ്പിക്കുന്ന ചന്ദ്രനാണ് സഭ എന്നു പറയാം. ക്രിസ്തുവാകുന്ന പ്രകാശത്തെ പ്രതിഫലിപ്പിക്കുന്ന അളവിലേ സഭയ്ക്ക് ലോകത്തിന് പ്രകാശം നല്കാൻ കഴിയുകയുള്ളൂ. ക്രിസ്തുവാണ് യാഥാർഥ്യം. സഭ ആ യാഥാർഥ്യത്തിന്റെ അടയാളമാണ്. സഭ ക്രിസ്തുവിന്റെ കൂദാശയാണ്. സഭ ക്രിസ്തുവിനെ പ്രതിഫലിപ്പിക്കുമ്പോൾ മാത്രമാണ് സഭ സഭയായിത്തീരുന്നത്. ചുരുക്കിപ്പറഞ്ഞാൽ സഭ പൂർണമായും ക്രിസ്തു കേന്ദ്രീകൃതമാണ്.

**2. ദൈവവചനത്തിലുള്ള ഉത്ഥിതന്റെ സാന്നിദ്ധ്യം**

ഉത്ഥിതനായ ക്രിസ്തു വചനത്തിൽ സന്നിഹിതനാണ്. വചനപ്രഘോഷണത്തിൽ ക്രിസ്തുതന്നെയാണ് നമ്മോടു സംസാരിക്കുന്നത്. ഉത്ഥിതനായ ക്രിസ്തുവിനെയാണ് അപ്പസ്തോലന്മാർ പ്രസംഗിച്ചത്. പ്രഘോഷണത്തിന്റെ ഉള്ളടക്കവും കേന്ദ്രവും ഉത്ഥിതനായ ക്രിസ്തുവായിരുന്നു. ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ പ്രഘോഷണം വ്യർഥമാകുമായിരുന്നു.

ദൈവവചനം ജീവനുള്ളതും പ്രവർത്തന നിരതവുമാണെന്ന് വിശുദ്ധഗ്രന്ഥം വ്യക്തമാക്കുന്നു. "ദൈവത്തിന്റെ വചനം സജീവവും ഊർജസ്വലവുമാണ്;



ഇരുതലവാളിനേക്കാൾ മൂർച്ചയേറിയതും, ചേതനയിലും ആത്മാവിലും സന്ധിബന്ധങ്ങളിലും മജ്ജയിലും തുളച്ചു കയറി ഹൃദയത്തിന്റെ വിചാരങ്ങളെയും നിയോഗങ്ങളെയും വിവേചിക്കുന്നതുമാണ്'' (ഹെബ്രാ 4:12-13). ദൈവവചനത്തിന് ആന്തരികമായ ശക്തിയും ജീവനുമുണ്ട്. അനുകൂലമായ സാഹചര്യങ്ങളിൽ വചനത്തിന് വളർച്ചയുണ്ടാകും (മർക്കോ 4:3-9).

മനുഷ്യചരിത്രത്തിലെ വിവിധ കാലഘട്ടങ്ങളിൽ വിവിധ രീതികളിൽ ഉണ്ടായ ദൈവത്തിന്റെ രക്ഷാകര പ്രവൃത്തികളാണ് വിശുദ്ധഗ്രന്ഥത്തിൽ അടങ്ങിയിരിക്കുന്നത്. ദൈവത്തിന്റെ വചനം എല്ലാ കാലഘട്ടങ്ങളിലുമുള്ള എല്ലാ മനുഷ്യരോടും പ്രഘോഷിക്കപ്പെടണം. ഇതാണ് ആരാധനക്രമത്തിലൂടെയും സുവിശേഷവൽക്കരണത്തിലൂടെയും മതബോധനത്തിലൂടെയും നിർവ്വഹിക്കപ്പെടുന്നത്. "വചനത്തിൽ ക്രിസ്തു സന്നിഹിതനാണ്. ദേവാലയങ്ങളിൽ വിശുദ്ധ ഗ്രന്ഥം വായിക്കുമ്പോൾ ക്രിസ്തുതന്നെയാണ് സംസാരിക്കുന്നത്'' (ആരാധനക്രമം 7). വചനപ്രഘോഷണത്തിൽ ക്രിസ്തു തന്നെത്തന്നെ സന്നിഹിതനാക്കുന്നു.

**3. കൂദാശകളിലുള്ള ക്രിസ്തുവിന്റെ സാന്നിദ്ധ്യം**

യേശുവിൽ പൂർത്തിയാക്കപ്പെട്ട രക്ഷാപദ്ധതി ഇന്ന് സഭയിൽ അടയാളങ്ങളിലൂടെ അനുഭവവേദ്യമാംവിധം അവതരിപ്പിക്കുന്നതാണ് കൂദാശകൾ. യേശു നമുക്കായി നേടിത്തന്ന രക്ഷയാണ് കൂദാശകൾ നമുക്ക് ഇന്ന് പ്രദാനം ചെയ്യുന്നത്. "മനുഷ്യരെ വിശുദ്ധീകരിക്കുക, മിശിഹായുടെ മൗതികശരീരത്തെ വളർത്തുക, സർവോപരി ദൈവത്തിന് ആരാധനയർപ്പിക്കുക എന്നിവയാണ് കൂദാശകളുടെ ലക്ഷ്യങ്ങൾ (ആരാധനക്രമം 59).

അദൃശ്യനും അപരിമേയനുമായ ദൈവത്തെ അനുഭവിക്കാൻ നമുക്ക് സാധിക്കുന്നത് ദൃശ്യമായ അടയാളങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയുമാണ്. കൂദാശകൾ അദൃശ്യനായ ദൈവത്തെ സന്നിഹിതമാക്കുകയും ദൈവികകൃപാവരം നമുക്കു നല്കുകയും ചെയ്യുന്നു. സഭയുടെ ഏഴു കൂദാശകൾ ക്രൈസ്തവ ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളെയും സ്പർശിക്കുന്നവയാണ്. അവ ക്രൈസ്തവന്റെ വിശ്വാസജീവിതത്തിനു ജനനവും വളർച്ചയും രോഗവിമുക്തിയും ദൗത്യവും നല്കുന്നു (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 1210-1211).

ക്രിസ്തുവിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവത്തിന്റെ സ്നേഹം ജീവിതത്തിലെ ചില പ്രത്യേക അവസരങ്ങളിൽ കൂദാശകളിലൂടെ സഭ സന്നിഹിതമാക്കുന്നു. ദൈവത്തിന്റെ സ്നേഹം അനുഭവിക്കാൻ ദൈവം നൽകിയിരിക്കുന്ന പ്രത്യേകദാനങ്ങളാണ് കൂദാശകൾ. ദൈവസ്നേഹം അനുഭവിക്കാനും ദൈവകൃപ സ്വീകരിക്കാനും മനുഷ്യർക്ക് ദൃശ്യവും സ്പർശ്യവുമായ അടയാളങ്ങൾ വേണം. ഏഴു കൂദാശകളും അതിനുള്ള അവസരമാണ് നമുക്കു നൽകുന്നത്. മനുഷ്യന്റെ വിശ്വാസപൂർവമായ പ്രത്യുത്തരം ആവശ്യപ്പെടുന്ന ദൈവികപ്രവർത്തനങ്ങളാണ് കൂദാശകളിലൂടെ സംഭവിക്കുന്നത്.

ബെനഡിക്ട് പതിനാറാമൻ മാർപ്പാപ്പ പഠിപ്പിക്കുന്നതുപോലെ, ''വിശ്വാസവും കൂദാശകളും സഭാത്മക ജീവിതത്തിന്റെ പരസ്പരപൂരകങ്ങളായ രണ്ടുവശങ്ങളാണ്. ദൈവവചന പ്രഘോഷണംവഴി ഉണർത്തപ്പെടുന്ന വിശ്വാസം ഉത്ഥിതനായ കർത്താവുമായുള്ള പ്രസാദവരപൂർണമായ കണ്ടുമുട്ടലിലൂടെ പരിപോഷിപ്പിക്കപ്പെടുകയും വളരുകയും ചെയ്യുന്നു. കൂദാശകളിലാണ് ആ കണ്ടുമുട്ടൽ നടക്കുന്നത്. വിശ്വാസം അനുഷ്ഠാനത്തിൽ പ്രകാശിപ്പിക്കപ്പെടുന്നു. അതേസമയം അനുഷ്ഠാനം വിശ്വാസത്തെ പരിപോഷിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു'' (സ്നേഹത്തിന്റെ കൂദാശ 6).



ഉത്ഥിതനായ യേശുവിന്റെ സ്നേഹസാന്നിദ്ധ്യം കൂദാശകളിലൂടെ സഭയിൽ തുടരുന്നു. കൂദാശകൾ പരികർമം ചെയ്യപ്പെടുമ്പോഴെല്ലാം ഉത്ഥിതനായ ക്രിസ്തു സന്നിഹിതനാണ്. വിശുദ്ധ അഗസ്തിനോസ് യോഹന്നാന്റെ സുവിശേഷത്തിനെഴുതിയ വ്യാഖ്യാനത്തിൽ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. ''പത്രോസ് മാമ്മോദീസ നല്കുമ്പോൾ ക്രിസ്തുവാണ് മാമ്മോദീസ നൽക്കുന്നത്. പൗലോസ് മാമ്മോദീസ നൽകുമ്പോൾ ക്രിസ്തുവാണ് മാമ്മോദീസാ നൽകുന്നത്.

വിശുദ്ധ കുർബാനയിലുള്ള ഉത്ഥിതനായ ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തെ 'യഥാർഥസാന്നിദ്ധ്യം' എന്നാണ് വിളിക്കുന്നത്. ഇത് ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തിന്റെ മറ്റുള്ള രീതികൾ യഥാർഥമല്ല എന്നർഥത്തിലല്ല. പ്രത്യുത, വിശുദ്ധ കുർബാനയിലുള്ള ക്രിസ്തുവിന്റെ സാന്നിദ്ധ്യം സമുന്നതമായ രീതിയിലായതുകൊണ്ടാണ്. ദൈവവും മനുഷ്യനുമായ ക്രിസ്തു തന്നെതന്നെ സമഗ്രമായും പൂർണമായും സന്നിഹിതനാക്കുന്ന സത്താപരമായ സാന്നിദ്ധ്യമാണ് വിശുദ്ധ കുർബാനയിലേത്. വിശുദ്ധ കുർബാനയിലുള്ള സാന്നിദ്ധ്യം മറ്റെല്ലാ സാന്നിദ്ധ്യങ്ങളേക്കാളും ഉയർന്നുനില്ക്കുന്നതാണ്. അത് സത്തയിലുള്ള സാന്നിദ്ധ്യമാണ്; വിശുദ്ധ കുർബാനയിൽ സത്യദൈവവും സത്യമനുഷ്യനുമായ യേശുക്രിസ്തു പൂർണമായും സന്നിഹിതനാണ്.

**4. ഉത്ഥിതനായ ക്രിസ്തുവിന്റെ സാന്നിദ്ധ്യം അനുദിനജീവിതത്തിൽ**

കുരിശിൽ തറയ്ക്കപ്പെട്ട നസറായനായ ഈശോ തന്നെയാണ് ഉയിർപ്പിക്കപ്പെട്ടിരിക്കുന്നത് (മർക്കോ 16:6) എന്ന് സുവിശേഷങ്ങൾ വ്യക്തമായി സാക്ഷ്യപ്പെടുത്തുന്നു. ഈ സന്ദേശം ഇന്നും ക്രൂശിക്കപ്പെട്ടുകൊണ്ടിരിക്കുന്ന അനേകം മനുഷ്യർക്ക് സുവിശേഷമാണ്. സമൂഹത്തിലെ ക്രൂശിതരായ വ്യക്തികളുടെ വീക്ഷണകോണിലൂടെ നോക്കികാണുമ്പോഴാണ് ഈശോയുടെ ഉത്ഥാനത്തിന്റെ പൂർണമായ അർഥം നമുക്ക് വ്യക്തമാകുന്നത്.

ഈശോയുടെ ഉത്ഥാനം അനീതിയുടെ മേലുള്ള നീതിയുടെ വിജയമാണ്. അന്തിമമായ വിജയം ചൂഷകന്റേതല്ല; ചൂഷിതന്റേതാണെന്ന് യേശുവിന്റെ ഉത്ഥാനം തെളിയിക്കുന്നു. ഈശോയുടെ ഉത്ഥാനം അനീതിക്കും മരണത്തിനുമെതിരെ പ്രത്യാശയോടെ ജീവിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. അനീതിയും തിന്മയും മൂലമുണ്ടായ മരണത്തിനുമേൽ ഈശോ നേടിയ വിജയമാണ് ഉത്ഥാനം.

മരണത്തിന്റെ ശക്തിയേക്കാൾ വലുതാണ് ഉയിർപ്പിക്കുന്നതിനുള്ള ദൈവത്തിന്റെ ശക്തിയെന്ന് ഈശോയുടെ ഉത്ഥാനം തെളിയിക്കുന്നു. ഈശോയുടെ ഉത്ഥാനം ദൈവത്തിന്റെ സർവശക്തിയുടെ പ്രകടനം മാത്രമല്ല, അനീതിയും അക്രമവും പ്രവർത്തിക്കുന്ന മനുഷ്യരോടുള്ള ദൈവത്തിന്റെ പ്രതികരണംകൂടിയാണ്. അനീതിയുടെമേലുള്ള നീതിയുടെ വിജയമാണ് ഈശോയുടെ ഉത്ഥാനം. ഈശോയുടെ ഉത്ഥാനം നമ്മുടെ മുമ്പിൽ ഉയർത്തുന്ന ചോദ്യം നാം നീതിയുടെ കൂടെയാണോ അതോ അനീതിയുടെ കൂടെയാണോ എന്നതാണ്.

ഇന്നും ക്രൂശിക്കപ്പെട്ടുകൊണ്ടിരിക്കുന്നവർക്ക് ഈശോയുടെ ഉത്ഥാനം പ്രത്യാശയുടെ സന്ദേശമാണ് നൽകുന്നത്. ക്രൂശിതനെപ്പോലെ മുഖം വികൃതമാക്കപ്പെടുന്നവർ ഇന്ന് നമ്മുടെ സമൂഹത്തിലുണ്ട്. ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ ക്രൂശീകരണത്തിന്റെ അനുഭവങ്ങൾ ഉള്ളവർ ധാരാളമുണ്ട്. നീതിക്കുവേണ്ടി ക്രൂശിക്കപ്പെടുന്നവരും പീഡനമേൽക്കുന്നവരുമായ അനേകായിരങ്ങൾ ഇന്നും ഉണ്ട്. സ്ഥാപനവൽക്കരിക്കപ്പെട്ട അനീതിയുടെ വ്യവസ്ഥിതികളിൽ സാവകാശം ക്രൂശിക്കപ്പെടുന്നവർ ഇന്നത്തെ ലോകത്തിലുണ്ട്. ക്രൂശിക്കപ്പെട്ടവനെ ഉയിർപ്പിച്ച ദൈവം തങ്ങളെയും ഉയിർപ്പിക്കുമെന്ന് അവർക്ക് പ്രത്യാശിക്കാം.

വിശുദ്ധ പൗലോസ് ശ്ലീഹായൊടൊപ്പം നമുക്കും പറയാൻ സാധിക്കട്ടെ. "ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിതനായിരിക്കുന്നു. ഇനിമേൽ ഞാനല്ല ജീവിക്കുന്നത്, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്. എൻെറ ഇപ്പോഴത്തെ ഐഹികജീവിതം, എന്നെ സ്നേഹിക്കുകയും എനിക്കുവേണ്ടി തന്നെത്തന്നെ ബലിയർപ്പിക്കുകയും ചെയ്ത ദൈവപുത്രനിൽ വിശ്വസിച്ചുകൊണ്ടുള്ള ജീവിതമാണ്" (ഗലാ 2:20).

---

End Notes

[1] H. Kessler, *La risurrezione di Gesù Cristo: uno studio biblico, teologico-fondamentale e sistematico*, Brescia, 1999, 352-355.

[2] K. B. Osborne, *Sacramental Theology: A General Introduction*, New York, 1988, 88-89.

[3] E. J. Fernandez, *Sir, We Want to See Jesus: Different Modes of Christ's Real Presence*, Bombay, 1990, 39-43.

[4] T. Whalen, *The Authentic Doctrine of the Eucharist*, Kansas City, 1993, 61.

[5] St. Augustine, *In Ioannem*, 6:7 as quoted in G. O'Collins, *Christology: A Biblical, Historical, and Systematic Study of Jesus Christ*, Oxford, 1995, 316.

[6] Pope Paul VI, *Encyclical Letter Mysterium Fidei*, Vatican City, 1965, no. 39.

[7] J. Sobrino, *Jesus in Latin America*, New York: Orbis Books, 1987, 148-152.

# വിശുദ്ധ കുർബാനയുടെ ഉത്ഥാനമാനങ്ങൾ



റവ. ഡോ. ജോഷി മയ്യാറ്റിൽ

**2012** ജൂൺ 10 മുതൽ 17 വരെ അയർലണ്ടിലെ ഡ്യൂബ്ലിനിൽ സമ്മേളിച്ച ദിവ്യകാരുണ്യ കോൺഗ്രസ്സ് പരിശുദ്ധ കുർബാന സംബന്ധിയായ പുത്തനുണർവ് സഭയ്ക്കു സമ്മാനിച്ച മഹാസംഭവമാണ്. പരിശുദ്ധ പിതാവിന്റെ പ്രതിനിധിയായി ഡ്യൂബ്ലിനിലെത്തിയ കാർഡിനൽ മാർക് വെല്ലെറ്റ് നടത്തിയ ഔദ്യോഗിക പ്രഭാഷണം പരിശുദ്ധ കുർബാനയെക്കുറിച്ചുള്ള വിചിന്തനങ്ങളിലും അതിന്റെയർപ്പണത്തിലും അവശ്യം ഉണ്ടായിരിക്കേണ്ട ഉത്ഥിത ഊന്നലുകൾ വ്യക്തമാക്കുകയുണ്ടായി.

**ഉത്ഥിതന്റെ സ്വന്തം...**

ഉത്ഥിതനും പരിശുദ്ധ കുർബാനയും തമ്മിലുള്ള പാരസ്പര്യം നാം തിരിച്ചറിയുന്നത് എമ്മാവൂസിലേക്കുപോയ ശിഷ്യന്മാരുടെ അനുഭവത്തിൽ നിന്നാണ്. അപ്പമെടുത്ത്, ആശീർവദിച്ച്, മുറിച്ച്, അവർക്കു കൊടുത്തതിലൂടെ ആ ശിഷ്യരെ ഉത്ഥിതനായ ക്രിസ്തു തന്നെ തിരിച്ചറിയാനായി ക്ഷണിക്കുകയായിരുന്നു. ആ തിരിച്ചറിവ് ഉണ്ടായ നിമിഷത്തിൽതന്നെ കൂടെ നടന്നവനെ പിന്നീട് അവർ കാണുന്നില്ല. കാരണം ഇനി അവർ ഉത്ഥിതനെ കാണേണ്ടത് ശാരീരികമായല്ല, കൗദാശികമായാണ്. അപ്പം മുറിക്കലിലാണ് ഉത്ഥിതദർശനത്തിന്റെ ഉച്ചസ്ഥായി. ഓരോ പ്രാവശ്യവും ദിവ്യബലിയർപ്പിക്കുമ്പോൾ നാം ഉത്ഥിതനായ യേശുവിനെ കണ്ടുമുട്ടുകയാണ് ചെയ്യുന്നത്. ഇതുകൊണ്ടാണ് വിശുദ്ധ അംബ്രോസ് പ്രസ്താവിച്ചത്, ഉത്ഥാന സംഭവത്തെ മനുഷ്യജീവിതത്തിലേക്ക് സന്നിവേശിപ്പിക്കുന്നതാണ് പരിശുദ്ധ കുർബാന എന്ന്.

'ദിയെസ് ദോമിനി' എന്ന അപ്പസ്തോലിക ലേഖനത്തിൽ ജോൺപോൾ രണ്ടാമൻ പാപ്പ 31-ാം നമ്പർ മുഴുവൻ ഉത്ഥിതനായ കർത്താവിന്റെ സാന്നിധ്യത്തെക്കുറിച്ചു പ്രതിപാദിക്കാനാണ് മാറ്റിവച്ചിരിക്കുന്നത്. അദ്ദേഹം എഴുതുന്നു: "അപ്പസ്തോലന്മാർ ഒന്നിച്ചു കൂടിയിരുന്നപ്പോൾ ഉത്ഥിതനായ കർത്താവ് അവർക്കു പ്രത്യക്ഷപ്പെട്ട അനുഭവം സവിശേഷമായ തീവ്രതയോടെ പുനരനുഭവിക്കാൻ ഞായറാഴ്ച ദിവ്യബലിയിൽ ക്രൈസ്തവർക്കു സാധിക്കുന്നു" (No. 33). 2003ലെ 'എക്ലേസിയ ദെ എവുക്കരിസ്റ്റിയ' എന്ന ചാക്രികലേഖനത്തിലൂടെ ജോൺ പോൾ രണ്ടാമൻ പാപ്പ ഉത്ഥിതനും കുർബാനയും തമ്മിലുള്ള ബന്ധം വ്യക്തമായി പ്രകാശിപ്പിക്കുന്നുണ്ട്: "ജീവിക്കുന്നവനും ഉത്ഥിതനും എന്ന നിലയിലാണ് ക്രിസ്തുവിന് പരിശുദ്ധ കുർബാനയിൽ 'ജീവന്റെ അപ്പവും' (യോഹ 6,35.48) 'ജീവനുള്ള അപ്പവും' (യോഹ 6,51) ആയിത്തീരാൻ കഴിയുന്നത്" (Ecclesia de Eucharistia, No.14). 'സാക്രമെന്തും കാരിത്താത്തിസ്' എന്ന സിനഡനന്തര അപ്പസ്തോലിക ആഹ്വാനത്തിൽ 37-ാം ഖണ്ഡിക മുഴുവൻ പരിശുദ്ധ കുർബാനയും ഉത്ഥിതനായ ക്രിസ്തുവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചാണ് പരാമർശിക്കുന്നത്.

**ആരാധനക്രമത്തിലെ ഉത്ഥാനപ്രതീകങ്ങൾ**

പേരുതന്നെ സൂചിപ്പിക്കുന്നതുപോലെ വിശുദ്ധബലി ഒരു ബലിയായി മാത്രം കരുതപ്പെടുന്ന പ്രവണത കേരള ക്രൈസ്തവർക്കിടയിൽ പ്രബലമാണ്. യേശുവിന്റെ പീഡാസഹനമരണങ്ങളുടെ തീവ്രാനുഭവമായി ദിവ്യബലിയെ കാണാനും അനുഭവിക്കാനും മലയാളിക്ക് ഒരു ബുദ്ധിമുട്ടുമില്ല. എന്നാൽ പെസഹാരഹസ്യത്തിന്റെ ഭാഗം തന്നെയായ ഉത്ഥാനം ദിവ്യബലിയിൽ ദർശിക്കാൻ പലപ്പോഴും നമുക്കു കഴിയാറില്ല. പരിശുദ്ധകുർബാനയുടെ ഉത്ഥാനമാനം വെളിവാക്കുന്ന വസ്തുക്കളും പ്രാർഥനകളും കുർബാനയിൽത്തന്നെയുണ്ട് എന്നതാണു സത്യം. അവയെ തിരിച്ചറിഞ്ഞാൽത്തന്നെയും സമഗ്രമായ കുർബാനയർപ്പണം സാധ്യമാകും.

**1. അൾത്താര**

പൗരസ്ത്യറീത്തുകളുടെ കാഴ്ചപ്പാടിൽ യേശുവിന്റെ കല്ലറയാണ് വിശുദ്ധ അൾത്താര. ഉത്ഥാനവിവരണത്തിനായി സുവിശേഷകന്മാർ പ്രയോഗിച്ചിരിക്കുന്ന ഒഴിഞ്ഞ കല്ലറയെന്ന ബിംബസങ്കല്പത്തിനുമേൽ പരിശുദ്ധ കുർബാന അർപ്പിക്കുന്നതും ദിവ്യബലി സമാപിക്കുമ്പോൾ കർത്താവിന്റെ കബറിടമായ അൾത്താരയെ നോക്കി "നിന്നിൽനിന്നു ഞാൻ സ്വീകരിച്ച ഈ കുർബാന" എന്നു നാം പറയുന്നതും ദിവ്യബലിയുടെ ഉത്ഥിതകേന്ദ്രീകൃതത്വത്തെയാണ് വ്യക്തമാക്കുന്നത്.

**2. പ്രാർഥനകൾ**

മൂന്നു റീത്തുകളിലെയും പരിശുദ്ധ കുർബാനയുടെ പ്രാർഥനകൾ യേശുവിന്റെ ഉത്ഥാനത്തിനുവേണ്ടത്ര പ്രാധാന്യം കല്പിക്കുന്നുണ്ട്.



**2.1 സീറോ-മലബാർ**

സർവാധിപനാം കർത്താവേ
നിൻ സ്തുതി ഞങ്ങൾ പാടുന്നു
ഈശോനാഥാ വിനയമോടെ
നിന്നെ നമിച്ചു പുകഴ്ത്തുന്നു
മർത്യനു നിത്യ മഹോന്നതമാം
ഉത്ഥാനം നീ അരുളുന്നു
അക്ഷയമവരുടെ ആത്മാവിൽ
ഉത്തമ രക്ഷയുമേകുന്നു

കുർബാനയുടെ ആരംഭത്തിൽതന്നെ ആലപിക്കപ്പെടുന്ന ഈ ഉത്ഥാനഗീതം ഉത്ഥിതന്റെ മഹത്ത്വത്തെയും ഉത്ഥിതനിലൂടെ മനുഷ്യൻ കൈവരിക്കുന്ന ഉത്ഥാനത്തെയും കീർത്തിക്കുന്ന ഒന്നാണ്.

വചനശ്രവണത്തിൽ നാം കണ്ടുമുട്ടുന്ന ഉത്ഥിതനായ ക്രിസ്തുവിനെയാണ് വചനശുശ്രൂഷയ്ക്കിടയിലെ 'ഹല്ലേലൂയാഗീത'ത്തിലൂടെ നാം സ്തുതിക്കുന്നത്. ഉത്ഥിതനായ ക്രിസ്തുവിനെ കണ്ടുമുട്ടാനുള്ള രണ്ടു മുഖ്യ വേദികളിൽ ഒന്ന് വചനശ്രവണ നിമിഷങ്ങളാണെന്ന ബെനഡിക്ട് പതിനാറാമൻ പാപ്പയുടെ വാക്കുകൾ ഇവിടെ പ്രത്യേകം സ്മരണീയമാണ് (പൊതുദർശനപ്രസംഗം, ഏപ്രിൽ 11, 2012).

സീറോ-മലബാർ കുർബാനയിൽ ഉടനീളം മുഴങ്ങുന്ന സമാധാനാശംസ ഉത്ഥിതനായ ക്രിസ്തു ആവർത്തിച്ച "നിങ്ങൾക്കു സമാധാനം!" എന്ന വചസ്സിനെയാണ് അനുസ്മരിപ്പിക്കുന്നത്. സമാധാനാശംസ സെമിറ്റിക് സംസ്കാരത്തിൽ തികച്ചും പൊതുവായ ഒന്നായിരുന്നെങ്കിലും ഉത്ഥിതൻ അതു പറഞ്ഞതോടെ അതിനു പുതിയൊരു അർഥം കൈവരികയായിരുന്നു. അവിടന്ന് നല്കുന്ന സമാധാനം രക്ഷയുടെ സമാധാനമാണ്. "അത് ഒരു ആശംസയല്ല, സമ്മാനമാണ്" എന്നാണ് ബെനഡിക്ട് XVI-ാമൻ പാപ്പ പഠിപ്പിക്കുന്നത് (പൊതുദർശനപ്രസംഗം, ഏപ്രിൽ 11, 2012).

കാഴ്ചസമർപ്പണ നേരത്ത് കാർമികൻ ചൊല്ലുന്ന പ്രാർഥനയിൽ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും സംസ്കാരത്തിന്റെയും ഉത്ഥാനത്തിന്റെയും ഓർമയാചരണമാണ് ദിവ്യബലി എന്നു വ്യക്തമാക്കുന്നുണ്ട്. അനുസ്മരണാഗീതത്തിലും ക്രിസ്തുവിന്റെ ഉത്ഥാനത്തിൽ ശരണം തേടി തങ്ങളും ഉത്ഥിതരാകും എന്ന പ്രതീക്ഷയിൽ കഴിയുന്ന മൃതരെക്കുറിച്ചുള്ള പരാമർശങ്ങളുണ്ട്. നാലാം പ്രമാണജപം പരിശുദ്ധ കുർബാനയെ വിശേഷിപ്പിക്കുന്നത് "ഈശോമിശിഹായുടെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും സംസ്കാരത്തിന്റെയും ഉത്ഥാനത്തിന്റെയും മഹനീയവും ഭയഭക്തിജനകവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ രഹസ്യം" എന്നാണ്. "മരണത്തെ കീഴടക്കിയ ആരാധ്യനായ രാജാവേ" എന്ന് കുർബാന സ്വീകരണത്തിനുശേഷം ക്രിസ്തുവിനെ അഭിസംബോധന ചെയ്യുന്നത് എത്രയോ അർഥവത്താണ്!

**2.2 സീറോ-മലങ്കര**

കാഴ്ചവയ്പിന്റെ സമയത്തുള്ള പൊതുവായ അനുസ്മരണയിൽ ഈശോമിശിഹായുടെ മഹനീയമായ പുനരുത്ഥാനത്തെ പരാമർശിക്കുന്നുണ്ട്.

സമർപ്പണപ്രാർഥനയിൽ ശോശപ്പ ചലിപ്പിച്ചുകൊണ്ട് "ഞങ്ങളുടെ രക്ഷകന്റെ കബറിങ്കൽ വയ്ക്കപ്പെട്ട തീക്കൽപ്പാറയും നീ തന്നെ ആകുന്നു" എന്നു കാർമികൻ രഹസ്യത്തിൽ പറയുന്നിടത്ത് എത്ര പ്രകടമായും പ്രതീകാത്മകമായും അർഥവത്തായുമാണ് യേശുക്രിസ്തുവിന്റെ ഉത്ഥാനരഹസ്യം ആഘോഷിക്കുന്നത്!

മാർ യാക്കോബിന്റെയും മാർ ഇവാനിയോസിന്റെയും മാർ പത്രോസിന്റെയും മാർ ക്സുസ്തോസിന്റെയും അന്നാഫുറകളിലെ കല്പനാനുസ്മരണത്തിലും എല്ലാ അന്നാഫുറകളിലെയും അപ്പംമുറിക്കുന്ന ശുശ്രൂഷയിലും ക്രിസ്തുവിന്റെ ഉത്ഥാനം അനുസ്മരിക്കപ്പെടുകയും ആഘോഷിക്കപ്പെടുകയും ചെയ്യുന്നുണ്ട്.

**2.2 ലത്തീൻ**

യേശുവിനെ 'കർത്താവ്' എന്നു തുടരെത്തുടരെ അഭിസംബോധന ചെയ്യുന്നവയാണ് ലത്തീൻ കുർബാനയിലെ പ്രാർഥനകൾ. ഇതൊരു ഉത്ഥാനോത്തര ശീർഷകമാണെന്നതിൽ തർക്കമില്ലല്ലോ.

സുവിശേഷവായനയ്ക്കു മുമ്പുള്ള ഹല്ലേലൂയാ ഗീതം വചനത്തിലെ ഉത്ഥിതസാന്നിധ്യത്തെ അനുസ്മരിപ്പിക്കുന്നതാണ്.

വിശ്വാസത്തിന്റെ മഹാരഹസ്യം നമുക്കു പ്രഖ്യാപിക്കാം എന്ന കാർമികന്റെ ഉദ്ഘോഷത്തിനു മറുപടിയായി ആരാധനാസമൂഹം ഏറ്റുപറയുന്നു: "കർത്താവേ, അങ്ങയുടെ മരണം ഞങ്ങൾ പ്രഖ്യാപിക്കുന്നു; അങ്ങയുടെ ഉയിർപ്പിൽ ഞങ്ങൾ വിശ്വസിക്കുന്നു; അങ്ങയുടെ വരവു ഞങ്ങൾ കാത്തിരിക്കുന്നു".

ലത്തീൻ കുർബാനക്രമത്തിലെ 4 സ്തോത്രയാഗ പ്രാർഥനകളും ക്രിസ്തുവിന്റെ ഉത്ഥാനത്തെ പരാമർശിക്കുന്നുണ്ട് എന്നതു പ്രത്യേകം ശ്രദ്ധേയമാണ്. പെസഹാരഹസ്യങ്ങളായ പീഡാസഹനം, മരണം, ഉത്ഥാനം എന്നിവയുടെ ക്രമമായ ഒരാഘോഷം ലത്തീൻ കുർബാനയിൽ ദർശിക്കാവുന്നതാണ്. സ്തോത്രയാഗപ്രാർത്ഥന യേശുവിന്റെ സഹനത്തിന്റെ ഓർമയും അപ്പം മുറിക്കുന്ന പ്രവൃത്തി അവിടത്തെ മരണത്തിന്റെ ഓർമയും തിരുവോസ്തിയുടെ ഒരു ഭാഗം തിരുരക്തമുൾക്കൊള്ളുന്ന കാസയിൽ നിക്ഷേപിക്കുന്നത് ഉത്ഥാനത്തിന്റെ സ്മരണയുമാണ്. ഈ ഒടുവിലെ പ്രവൃത്തി ഏറെ പ്രതീകാത്മകമാണ്. മൂന്നു റീത്തുകളിലും ശരീരത്തിൽനിന്ന് ആത്മാവ് വേർപെടുന്ന മരണനിമിഷത്തിനുശേഷം യേശുവിന്റെ കാര്യത്തിൽ മൂന്നാം ദിവസം ആത്മാവ് വീണ്ടും ശരീരത്തോടു ചേർന്നു എന്നു ധ്വനിപ്പിക്കുന്ന ഇത്തരം പ്രതീകാത്മക കർമങ്ങളുണ്ടെന്നത് ശ്രദ്ധേയമാണ്.


**ഉപസംഹാരം**

എന്തുകൊണ്ടാണ് പെസഹാരഹസ്യത്തിന്റെ ഭാഗം തന്നെയായ ഉത്ഥാനം ദിവ്യബലിയിൽ ദർശിക്കാൻ നമുക്കു കഴിയാതെപോകുന്നത്? കുർബാന ബലിമാത്രമല്ല, വിരുന്നു കൂടിയാണെന്ന വസ്തുത വേണ്ടത്ര ഉയർത്തിക്കാണിക്കാത്തതിനാലും 'വിരുന്ന്' എന്ന സങ്കേതത്തിന്റെ വിശാലസാധ്യതകൾ പ്രയോജനപ്പെടുത്താതിനാലും എന്നാണ് എന്റെ ഉത്തരം. ആഘോഷത്തിന്റെയും കൂട്ടായ്മയുടെയും പ്രതീകമാണ് വിരുന്ന്. ഉത്ഥാനത്തിന്റെ പ്രകടമായ പ്രഘോഷണവും അനുഭവവുമാണത്. ഉത്ഥിതന്റെ മഹാവിരുന്നിൽ നാം പങ്കുചേരുകയാണ് അവിടെ. നമ്മുടെ മതബോധനത്തിലും ആരാധനക്രമ പരിശീലനത്തിലും ഇക്കാര്യത്തിൽ വേണ്ടത്ര ഊന്നൽ ലഭിച്ചിട്ടില്ല എന്നതു ഖേദകരമാണ്.

എമ്മാവൂസിലെ ശിഷ്യന്മാർ അപ്പം മുറിക്കലിൽ ഉത്ഥിതനെ തിരിച്ചറിഞ്ഞതിനുശേഷം അവിടെ ചുറ്റിപ്പറ്റി നിന്നില്ല. അവർ ഉടൻതന്നെ ജറുസലേമിലേക്കു തിരിച്ചുചെന്ന് തങ്ങൾ കർത്താവിനെ കണ്ടെന്ന് പ്രഘോഷിച്ചു. ദിവ്യബലിയിൽ ഉത്ഥിതനെ കണ്ടുമുട്ടി തങ്ങളുടെ ജീവിതസാഹചര്യങ്ങളിലേക്കു തിരിച്ചുചെന്ന് ഉത്ഥിതനെ സഹോദരങ്ങൾക്കു പകർന്നു നല്കാനുള്ള ദൗത്യമാണ് ഓരോ ക്രൈസ്തവനും ഉള്ളത്.

ദിവ്യകാരുണ്യകോൺഗ്രസ്സിൽ സംബന്ധിച്ച മാർപാപ്പയുടെ പ്രതിനിധിയുടെ പ്രസംഗത്തിലെ ഒരു ശകലം കൂടി പരാമർശിച്ചുകൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കുന്നു: "ഓരോ ഞായറാഴ്ചയും നാം ദേവാലയത്തിലേക്കു പോകുന്നത് പരിശുദ്ധ കുർബാനയിൽ പങ്കെടുത്തുകൊണ്ട് ഉത്ഥിതനായ കർത്താവിനെ കണ്ടുമുട്ടാനാണ്".


2022 ഏപ്രിൽ
20 – ാം തിയതി
മാർ ആന്റണി കരിയിൽ
പിതാവിന്റെ
കൈവയ്പ്പു
ശുശ്രൂഷയിലൂടെ
പൗരോഹിത്യത്തിലേക്ക്
ഉയർത്തപ്പെടുന്ന
ഡീക്കൻ മാർട്ടിൻ
തേക്കാനത്തിന്
C.F.I.C. സഭയുടെ
പ്രാർഥനാശംസകൾ



# ദിവ്യ'കാരുണ്യം'



റവ. ഡോ. മാത്യു ഇല്ലത്തുപറമ്പിൽ

ഈശോയുടെ മനുഷ്യാവതാരസാന്നിദ്ധ്യത്തിനും, ക്രിസ്തുവിന്റെ പ്രതാപപൂർണമായ സ്വർഗീയ സാന്നിദ്ധ്യത്തിനും മദ്ധ്യേ നിലകൊള്ളുന്നതാണ് അവിടുത്തെ ദിവ്യകാരുണ്യസാന്നിദ്ധ്യം. സ്വർഗത്തിന്റെ യുക്തിക്കുമാത്രം വഴങ്ങുന്നതാണ് ദിവ്യകാരുണ്യം. അതിനാൽ വിശ്വസിച്ചശേഷം മനസ്സിലാക്കാൻ ശ്രമിക്കുന്നവർക്കും, അവന്റെ സന്നിധിയിൽ സ്നേഹപൂർവം കാലം പോക്കാൻ മനസ്സുള്ളവർക്കും മാത്രമേ ദിവ്യകാരുണ്യം ഗോതമ്പപ്പത്തിന്റെ പരിധിവിട്ട് എന്തെങ്കിലും വെളിപ്പെടുത്തൂ. കാന്റർബറിയിലെ വിശുദ്ധ ആൻസലം പതിനൊന്നാം നൂറ്റാണ്ടിൽ പ്രാർഥിച്ചു: "കർത്താവേ നിന്റെ ഔന്നത്യം പ്രാപിക്കാൻ ഞാനൊരു ശ്രമവും നടത്തുന്നില്ല. എന്റെ മനസ്സ് അതിന് പര്യാപ്തമാണെന്ന് ഞാനൊട്ടും കരുതുന്നുമില്ല. എന്നാൽ എന്റെ ഹൃദയം വിശ്വസിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന നിന്റെ സത്യങ്ങൾ കുറച്ചെങ്കിലും മനസ്സിലാക്കാൻ ഞാൻ ആഗ്രഹിക്കുന്നു" (*Proslogion* ch. 1. PL 158,227B). അതായത്, മനസ്സിലാക്കാൻവേണ്ടി വിശ്വസിക്കുക എന്ന വിശുദ്ധ ആഗസ്തീനോസിന്റെ ആത്മീയപാഠം (*De Doctrina Christiana* II.12.17) വശമില്ലാത്തവർക്ക് ദിവ്യകാരുണ്യത്തെക്കുറിച്ച് ഒന്നും ഗ്രഹിക്കാനാവുകയില്ല.

പുരാതന റോമാസാമ്രാജ്യത്തിൽ ഒരു നിയമ മുണ്ടായിരുന്നു: *otium est negotium.* "ഒഴിവുസമയം ഒരു കടമയാണ്" (leisure is a duty) എന്നർഥം. റോമാക്കാർ അദ്ധ്വാനശേഷം വിനോദത്തിനും സമയം കണ്ടെത്തണം എന്നായിരുന്നു ഇതിന്റെ പൊരുൾ. ഇതിനെ വിശുദ്ധ ആഗസ്തീനോസ് ക്രിസ്തീയമായി വ്യാഖ്യാനിച്ച തിങ്ങനെയാണ്: ദൈവികജ്ഞാനം തേടാൻ നാം സമയം കണ്ടെത്തി മാറ്റിവക്കണം (*de vere religione* 35.65). ഇതുപോലെ, ദിവ്യകാരുണ്യത്തെ ഏതെങ്കിലും തരത്തിൽ മനസ്സിലാക്കാൻ ആഗ്രഹിക്കുന്നവർ അതിനുവേണ്ടി സമയം മാറ്റിവക്കണം. കരുണയുടെ അക്ഷരങ്ങൾകൊണ്ട് എഴുതപ്പെട്ടിരിക്കുന്ന വിശുദ്ധ കുർബാനയെ ദിവ്യ 'കാരുണ്യ'മായി മനസ്സിലാക്കാൻ ഇച്ഛിക്കുന്നവർ അതിനുവേണ്ടി മനസ്സർപ്പിച്ച് സമയം മാറ്റിവക്കണം. ദിവ്യകാരുണ്യത്തെക്കുറിച്ച് വായിക്കാനൊരുങ്ങുമ്പോഴും ഇതാവശ്യമാണ്. അതായത്, നല്ല വിശ്വാസമില്ലാത്തവരുടെയും ധ്യാനത്തോടെ സാവകാശം വായിക്കാൻ പറ്റാത്തവരുടെയും മുമ്പാകെ പരിശുദ്ധ കുർബാനയുടെ ദിവ്യകാരുണ്യവാതിലുകൾ അടഞ്ഞുതന്നെ കിടക്കും.

ലെബനോന്റെ അമരകവിയായ ഖലീൽ ജിബ്രാൻ *'മുമ്പേ നടന്നൊരാൾ'* എന്ന കൃതിയിൽ ഒരു കഥാസന്ദർഭം കുറിക്കുന്നുണ്ട്: ഒരു കർഷകനു തന്റെ കൃഷിയിടത്തിൽ നിന്ന് മോഹനരൂപമാർന്ന ഒരു വെണ്ണക്കൽ പ്രതിമ ലഭിച്ചു. അയാൾ അതിനെ പുരാവസ്തുക്കൾ ശേഖരിക്കുന്ന ഒരാളെ കാണിച്ചു. അയാൾ തിരിച്ചും മറിച്ചും നോക്കിയശേഷം നല്ല തുക കൊടുത്ത് അതു വാങ്ങി. പ്രതീക്ഷിക്കാത്ത വൻതുക കിട്ടിയ കർഷകൻ വീട്ടിലേക്ക് നടക്കുമ്പോൾ മനസ്സിൽ കരുതി. അയാളെന്തൊരു പൊട്ടൻ. വർഷങ്ങളായി മണ്ണിൽ പുതഞ്ഞുകിടന്ന ഒരു പ്രതിമക്കാണ് അയാൾ ഈ വില തന്നത്. എന്നാൽ പ്രതിമ വാങ്ങിയ മനുഷ്യൻ ഉള്ളിൽ പറഞ്ഞു, ആ കൃഷിക്കാരന്റെയൊരു ബോധം. ചാരുഭദ്രമായ ഈ ശില്പത്തെയാണ് കുറച്ചു നോട്ടുകൾക്കുവേണ്ടി അയാൾ വിറ്റു കളഞ്ഞത്. ഈ കഥാപാത്രങ്ങളെപ്പോലെ സ്വന്തം യുക്തി തടവിലാക്കിയ ഒരാൾക്ക് ദിവ്യകാരുണ്യത്തിന്റെ യഥാർഥ ശക്തിയോ അതിന്റെ കാരുണ്യപ്രകൃതമോ മനസ്സിലാക്കാനാവില്ല. അതിനാൽ ദൈവവചനത്തിന്റെ യുക്തിയുദിച്ച മനസ്സോടെവേണം പരിശുദ്ധ കുർബാനയുടെ കാരുണ്യകിരണങ്ങൾ നാം തേടിയിറങ്ങാൻ.

### അപ്പത്തിന്റെ കാരുണ്യസമൃദ്ധി

പൊരിവയറിന് അപ്പത്തേക്കാൾ വലിയ കാരുണ്യം കിട്ടാനില്ല. അപ്പമെന്ന കാരുണ്യസമൃദ്ധിയുടെ പശ്ചാത്തലത്തിലാണ് ഈശോ ദിവ്യകാരുണ്യത്തെ പ്രതിഷ്ഠിക്കുന്നത്. അപ്പം വർധിപ്പിച്ചുകൊടുത്ത് ഒരു ജനാവലിയെ തൃപ്തിപ്പെടുത്തിയതിന്റെ തുടർച്ചയായാണ് ഈശോ ദിവ്യകാരുണ്യ അപ്പത്തെക്കുറിച്ച് സംസാരിക്കുന്നത് (യോഹ.6). ആ കൂട്ടത്തിൽ പിതാക്കന്മാർ മരുഭൂമിയിൽവച്ച് ഭക്ഷിച്ച മന്നയെക്കുറിച്ചും അവൻ പരാമർശിച്ചു (പുറ.16:4; യോഹ.6:31). മരുയാത്രയിൽ വിശന്നുതളർന്ന ഇസ്രായേലിനോട് ദൈവം കാരുണ്യം കാണിച്ചത് മന്നായുടെയും കാടപ്പക്ഷിയുടെയും രൂപത്തിലായിരുന്നു. ഈജിപ്തിൽ നിന്നുള്ള കടന്നുപോക്ക് ഇസ്രായേലിന് ഒരു വിടുതൽ

ദിനമാക്കി മാറ്റിയത് കർത്താവ് കല്പിച്ചപ്രകാരം അവർ നടത്തിയ പെസഹാ ആചരണമായിരുന്നു. കർത്താവിന്റെ കാരുണ്യം അവർ പെസഹാഅപ്പത്തിൽ പങ്കിട്ടു. ദൈവരാജ്യത്തിലേക്കുള്ള ക്ഷണത്തെ വിവാഹ വിരുന്നിനുള്ള ക്ഷണത്തോട് ഈശോ ഉപമിച്ചു (ലൂക്ക 14:16). ഇതിനെ ദിവ്യകാരുണ്യ വിരുന്നിലേക്കുള്ള ക്ഷണമായി വിശുദ്ധ ആഗസ്തീനോസ് വ്യാഖ്യാനിച്ചു (*Sermon* 112, PL 38, 643).

ഭൂമിയിലുള്ള തന്റെ കൗദാശികസാന്നിദ്ധ്യത്തെ വിശന്നുവലഞ്ഞവർക്ക് ദൈവം കൊടുക്കുന്ന ആഹാര സമൃദ്ധിയുമായി ഈശോ ബന്ധിപ്പിക്കുന്നത് വെറുതെയല്ല. കർത്താവിന്റെ കാരുണ്യം എണ്ണിച്ചുട്ട അപ്പംപോലെയല്ല, പെയ്തിറങ്ങുന്ന മന്നാപോലെയും വീണ്ടും വീണ്ടും പെരുകിനിറയുന്ന അപ്പക്കുട്ടകൾ പോലെയുമാണ്. ദൈവ കാരുണ്യത്തിന് കണക്കില്ല. എന്നാൽ എല്ലാവരും സംതൃപ്തരായിക്കഴിയുമ്പോൾ മിച്ചംവന്ന അവന്റെ കരുണയുടെ കണക്കെടുക്കാം എന്നുമാത്രം.

ദൈവകാരുണ്യത്തിന്റെ ആഹാരരൂപമാണ് വിശുദ്ധ കുർബ്ബാന. വിശക്കുന്നവർക്ക് ഭക്ഷ്യപാനീയങ്ങൾ എങ്ങനെയോ അതുപോലെയുള്ള കാരുണ്യഭോജ്യമാണ് വിശുദ്ധ കുർബ്ബാന. പക്ഷേ ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്. അതായത്, ദൈവത്തിനുവേണ്ടിയും ദൈവകാരുണ്യത്തിനുവേണ്ടിയും വിശക്കുന്നവർക്കേ അവിടുത്തെ കാരുണ്യമായി സ്വീകരിക്കാനാവൂ. അതുകൊണ്ടാണ് സങ്കീ.34:8 ആവശ്യപ്പെടുന്നത്: "കർത്താവ് എത്രയോ നല്ലവനാണെന്ന് നിങ്ങൾതന്നെ രുചിച്ചറിയുവിൻ. വിശക്കുന്നവരെ വിശിഷ്ടവിഭവങ്ങൾകൊണ്ട് സംതൃപ്തനാക്കുന്നവനാണ് അവിടുന്ന്'' (ലൂക്ക.1:53). വിശുദ്ധ പത്രോസ് ആദിമ സഭാവിശ്വാസികളെക്കുറിച്ച് പറഞ്ഞു, ''കർത്താവ് നല്ലവനാണെന്ന് നിങ്ങൾ രുചിച്ചറിഞ്ഞിരിക്കുന്നു'' (1പത്രോ.2:3). ദൈവത്തിനുവേണ്ടിയുള്ള വിശപ്പ് നമ്മെ ഓർമ്മപ്പെടുത്താനാണ് ദിവ്യകാരുണ്യസ്വീകരണത്തിനുമുമ്പ് ഉപവാസം നിഷ്കർഷിക്കപ്പെട്ടിരിക്കുന്നത്.

നീർച്ചാൽ തേടുന്ന മാൻപേടയെപ്പോലെ ദൈവത്തിനുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യാത്തവർക്ക് അവിടുത്തെ കാരുണ്യം അപ്രാപ്യമാണ്. ദിവ്യകാരുണ്യ അപ്പത്തിന് പ്രത്യേക രുചിയില്ല; ഉപ്പുരസം പോലുമില്ല. കാരണം, സ്വീകരിക്കുന്നയാളുടെ വിശ്വാസദാഹത്തിനനുസരിച്ച് ദിവ്യകാരുണ്യത്തിന് രുചിഭേദം വരുന്നു. ദൈവത്തിനുവേണ്ടി വിശക്കാത്തവർ ദിവ്യകാരുണ്യം സ്വീകരിച്ചാൽ ദൈവകരുണയുടെ മാധുര്യം പോയിട്ട്, ആ സാന്നിദ്ധ്യംപോലും അവർക്ക് അനുഭവിക്കാൻ യോഗമുണ്ടാവുകയില്ല. കടലിൽനിന്ന് ചിലർ ചെറുമീനുകളെ പിടിക്കുന്നു; വേറെ ചിലർ വമ്പൻ സ്രാവുകളെ വലയിലാക്കുന്നു; മറ്റു ചിലരാകട്ടെ കടൽത്തട്ടിൽനിന്ന് അമൂല്യരത്നങ്ങൾ കരസ്തമാക്കുന്നു. എന്നാൽ ഒട്ടേറെപ്പേർ കടൽത്തീരത്തിരുന്നു കാറ്റുകൊണ്ട് പിരിയുന്നു. ദിവ്യകാരുണ്യത്തെ സമീപിക്കുന്നവരിലും ഇത്തരക്കാരെല്ലാമുണ്ട്.

**കരുണയുടെ തുടർസാന്നിദ്ധ്യം**

മനുഷ്യനേത്രങ്ങൾക്ക് സംലഭ്യമാകാനായി അവൻ തന്റെ സ്വർഗ്ഗീയമഹിമകളല്ലാം അഴിച്ചുവച്ച് അപ്പത്തിന്റെ രൂപത്തിൽ കഴിയുന്നതുതന്നെ ദൈവകാരുണ്യമാണ്. അവൻ തന്റെ തേജസ്സ് അതേപടി വെളിവാക്കി നമ്മുടെ നയനങ്ങൾ അന്ധമാക്കുന്നില്ല. അവൻ തന്റെ സർവ നന്മയും തുറന്നുകാണിച്ച് നമ്മെ ചെറുതാക്കുന്നില്ല. അവൻ തന്റെ പരിശുദ്ധി പ്രകടമാക്കി നമ്മുടെ പാപാവസ്ഥ എടുത്തുകാണിക്കുന്നില്ല. അവൻ തന്റെ ദിവ്യശക്തി പുറത്തെടുത്ത് നമ്മുടെ ദൗർബല്യങ്ങൾ പരസ്യമാക്കുന്നില്ല. അവൻ തന്റെ നീതിസ്വരൂപം വെളിപ്പെടുത്തി ഞടുങ്ങിപ്പോകാൻ നമ്മെ അനുവദിക്കുന്നില്ല. പ്രത്യക്ഷത്തിൽ നിശബ്ദമായ സാന്നിദ്ധ്യംകൊണ്ട് അവൻ നമ്മെ വശീകരിക്കാൻ നോക്കുന്നതാണ് ദിവ്യകാരുണ്യ സാന്നിദ്ധ്യത്തിലെ കരുണ.

ലോകാവസാനത്തോളം ഞാൻ നിങ്ങളോടു കൂടെയുണ്ടായിരിക്കും എന്ന വാഗ്ദാനത്തിന്റെ (മത്താ.28:20) ഗോചരമായ പൂർത്തീകരണമാണ് ദിവ്യകാരുണ്യസാന്നിദ്ധ്യം. വിശുദ്ധ അമ്മത്രേസ്സ്യയോട് ഒരു നവസന്ന്യാസിനി പറഞ്ഞു, "എനിക്ക് ഈശോയുടെ കാലത്ത് ജീവിക്കാൻ സാധിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ''. അമ്മത്രേസ്യ പറഞ്ഞു, ''നാം ഈശോയുടെ കാലത്തുതന്നെയാണ് ജീവിക്കുന്നത്. വിശുദ്ധ കുർബാനയിൽ ഈശോ വസിക്കുന്നിടത്തോളംകാലം അവൻ പാലസ്തീനായിൽ എന്നപോലെ നമ്മോടൊപ്പമുണ്ട്''. ദിവ്യകാരുണ്യം സ്ഥാപിച്ചതോടെ ഈശോ എല്ലാ തലമുറയുടെയും സമകാലികനായി മാറി. കാലം അവനോടൊപ്പം പുറകോട്ടും ചരിക്കുന്നു. കാലാതീതനായ അവനോടൊപ്പം സഞ്ചരിച്ചാൽ ഒരുവന് പാലസ്തീനായിലെ അവന്റെ അത്ഭുതങ്ങൾ ദർശിക്കാം; അവനെ കേൾക്കാം; അവന്റെ മരണോത്ഥാനങ്ങൾക്ക് സാക്ഷിയാകാം. കൂടെയുള്ള ഈശോയെവിട്ട് അകലങ്ങളിൽ അവനെ തേടുമ്പോഴാണ് വിശ്വാസികൾ അന്ധരായി മാറുന്നത്. അവരാണ് ശരിക്കുള്ള അന്ധവിശ്വാസികൾ.

**കരുണയുടെ സ്വയംവിധിയാളൻ**

കരുണാമുദ്രിതമായിരുന്നു ഈശോയുടെ പരസ്യ ജീവിതം. കരുണയോടെ അവൻ മനുഷ്യരെ നോക്കി; അലിവോടെ അവൻ അനേകരെ സ്പർശിച്ചു; ആർദ്രഹൃദയത്തോടെ അവൻ പാപികളോട് ക്ഷമിച്ചു. അതുതന്നെയാണ് അവിടുന്ന് ഇപ്പോഴും ദിവ്യകാരുണ്യത്തിലും ചെയ്തുകൊണ്ടിരിക്കുന്നത്. കാരണം, യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നും ഒരാൾതന്നെ (ഹെബ്രാ.13:8).

അന്ത്യവിധിയുടെ മാനദണ്ഡം കാരുണ്യപ്രവൃത്തികളാണെന്ന് ഈശോ അറിയിച്ചു (മത്താ. 25:34-36). വിശക്കുന്നവർക്ക് അപ്പം കൊടുക്കുന്നവരും ദാഹിക്കുന്നവർക്ക് ജലം കൊടുക്കുന്നവരും പരദേശിയെ സ്വീകരിക്കുന്നവരും നഗ്നരെ ഉടുപ്പിക്കുന്നവരും രോഗിയെ സന്ദർശിക്കുന്നവരും തടവുകാരെ തേടിയെത്തുന്നവരുമാണ് സ്വർഗരാജ്യത്തിന്റെ അവകാശികൾ. അങ്ങനെയാണെങ്കിൽ ദിവ്യകാരുണ്യവും അതുതന്നെ ചെയ്യും. ഒരുവനെ സ്വർഗത്തിലെത്തിക്കുന്നത് കാരുണ്യ



പ്രവൃത്തികളാണെങ്കിൽ സ്വർഗത്തിന്റെ ഉടയോനിൽ ഇത് എന്തുമാത്രം നിറവേറിയിട്ടുണ്ടാകണം? കാരുണ്യ പ്രവൃത്തികൾക്കനുസരിച്ചാണ് അവൻ നമ്മെ വിധിക്കുന്ന തെങ്കിൽ അവകൊണ്ടുതന്നെയാകണം അവൻ സ്വയം നിർണ്ണയിക്കുന്നതും.

ഈശോ നമ്മിൽനിന്ന് ആവശ്യപ്പെട്ട കാരുണ്യ പ്രവൃത്തികളുടെ സഞ്ചിതരൂപമാണ് ദിവ്യകാരുണ്യം. ദിവ്യകാരുണ്യത്തിന് അങ്ങനെയാകാതിരിക്കാനാവില്ല. കാരണം, ദിവ്യകാരുണ്യം ഈശോതന്നെയാണ്. വിശക്കുന്നവർക്ക് അവിടുന്ന് അപ്പമായി മാറുന്ന കാരുണ്യമാണ്. അവനുവേണ്ടി അതിമാത്രം വിശക്കുന്ന വർ മറ്റൊന്നും കഴിക്കാതെ ദിവ്യകാരുണ്യഭോജനം കൊണ്ടുമാത്രം വർഷങ്ങളായി ജീവിക്കുന്നുണ്ട്. ദാഹിക്കുന്നവന് അവിടുന്ന് ജീവജലമാണ്. അഭയ മില്ലാത്തവർക്ക് അവിടന്ന് ശരണാലയമാണ്. അവിടത്തെ ഹൃദയത്തിൽ എല്ലാ അഭയാർത്ഥികൾക്കും ഇടമുണ്ട്. നഗ്നനെ അവൻ തന്റെ ദിവ്യപ്രകാശത്തിൽ ഉടുപ്പിക്കുന്നു. കാരണം പ്രകാശം മേലങ്കിയായി അണിഞ്ഞിരിക്കുന്ന വനാണവൻ (സങ്കീ.104:2). രോഗികൾക്ക് അവിടന്ന് ആരോഗ്യമാണ്. രോഗീലേപനങ്ങൾ അവസാനിക്കുന്നത് ദിവ്യകാരുണ്യ സ്വീകരണത്തിലാണെന്നത് വെറുതെ യാണോ? ബന്ധിതർക്ക് അവൻ വിടുതൽകൊടുക്കുന്ന സാന്നിധ്യമാണ്. ഇവയെല്ലാം ചേരുമ്പോൾ അവിടുന്നു ദിവ്യകാരുണ്യമാകുന്നു. അവൻ പറഞ്ഞു, അദ്ധ്വാനിക്കു ന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുത്തേക്ക് വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം (മത്താ. 11:28). ഈശോയുടെ കാരുണ്യം മനസ്സിലാക്കിയവർക്ക് പരിശുദ്ധ കുർബാനയുടെ കാരുണ്യം മനസ്സിലാക്കാതിരിക്കാനാവില്ല. ഈശോയുടെ കുറവേതുമില്ലാത്ത തുടർ സാന്നിധ്യമാണ് ദിവ്യ കാരുണ്യം.

**പാപികളുടെ ഭോജ്യം**

ദിവ്യകാരുണ്യം മാലാഖമാരുടെ അപ്പമാണ്. പക്ഷേ അത് പാപികൾക്കുകൂടി അവകാശപ്പെട്ടതാണ്. പാപങ്ങ ളുടെ മോചനത്തിനും കടങ്ങളുടെ പൊറുതിക്കുമായി സ്വീകരിക്കുന്ന ദിവ്യഭോജ്യമാണത്. അനുതപിക്കുന്ന പാപികൾക്ക് കർത്താവിന്റെ ശരീരത്തിലും രക്തത്തിലും അവകാശമുണ്ട്. വിശുദ്ധ ഫൗസ്റ്റീന പറയുന്നതുപോലെ, 'ഏറ്റവും വലിയ പാപിക്കാണ് കർത്താവിന്റെ കരുണ ക്കുള്ള ഏറ്റവും വലിയ അവകാശം'. അതുകൊണ്ട് പാപികൾ ഉറ്റുനോക്കേണ്ടത് ആത്യന്തികമായി ദിവ്യ കാരുണ്യ കൃപയിലേക്കാണ്.

ഈശോ ഏറ്റവും കൂടുതലായി കരുണ ചൊരിഞ്ഞത് പാപികൾക്കും രോഗികൾക്കും നേരെയാണ്. അവർക്കാണ് ദിവ്യകാരുണ്യ അത്ഭുതങ്ങൾക്ക് ഏറ്റവും വലിയ അവകാശം. കൃപയുടെ അത്ഭുതമാണ് (miracle of grace) അവൻ ആദ്യം നല്കുന്നത്; പിന്നെ രോഗശാന്തികളും. അനുതാപികൾക്ക് അവരുടെ യോഗ്യതനോക്കാതെ

ദൈവകൃപ നല്കുകയും അത് വെളിവാക്കുകയും ചെയ്യുന്നതാണ് കൃപയുടെ അത്ഭുതങ്ങൾ.

സഭയിൽ വിശുദ്ധ കുർബാനസ്വീകരണം നടക്കുന്നു എന്നതുതന്നെ ഈശോയുടെ കാരുണ്യമാണ്. മാലാഖമാരുടെ ഭക്ഷണം എങ്ങനെ പാപികളുടെ നാവിൽ അലിയാൻ ഇടയാകുന്നു? പൊള്ളുന്ന വാക്കുകൾകൊണ്ട് വിശുദ്ധ ജോൺ ക്രിസോസ്തോം എഴുതി, 'ദൈവത്തിന്റെ സവിശേഷമായ സഹായമില്ലാതെ ഒരു മനുഷ്യാത്മാവിനും ഈ ബലിയുടെ അഗ്നിയാൽ ദഹിപ്പിക്കപ്പെടാതെ അത് സ്വീകരിക്കാനാവില്ല' (*Homilies on the Gospel of John*, 46,4. PG 59,261). ഭയജനകമാണീ കൂദാശ എന്ന് ആവർത്തിച്ചുപറഞ്ഞുകൊണ്ട് അദ്ദേഹം കൂട്ടിച്ചേർക്കുകയാണ്, "കുർബാന സ്വീകരണശേഷം ഓരോ ക്രിസ്ത്യാനിയും വായിൽനിന്ന് തീതുപ്പുന്ന സിംഹത്തെപ്പോലെയാണ്. ഈ കാഴ്ച പിശാചിന് സഹിച്ചുകൂടാ" (*Baptismal Catechesis*, III, 12. SCh 50,158).

**കരുണയുടെ ദിവ്യസ്മരണ**

ദിവ്യകാരുണ്യ സ്വീകരണത്തിലും ദിവ്യകാരുണ്യ ആരാധനയിലും തീരുന്നതല്ല ദിവ്യകാരുണ്യത്തിന്റെ ജീവിതനിയോഗങ്ങൾ. വിശുദ്ധകുർബാനസ്ഥാപനത്തിനു ശേഷമുള്ള ഈശോയുടെ വാക്കുകൾക്ക് നാം വിലകൊടുക്കണം: "നിങ്ങൾ ഇത് എന്റെ ഓർമക്കായി ചെയ്യുവിൻ" (ലൂക്ക.22:19). താൻ ചെയ്ത കർമ്മം അതേപടി അനുഷ്ഠിക്കണം എന്നാണ് അവിടുന്ന് ഉദ്ദേശിച്ചത് എന്നു വേണമെങ്കിൽ നമുക്ക് മനസ്സിലാക്കാം. ഫലമോ? അനുഷ്ഠാനമുറകൾ അണുവിട തെറ്റാതെ കർമങ്ങൾ ചെയ്യുന്നതിൽമാത്രം സന്തോഷിക്കുന്നവരാകും നമ്മൾ. തൽഫലമെന്നോണം ബാഹ്യമാത്രമായ കാര്യങ്ങൾ ദിവ്യകാരുണ്യ സന്തോഷമായി മാറുന്ന ദുർസ്ഥിതിയുണ്ടാകും. പള്ളിനിറയെ ആൾക്കാരായിരുന്നു; സന്തോഷമായി. എല്ലാവരും തൂവെള്ള വസ്ത്രമണിഞ്ഞു വന്നു; അതിലേറെ സന്തോഷമായി...

എന്നാൽ ദിവ്യകാരുണ്യ സ്മരണയാചരണത്തിൽ ഈശോ ഉദ്ദേശിച്ചത് അവനവന്റെ ജീവിതത്തെ ബലിയായി അർപ്പിക്കാനാണ്. അന്ത്യഅത്താഴത്തിനു മുമ്പ് ശിഷ്യന്മാരുടെ കാലുകഴുകിയതും ഒറ്റുകാരന് അപ്പം പങ്കുവച്ചതും കൂട്ടിച്ചേർത്താണ് താൻ ചെയ്തത് ചെയ്യാൻ അവൻ ശിഷ്യരോട് ആവശ്യപ്പെട്ടത് (യോഹ.13:15). അതായത്, താൻ ചെയ്തതുപോലെ, ദാസനെപ്പോലെ മറ്റുള്ളവരെ ശുശ്രൂഷിച്ചും തെറ്റുകാരോട് കരുണ കാണിച്ചും നിങ്ങൾ സ്വയം ബലിയർപ്പിക്കുവിൻ എന്ന്. മഹാനായ വിശുദ്ധ ലെയോ എഴുതി; 'ക്രിസ്തുവിന്റെ ശരീരരക്തങ്ങളിലെ പങ്കാളിത്തംവഴി നാം ഭക്ഷിക്കുന്നത് നാമായിത്തീരാൻ ഇടയാക്കുന്നു' (*sermon 12 on the Passion*, 7, CCL 138A, 338). നാം ഭക്ഷിക്കുന്നത് നാമായിത്തീരുന്നില്ലെങ്കിൽ ദിവ്യകാരുണ്യം നമ്മിൽ ദഹിച്ചിട്ടില്ല എന്നർത്ഥം.

അന്ത്യഅത്താഴത്തിൽ ഈശോ ചെയ്ത ഏറ്റവും നിർണ്ണായകമായ കാര്യം അപ്പം മുറിച്ചതാണ്. വലിയൊരപ്പത്തെ കഷ്ണങ്ങളാക്കാൻ വേണ്ടി ചെയ്ത കാര്യമല്ല അപ്പം മുറിക്കൽ. പിറ്റേന്ന് താൻ മനുഷ്യകുലത്തിന്റെ പാപങ്ങൾക്കുവേണ്ടി തകർക്കപ്പെടും എന്നവനറിയാമായിരുന്നു. അവൻ നമ്മുടെ പാപങ്ങൾക്കുവേണ്ടി തകർക്കപ്പെട്ടു എന്ന ഏശയ്യായുടെ പ്രവചനം (53:5) നാമോർക്കണം. ആ തകർക്കപ്പെടൽ ആവിഷ്കരിച്ചതാണ് അപ്പം മുറിക്കൽ. വിശുദ്ധ എഫ്രേം പറയുന്നതുപോലെ, 'അത്താഴസമയത്ത് അവൻ സ്വയം ബലിയർപ്പിച്ചു. കുരിശിൽ മറ്റുള്ളവർ അവനെ ബലിയർപ്പിച്ചു' (*Hymns on the Crucifixion*, 3,1). അതല്ലായിരുന്നെങ്കിൽ അവന്റെ മരണം അവൻ അർപ്പിച്ച ബലി ആകുമായിരുന്നില്ല; മറിച്ച് അവന്റെ ശത്രുക്കൾ നടത്തിയ ഒരു കൊലപാതകം മാത്രമായി നിലകൊണ്ടേനെ. ദിവ്യകാരുണ്യം ഈശോയുടെ സ്മരണക്കായി അർപ്പിക്കപ്പെടുന്നത് കരുണയുടെ പേരിൽ നാം സ്വയം ബലിയർപ്പിക്കുമ്പോൾ കൂടിയാണ്. കരുണയില്ലാത്തവരുടെ ബലിയർപ്പണങ്ങൾ അവൻ തിരിഞ്ഞു നോക്കുകയില്ല. ''ബലിയല്ല, കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത്'' (ഹോസിയ 6:6; മത്താ 12:7). കരുണ കാണിക്കാത്തവർ ദിവ്യകാരുണ്യ മേശക്കുചുറ്റും അണിനിരക്കുന്നത് യൂദാസിന്റെ ദിവ്യകാരുണ്യ സ്വീകരണം പോലെയാണ്. അപ്പം സ്വീകരിച്ചശേഷം അത്തരക്കാർ ദയാരഹിതമായ ഇരുട്ടിലേക്ക് ഇറങ്ങിപ്പോകുന്നു. ദിവ്യകാരുണ്യത്തെ ദൈവകരുണയുടെ പാരമ്യമായി മനസ്സിലാക്കുന്നവർക്ക് കാരുണ്യപ്രവൃത്തികൾ ചെയ്യാതിരിക്കാനാവില്ല. വിശുദ്ധ ജോൺ ക്രിസോസ്തോം തന്റെ സഭയിലെ വിശ്വാസികളെ പഠിപ്പിച്ചു: ''നിങ്ങൾക്ക് ക്രിസ്തുവിന്റെ ശരീരത്തെ ആദരിക്കണമെന്നുണ്ടോ? എങ്കിൽ അവന്റെ ശരീരത്തിന്റെ അവയങ്ങളെ, പാവപ്പെട്ടവരെ, ഉടുക്കാനൊന്നുമില്ലാത്തവരെ നിന്ദിക്കരുത്. ദേവാലയത്തിൽ പട്ടുതുണികളിൽ അവനെ ആദരിച്ച ശേഷം പുറത്ത് തണുപ്പിലും നഗ്നതയിലും അവനെ അവഗണിക്കരുത്... അവന് ഒരു ഗ്ലാസ് വെള്ളം നിഷേധിച്ചിട്ട് അവന് സ്വർണക്കാസ അർപ്പിക്കുന്നതിൽ എന്തുകാര്യം?... ആരാധനാസ്ഥലം അലങ്കരിക്കുമ്പോൾ കഷ്ടപ്പെടുന്ന സഹോദരനുനേരെ നിങ്ങളുടെ ഹൃദയം പൂട്ടിവക്കരുത്. ഇതാണ് മറ്റേതിനേക്കാൾ കൃത്യമായി ജീവനുള്ള ദേവാലയം" (*Homily* 50, 3-4 PG 58, 508). കരുണ കാണിച്ചു നാം ദിവ്യകാരുണ്യമാകേണ്ടതുണ്ട്. നമ്മുടെ കരുണ അർഹിക്കുന്നവരായി പാവപ്പെട്ടവരും പാപികളും പക്ഷിമൃഗാദികളും പുഴയും പൂവും പുൽച്ചാടിയും വരെയുണ്ട്. കരുണയുള്ളവർക്കാണ് കർത്താവിന്റെ കരുണ ലഭിക്കാനുള്ള അർഹത. ''കരുണയുള്ളവർ ഭാഗ്യവാന്മാർ എന്തെന്നാൽ അവർക്ക് കരുണ ലഭിക്കും" (മത്താ.5:7). കരുണയുള്ളവന് ദൈവികമായ കരുണ നല്കപ്പെടും; അമർത്തിക്കുലുക്കി, നിറച്ചളന്ന് അവൻ നമ്മുടെ മടിയിൽ ഇട്ടുതരും. മറ്റുള്ളവരോട് അലിവു കാണിക്കാതെ ദിനം തോറും ദിവ്യകാരുണ്യത്തെ പ്രണമിച്ച് ദൈവകാരുണ്യം തേടിക്കൊണ്ടിരിക്കുന്നവർ ഒറ്റച്ചിറകുകൊണ്ട് പറക്കാൻ ശ്രമിക്കുന്ന പക്ഷിയെ പോലെയാണ്. പാവം പക്ഷി.

●

# മെത്രാൻമാരുടെ 16-ാമത് സാധാരണ സിനഡ് ഉണരാനും എഴുന്നേൽക്കാനും മുന്നേറാനും നൽകപ്പെട്ട അവസരം



റവ. മോൺ. ജോസ് നവസ്

**2021** ഒക്ടോബറിൽ ആരംഭിച്ച് 2023 ഒക്ടോബറിൽ പൂർണ്ണമാകുന്ന രീതിയിൽ സഭയിലാകമാനം നടക്കുന്ന ഒരു സംഭാഷണ പ്രക്രിയയാണ്, നവീകരണ മുന്നേറ്റമാണ് മെത്രാൻമാരുടെ 16-ാമത് സാധാരണ സിനഡ്. ദിവ്യകുർബാന, ദൈവവചനം, മതബോധനം, സുവിശേഷ വൽക്കരണം, കുടുംബം, യുവജനം തുടങ്ങിയ വിഷയങ്ങളെപറ്റിയായിരുന്നു ഇതുവരെയുണ്ടായിരുന്ന സിനഡുകൾ. അവയിൽനിന്നും വ്യത്യസ്തമായ ഈ സിനഡിന്റെ വിഷയംതന്നെ സിനഡാത്മകതയാണ്. ഒരു സിനഡാത്മക സഭയ്ക്കുവേണ്ടി: കൂട്ടായ്മ, പങ്കാളിത്തം, പ്രേക്ഷിതദൗത്യം എന്നതാണ് സിനഡിന്റെ പ്രമേയം. ജ്ഞാനസ്നാനം സ്വീകരിച്ച് സഭയിലെ അംഗമായി തീർന്നിട്ടുള്ള ഓരോ വ്യക്തിയിലും ആരംഭിച്ച് സാർവത്രിക സഭയിൽ പൂർണമാകുന്ന രീതിയിലാണ് സിനഡിന്റെ ക്രമീകരണം. ഞാൻ ആര്, ഞാൻ എന്തിന്, ഞാൻ എങ്ങനെ, ഞാൻ എങ്ങനെയാകണം, അങ്ങനെയാകാൻ ഞാൻ എന്തുചെയ്യണം എന്നീ ചോദ്യങ്ങൾക്ക് വ്യക്തി തലത്തിലും, കുടുംബതലത്തിലും, കുടുംബകൂട്ടായ്മതലത്തിലും, ഇടവകാതലത്തിലും, ഫൊറോനാതലത്തിലും, രൂപതാതലത്തിലും, ഭാരതതലത്തിലും, ഏഷ്യാതലത്തിലും ഉത്തരങ്ങൾ കണ്ടെത്തി ഉണർവ്വും നവീകരണവും മുന്നേറ്റവും സാധ്യമാക്കുകയാണ് സിനഡിലെ 'സംഭാഷണത്തിന്റെ' ഉദ്ദേശ്യം.

സിൻ, ഹോദോസ് എന്നീ രണ്ട് ഗ്രീക്ക് പദങ്ങൾ ചേർന്നതാണ് സിനഡ് എന്ന പദം. സിൻ എന്നാൽ കൂടെ, ഒരുമിച്ച് എന്നും, ഹോദേസ് എന്നാൽ വഴിയാത്ര എന്നുമാണർഥം. എങ്കിൽ സിനഡ് എന്നത് ഒരുമിച്ചുള്ള മുന്നേറ്റം. സഭതന്നെ സിനഡാണ്. പരിശുദ്ധത്രിത്വത്തിന്റെ കൂട്ടായ്മയിൽ പിതാവിന്റെ സ്നേഹത്തിൽ ഒരുമിച്ച് കൂട്ടപ്പെട്ട് ക്രിസ്തുവാകുന്ന വഴിയിലൂടെ പരിശുദ്ധാത്മാവിന്റെ ശാന്തിയിലും പ്രചോദനത്തിലും നായകത്വത്തിലും ദൈവരാജ്യനുഭവത്തിലേക്ക് മുന്നേറുന്ന കൂട്ടായ്മയാണ് സഭ. കൊറിന്ത്യർ 12:14-27 വചനം പറയുംപോലെ ക്രിസ്തുവിന്റെ ശരീരത്തിലെ വിവിധ അവയവങ്ങൾ പോലെ കൂട്ടായ്മയിലും പങ്കാളിത്വത്തിലും സുവിശേഷം അനുഭവിച്ചും പങ്കുവച്ചുകൊണ്ടും സഭ മുന്നേറുന്നു.

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രചോദനത്തിൽ പോൾ ആറാമൻ പാപ്പയാണ്1965-ൽ കത്തോലിക്കാസഭയിൽ മെത്രാൻമാരുടെ സിനഡ് ഔദ്യോഗികമായി വിളമ്പരം ചെയ്തത്. 1967-ൽ ആദ്യ സിനഡ് നടന്നു. ഇപ്പോൾ നടക്കുന്നത് മെത്രാൻമാരുടെ 16-ാമത് സാധാരണ സിനഡാണ്. ഇവകൂടാതെ മൂന്ന് അസാധാരണസിനഡുകളും പതിനൊന്ന് പ്രത്യേക സിനഡുകളും സഭയിൽ നടന്നിട്ടുണ്ട്. വിശ്വാസപരവും അജപാലനപരവുമായ കാര്യങ്ങളിൽ ലോകമെങ്ങുമുള്ള മെത്രാൻമാരുടെ പാപ്പയോടൊത്തുള്ള പങ്കാളിത്തമാണ് ഈ സിനഡുകളിലൂടെ സാധിതമാകുന്നത്. യുവാക്കളെ വിഷയമാക്കി 2018-ൽ നടന്ന സിനഡിൽ ഭാരതത്തിലെ മെത്രാൻമാരെ പ്രതിനിധീകരിച്ച് നമ്മുടെ സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ പിതാവ് പ്രഭാഷണം നടത്തുകയുണ്ടായി. ഇപ്പോൾ ഈ 16-മത് സിനഡിൽ പങ്കെടുത്ത് ശ്രവിക്കാനും സംസാരിക്കാനും നമുക്ക് അവസരം നല്കിയിരിക്കുകയാണ്. കുടുംബസിനഡിൽ തുടങ്ങിയുള്ള മിനിസിനഡുകളിൽ പങ്കുചേർന്ന് നമുക്ക് മെത്രാൻമാരുടെ സിനഡിൽ പങ്കാളിത്തംവഹിക്കാം. നമുക്ക് അങ്ങനെ ഒരുമിച്ച് കർത്താവിന്റെ സഭയായി മുന്നേറാം. നമ്മുടെ സമയവും കഴിവുകളും ഉപയോഗപ്പെടുത്തി സഭാപ്രവർത്തനങ്ങളിൽ സജീവമായി പങ്കുചേരാം. എല്ലാത്തരത്തിലും ദൈവത്തിനും ദൈവരാജ്യത്തിനും സാക്ഷ്യം വഹിക്കാം. ●

# ദിവ്യകാരുണ്യം: തൃപ്തിയുടെ അത്താഴമേശ




സാൻജോസച്ചൻ

ജീവിതം വല്ലാതെ ആടിയുലഞ്ഞ രാത്രിയിൽ അവൻ അപ്പമെടുത്ത് വാഴ്ത്തി വിഭജിച്ച് തന്റെ ശിഷ്യർക്ക് നൽകി... Taste my love... സ്നേഹത്തിന്റെ രുചി അനുഭവമായിരുന്നു അത്. മർക്കോസിന്റെ സുവിശേഷം എട്ടാം അധ്യായം 1 മുതൽ 11 വരെ വാക്യങ്ങളിൽ രണ്ടാമത് അപ്പം വർദ്ധിപ്പിക്കുന്ന ക്രിസ്തുവിനെ കണ്ടുമുട്ടുന്നുണ്ട്. തന്റെ വചന വിരുന്നിനായി ഒത്തുകൂടിയ ജനത്തിന്റെ ആത്മികവും ഭൗതികവുമായ വിശപ്പ് അകറ്റുന്ന ക്രിസ്തു. വിശുദ്ധ കുർബാനയുടെ മുന്നാസ്വാദനം ആയിട്ടാണ് ഈ അത്ഭുതത്തെ വാഴ്ത്തുന്നത്. അപ്പമെടുത്ത് കൃതജ്ഞതാ സ്തോത്രം ചെയ്തു മുറിച്ച് പങ്കിട്ടപ്പോൾ ജനങ്ങൾ തൃപ്തരായി. വിശുദ്ധ കുർബാന തൃപ്തിയുടെ അന്നമാണ്. Are you satisfied in life? ഈ ചോദ്യം പലപ്പോഴും ഉള്ളുപൊള്ളിക്കുന്നതാണ് ജീവിതത്തിൽ എല്ലാമുണ്ടായിട്ടും നമ്മൾ തൃപ്തരാണോ? ഭൗതികമായ സാഹചര്യങ്ങളും സാമ്പത്തിക ഭദ്രതയും കുടുംബ പശ്ചാത്തലങ്ങളുമൊക്കെ മേൻമയിൽ പറയുമ്പോഴും അസംതൃപ്തിയുടെ ശരീരഭാഷ ഏറി വരുന്നില്ലേ. എത്രമാത്രം പരാതികൾക്കും പരിഭവങ്ങൾക്കും ഇടയിലാണ് നമ്മുടെ ജീവിതം കടന്നു പോകുന്നത്. മരുഭൂമിയിൽ വച്ച് ഇസ്രായേൽ സമൂഹം ഒന്നടങ്കം മോശയ്ക്കും അഹറോനും എതിരായി പിറുപിറുക്കുന്നുണ്ട് (പുറ16:18). എന്നാൽ ക്രിസ്തുനൽകുന്ന വിരുന്ന് സംതൃപ്തിയുടെതാണ്. കാരണം സ്നേഹത്തിന് മാത്രമേ ഹൃദയത്തെ സംതൃപ്തമാക്കാൻ കഴിയൂ. സ്നേഹം ചേർക്കാതെ ചുട്ട അപ്പം കയ്പ്പുള്ളതായിരിക്കും എന്നോർക്കുക. ഒരുപാട് അസംതൃപ്തികൾക്ക് നടുവിൽ ജീവിതമിങ്ങനെ അലോസരപ്പെടുമ്പോൾ ക്രിസ്തു മൊഴി നിത്യജീവന്റെ അപ്പത്തിൽനിന്ന് ഭക്ഷിക്കാനാണ്. എല്ലാറ്റിനും സംതൃപ്തി നൽകാൻ കഴിയുന്നവൻ ദൈവം മാത്രമാണ് ലോകത്തിന് ജീവൻ നൽകുവാൻ അവൻ മുറിയപ്പെടുന്ന അത്താഴ മേശക്ക് ചുറ്റും അണയുമ്പോൾ സജീവ വിശ്വാസത്തോടും സമർപ്പണത്തോടും ആ ദിവ്യ രഹസ്യങ്ങളിലേക്ക് നിർനിമേഷനായി കടന്നുചെല്ലാൻ ആവണം. സ്രഷ്ടാവിനു മാത്രമേ സൃഷ്ടിയെ സംതൃപ്തിയുടെ സംപൂർണത യിലേക്ക് നയിക്കാനാവൂ...



വിശുദ്ധ സിപ്രിയന്റെ വാക്കുകളിൽ സ്വർഗീയ അപ്പവും വാഴ്ത്തപ്പെട്ട കാസയും മാനവകുലത്തിന്റെ ആരോഗ്യ ത്തിനും ആത്മ രക്ഷക്കും വേണ്ടിയുള്ളതാണ്. വിശുദ്ധ കുർബാനയിൽ നാം കർത്താവുമായി ഒന്നിക്കുകയാണ്. ഭക്ഷണവും ശരീരവും ഒന്നാകുന്നതു പോലെ എന്തിനൊക്കെ വേണ്ടിയുള്ള വിശപ്പുകൾ മനുഷ്യന്റെ സന്തുലനാവസ്ഥ തകിടംമറിക്കുന്ന കാലഘട്ടത്തിൽ എല്ലാ വിശപ്പുകളുടെയും ശമനത്തിനായി അൾത്താരയിൽ അഭയം തേടുന്നവർക്ക് ആശ്വാസത്തിന്റെ അഗ്നിയാണ് വിശുദ്ധ കുർബാന. വേദപാരംഗതനായ വിശുദ്ധ അഗസ്റ്റിൻ അതീവ വിനയത്തോടെ ഉദീരണം ചെയ്തു 'ദൈവമേ നീ എന്നെ നിനക്കായി സൃഷ്ടിച്ചു. നിന്നിൽ മാത്രമേ ഞാൻ സംതൃപ്തി കണ്ടെത്തുകയുള്ളൂ. 'ലോകമോഹങ്ങളും ജഡത്തിന്റെ പൈദാഹങ്ങളും മനുഷ്യരെ ഇരുട്ടിലേക്ക് നയിക്കുമ്പോൾ ഒരു പുലർവെട്ടത്തിന്റെ പ്രഭയിൽ ഗുരു അപ്പമൊരുക്കി നമ്മെ ക്ഷണിക്കുന്നുണ്ട്, അവന്റെ അനശ്വരതയിൽ പങ്കുചേരാൻ.അത് പ്രദാനം ചെയ്യുന്നത് സംതൃപ്തി മാത്രമല്ല, നിത്യനിർവൃതി കൂടിയാണ്. ദിവ്യകാരുണ്യം കലർപ്പില്ലാത്ത ജീവിതത്തിന്റെ അടയാളമാണ്. അളവില്ലാത്ത സ്നേഹത്തിന്റെ അത്താഴമേശയിൽ നിന്ന് പടിയിറങ്ങിപ്പോകാതെ, ദൈവനിമന്ത്രണ ങ്ങൾക്ക് കാതോർക്കാം...



# സിനഡൽ ചർച്ച്- ഒരാമുഖം

ഫാ. ഫ്രാൻസിസ് കുരിശുംമൂട്ടിൽ CFIC




സിനഡ് എന്നത് ഏറെ പരിചിതമായ വാക്കാണ്. സഭയുടെ ഉയരങ്ങളിൽ മാത്രം നടക്കുന്ന ഒരു സംഭവമായിരുന്നു സിനഡ് ഇന്നുവരെയും. 2023 ഒക്ടോബറിൽ നടക്കാൻ പോകുന്ന മെത്രാന്മാരുടെ സിനഡിന് ഫ്രാൻസീസ് പാപ്പ 2021 ഒക്ടോബറിൽ തുടക്കം കുറിച്ചു. പോൾ ആറാമൻ പാപ്പ 1965-ൽ ആരംഭിച്ച സിനഡിന്റെ 16-മത് സിനഡാണ് 2023-ൽ നടക്കാൻ പോകുന്നത്. ഈ സിനഡിന് മറ്റു സിനഡുകളെ അപേക്ഷിച്ച് പ്രതേകതകൾ ഏറെയാണ്; പ്രതീക്ഷകളും. synodos എന്ന ഗ്രീക്കു പദത്തിന്റെ അർഥം ഒന്നിച്ചു യാത്ര ചെയ്യുക എന്നാണ്. 2023-ൽ നടക്കേണ്ട സിനഡ് 2021-ൽ തന്നെ പ്രാദേശിക സഭകളിൽ അതും അടിസ്ഥാന വിശ്വാസ സമൂഹങ്ങളിൽ (BCC) ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു. വിശാലമായ അർഥത്തിൽ ആഗോള സഭയിലെ അവസാനത്തെ വിശ്വാസിയും, അല്ല, അവിശ്വാസിയും ഈ സിനഡിലെ അംഗമാണ്. കാരണം അവന്റെയും അവളുടെയും സ്വരവും ഈ സിനഡിൽ മുഴങ്ങി കേൾക്കാൻ തക്കവിധമാണ് ഇത് ഒരുക്കിയിരിക്കുന്നത്. അതായത് പ്രാദേശിക സഭയിലെ ഓരോ വിശ്വാസി മുതൽ കുടുംബങ്ങൾ, സമൂഹങ്ങൾ, ഇടവകകൾ, BCC തുടങ്ങി എല്ലാ മേഖലകളിലൂടെയും സഞ്ചരിച്ച് കണ്ടതും കേട്ടതും ക്രോഡീകരിച്ചാണ് സിനഡ് അരങ്ങേറുക.

കാലത്തിന്റെ വെല്ലുവിളികളെ മനസ്സിലാക്കി കാലോചിതവും മനുഷ്യജീവിതത്തെ സ്പർശിക്കുന്നതുമായ മാറ്റങ്ങളാണ് പ്രധാനമായും സിനഡ് ലക്ഷ്യം വയ്ക്കുന്നത്. അതിന് സിനഡ് വിഷയമായി എടുത്തിരിക്കുന്നത് : കൂട്ടായ്മ, പങ്കാളിത്തം, പ്രേക്ഷിത ദൗത്യം എന്നീ പദങ്ങളാണ്. ഇതിൽ നിന്ന് തന്നെ സിനഡിന്റെ ലക്ഷ്യവും വ്യക്തമാണ്. അതായത് ത്രിത്വത്തിൽ കാണുന്ന ഏകത്വവും ദൗത്യവും. സഭയിലെ ആരും സിനഡിൽ നിന്ന് വിട്ടുനിൽക്കുന്നില്ല. പാർശ്വവൽക്കരിക്കപ്പെട്ടവർക്കും, ദരിദ്രർക്കും, പാപികൾക്കും, മുറിവേറ്റവർക്കും ഈ സിനഡിൽ സംസാരിക്കാം. ജനാധിപത്യത്തിലെ ഭൂരിപക്ഷത്തിന്റെ സ്വരമല്ല ഇവിടെ നിർണായകം; 12-ാം മണിക്കൂറിൽ വേലയ്ക്കു കയറി വന്നവന്റെ സ്വരമാണ് (മത്തായി: 20:14). സഭ ദരിദ്രന്റെയും പാപിയുടേയും സഭയാണെങ്കിൽ അവരുടെ സ്വരമാണ് നിർണായകം. കാനാൻകാരി സ്ത്രീയുടെ എതിർന്യായം (മത്തായി: 15:27) അംഗീകരിക്കുവാനും അഭിനന്ദിക്കുവാനും കഴിഞ്ഞ യേശുവിന്റെ മനോഭാവമാണ് സിനഡ് ജനാധിപത്യ മനോഭാവം. ഇത് ഏറെ പ്രതീക്ഷ നൽകുന്നതാണ്.

ക്രിയാത്മകമായ ചില തത്വങ്ങളും ലക്ഷ്യങ്ങളും സിനഡ് മുന്നോട്ടു വയ്ക്കുന്നു. പരമ പ്രധാനമായി ചരിത്രത്തിലൂടെ സഭയെ ഇന്നു വരെ ദൈവം എങ്ങനെ നയിച്ചു എന്നു മനസ്സിലാക്കുക. രണ്ടാമതായി മുറിവേറ്റവനേയും പീഢിതനേയും ഇന്നുവരെ അവഗണിക്കപ്പെട്ടവനെയും കേട്ട് പരിഗണിക്കുക. മൂന്നാമതായി പൊതു നന്മക്കായി ആത്മാവ് നൽക്കുന്ന വെളിപാടുകളെ തിരച്ചറിയുക. നാലാമതായി, സുവിശേഷം അറിയിക്കാനും ലോകത്തെ സുന്ദരമാക്കാനും പങ്കാളിത്വ മനോഭാവത്തോടെ കാലാനുസൃതമായ മാർഗങ്ങൾ കണ്ടെത്തുക. അഞ്ചാമതായി, സഭയിലെ എല്ലാ തലങ്ങളിലുമുള്ള ഉത്തരവാദിത്വങ്ങളും അധികാരങ്ങളും എങ്ങനെ അഭ്യസിക്കപ്പെടുന്നു എന്ന് കണ്ടെത്തുക. ആറാമതായി, വിവിധ സമൂഹങ്ങളിലെ ശുശ്രൂഷകളിൽ സഭയെ വിശ്വാസത്തിൽ എടുക്കുന്ന രീതിയിൽ എങ്ങനെ ഇടപെടുവാൻ കഴിയുക. ഏഴാമതായി, വിവിധ ക്രൈസ്തവ അക്രൈസ്തവ സമൂഹങ്ങളുമായി എങ്ങനെ ബന്ധം സ്ഥാപിക്കുക. അവസാനമായി, ഇതുവരെയുള്ള പ്രത്യേകിച്ച്, സമീപകാല സിനഡ് ഫലങ്ങൾ എങ്ങനെ ലോകത്തിന് പ്രയോജനപ്പെട്ടു എന്ന് മനസ്സിലാക്കുക.

രണ്ടു വർഷം നീണ്ടുനിൽക്കുന്ന ഈ സിനഡിന്റെ പ്രധാന വക്താവ് പരിശുദ്ധാത്മാവുതന്നെയാണ്. ജനാധിപത്യത്തിലെ ഭൂരിപക്ഷത്തിന്റെ സ്വരത്തിൽ എന്നതിനേക്കാൾ മുറിവേറ്റ കുഞ്ഞാടിന്റെ സ്വരത്തിൽ ആത്മാവിന്റെ സ്വരം കേൾക്കാൻ കഴിയുന്നതാണ് സിനഡ് വിജയം. സിനഡ് എന്നത് ഒരു പാർലമെന്റോ അന്വേഷണ ഏജൻസിയോ അല്ല മറിച്ച് അതൊരു ധ്യാനവും വിചിന്തനവും ഉറവയിലേക്കുള്ള തിരിച്ചു പോക്കുമാണ്. ആഗോള തലത്തിലുള്ള മാറ്റങ്ങൾക്കൊപ്പം സുവിശേഷാത്മകത ചോർന്നുപോകാതെ കാലിക പ്രസക്തിയോടെ എന്തെല്ലാം മാറ്റങ്ങൾ ഘടനാപരമായി തന്നെ അനിവാര്യമെന്ന് ഈ സിനഡ് കണ്ടെത്തും. ഇതിന്റെ പ്രതിധ്വനി കുടുംബങ്ങളിലും സമൂഹങ്ങളിലും ജീവിതത്തിന്റെ എല്ലാ മേഖലകളിലും മാറ്റൊലി കൊള്ളുമെന്നും മലമുകളിൽ പണിത ഗോപുരം പോലെയും പീഠത്തിൻമേൽ വച്ച വിളക്കുപോലെയും സഭയെ പുനപ്രതിഷ്ഠിക്കുമെന്നും പ്രതീക്ഷിക്കാം. കോവിഡ് മഹാമാരി പഠിപ്പിച്ച പാഠങ്ങൾ സിനഡിന് ആക്കം കൂട്ടട്ടെ. കൂറെയേറെ രേഖകൾ പുറപ്പെടുവിക്കുന്നതിനപ്പുറം ജീവിതഗന്ധിയാകട്ടെ ഈ സിനഡ്.

●

# കുർബാനയുടെ കൂട്ടായ്മ





ഫാ. ജോസഫ് കല്ലിക്കുന്നേൽ CFIC

അന്നും ഇന്നും ആനുകാലിക പ്രസക്തിയുള്ള ലേഖനമാണ് കുർബാനയുടെ കൂട്ടായ്മ. 1985-ലെ മെത്രാന്മാരുടെ സിനഡിനെ കടമടുത്ത് വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ സഭാതനയർക്ക് നൽകുന്ന ഉദ്ബോധനമാണിത് സഭ അതിന്റെ തീർഥാടനത്തിൽ ത്രിയേക ദൈവവുമായുള്ള വിശ്വാസികളുടെ ഇടയിലുള്ള കൂട്ടായ്മ വളർത്താനും സംരക്ഷിക്കനും നിലനിർത്താനും വിളിക്കപ്പെട്ടിരിക്കുന്നു. ഇതിനായി സഭ വചനം, കൂദാശ, കുർബാനയെ സ്വന്തമാക്കിയിട്ടുണ്ട്. കുർബാനയിൽ നാമെല്ലാവരും ദൈവത്തെ പ്രാപിക്കുകയും, ദൈവം ഐക്യത്തിൽ നമ്മോട് ചേരുകയും ചെയ്യുന്നു. ദിവ്യകാരുണ്യസ്വീകരണത്തിലൂടെയും അരൂപിക്കടുത്ത ദിവ്യകാരുണ്യസ്വീകരണത്തിലൂടെയും വിശുദ്ധ കുർബാനയിലെ ദൈവസ്നേഹം നമ്മിൽ മുദ്രിതമാവുകയും ചെയ്യും (വി. കൊച്ചുത്രേസ്യ).

വിശുദ്ധകുർബാനയിൽ, കൂട്ടായ്മ മുമ്പേതന്നെ ഉണ്ടായിരിക്കേണ്ടതാണ്. കുർബാന-കൂട്ടായ്മയെ സ്ഥിതീകരിക്കുന്നു; പൂർണമാക്കുന്നു. കൂദാശകളാകട്ടെ രക്ഷയുടെ കണ്ണികളും സഭയുടെ മൗലീക നിർമാണ ഘടകവുമാണ്. കുർബാനയുടെ ആന്തരികാവശ്യമാണ് അത് കൂട്ടായ്മയിലാഘോഷിക്കപ്പെടണമെന്നുള്ളത്. ഈ കുർബാന കൂട്ടായ്മയിൽ, കൃപാവരം മുൻകൂട്ടി ഉണ്ടായിരിക്കുകയും വേണം. വിശ്വാസം, ശരണം, ഉപവി സുകൃതാഭ്യാസവും ഇതിന്റെ ആവശ്യഘടകങ്ങളാണ്. 'സ്നേഹത്തിലൂടെ പ്രവർത്തിക്കുന്ന വിശ്വാസത്തിലൂടെ മാത്രമേ പിതാവ് പുത്ര പരിശുദ്ധാത്മാ കൂട്ടായ്മ സാധ്യമാകൂ(1 കോറി 11,28). വിശുദ്ധ പൗലോസ് അപ്പസ്തോലന്റെയും വിശുദ്ധ ജോൺ ക്രിസോസ്തോമിന്റെയും ആഹ്വാനവും ഇതിനോടൊപ്പം കൂട്ടിവായിക്കേണ്ടതാണ്. 'ആത്മശോധന നടത്തിയതിനുശേഷം ഓരോരുത്തരും വിശുദ്ധ കുർബാന സ്വീകരിക്കാവൂ. മലിനമാക്കപ്പെട്ടതും ദുർബലവുമായ മനസ്സാക്ഷിയോടെ ആരും വിശുദ്ധ കുർബാനയെ സമീപിക്കരുത് അത്തരമൊരു പ്രകൃതി കൂട്ടായ്മ എന്ന് വിളിക്കരുത് കാരണം ഇത് വിശുദ്ധിയുടെയും ഒരുമയുടെയും സ്നേഹത്തിന്റെ വിരുന്നുമേശയാണ്. കത്തോലിക്കാ മതബോധനഗ്രന്ഥവും ട്രെന്റ് സൂനഹദോസും വ്യവസ്ഥ ചെയ്യുന്നതുപ്രകാരം ഗൗരവപാപഭാരമേറുന്നവരും, താൻ മാരകപാപം ചെയ്തിട്ടുണ്ടെന്ന് ബോധ്യമുള്ളവർ പശ്ചാത്താപ അനുരഞ്ജന കൂദാശയായ കുമ്പസാരം നടത്തിവേണം വിശുദ്ധ കുർബാനയിൽ പങ്കെടുക്കേണ്ടതും വിശുദ്ധ കുർബാന സ്വീകരിക്കേണ്ടതും. കുമ്പസാരം, ദൈവം, സ്വർഗം, സഹോദരങ്ങൾ പ്രപഞ്ചമെന്നിവയോടുള്ള രമ്യതയാണ്; മടങ്ങിവരവും കൂട്ടായ്മയുമാണ്. ആദ്ധ്യാത്മിക ജീവിതത്തിന്റ ഉച്ചകോടിയും ഉയർച്ചയുമായ കുർബാന, ദിവ്യകാരുണ്യ സ്വീകരണ സമൂഹത്തിന്റ മുഖമുദ്രയാണ്. ആകയാൽ ഈ സമൂഹം എല്ലാ കത്തോലിക്കാ സമൂഹങ്ങളുമായും ഐക്യത്തിൽ നിലനിൽക്കണം. ദിവ്യകാരുണ്യ സമൂഹത്തിന്റെ സഭാത്മക ഐക്യം സ്വന്തം മെത്രാനും, റോമിലെ മാർപ്പാപ്പയുമായുള്ള ഒരു കൂട്ടായ്മയാണ്. മെത്രാൻ മാർപാപ്പയുടെ വ്യക്തി സഭയിലെ ദൃശ്യമായ ഐക്യവും അടിസ്ഥാനവും കൂടിയാണ്. അതുകൊണ്ട് മെത്രാനും മാർപാപ്പയുമില്ലാതെ കൂട്ടായ്മയുടെ കുർബാനയാഘോഷം, കൂദാശയാഘോഷം വൈരുദ്ധ്യവുമാകും. സഭയിൽ കുർബാനയാഘോഷം മാർപാപ്പ-മെത്രാന്മാർ-വൈദികഗണം-അൽമായർ ബന്ധത്തിലാണ് നടത്തുന്നത്. കുർബാന കൂട്ടായ്മയെ സൃഷ്ടിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നു. പത്രോസിനോടും, സഭയോടും യേശുവിന്റെ അജഗണത്തോടുമുള്ള ബന്ധം സഭയുടെ സാർവത്രിക കൂട്ടായ്മയെ വ്യക്തമാക്കുകയും ചെയ്യുന്നു. ●



# ഓർമ്മകൾ...

ജോയേൽ ജോയ് CFIC

അവശേഷിക്കുക എന്നത് ഒരു സൗഭാഗ്യമാണ് ആരുടെയെങ്കിലും മനസ്സിൽ... സ്വപ്നത്തിൽ... ഹൃദയത്തിൽ... അങ്ങനെ അവശേഷിപ്പിക്കാൻ മാത്രം ഒരാൾ കാലത്തിൽ അവനെ തന്നെ സ്നേഹമായി മുറിച്ചു നൽകി. ചങ്കിലെ ചോരയാൽ പ്രാണനിൽ എഴുതിയ നേരിന്റെ പേരാണ് സ്നേഹം. വിടപറയുക എന്നത് വേദനാജനകമായ ഒരു പ്രതിസന്ധിയാണ് പ്രിയപ്പെട്ട ഇടത്തോട്, ചില ഹൃദയത്തോട്, ഒടുവിൽ ഈ കാലത്തിനോട്. വിടപറയും മുമ്പ് ഓർമ്മിക്കാൻ നാം ചിലത് കാലത്തിന് നൽകി മടങ്ങാറുണ്ട്. ഒരു നാഴിക മാത്രം ബാക്കി നിൽക്കുമ്പോൾ ഒരാൾ സംസാരിക്കുന്ന വാക്കുകൾക്ക് വല്ലാത്തൊരു ആഴം നാം തിരിച്ചറിയാറുണ്ട്. ചില മരണമൊഴികൾ നമ്മെ അത് ഓർമപ്പെടുത്താറുണ്ട്. ക്രിസ്തുവിന്റെ അവസാന വാക്കും പ്രവൃത്തിയും വിശുദ്ധ കുർബാന തന്നെയായിരുന്നു. എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ഇതു ചെയ്യുവിൻ ഒരുപക്ഷെ രണ്ടായിരം വർഷമായിട്ടും മായാത്ത ഓർമയായി അവൻ മാറുമ്പോൾ അവൻ ഓർമിക്കുവാൻ നൽകിയതിന് ആർക്കും വിലയിടാനാവാത്ത മൂല്യമുണ്ട്. സമ്മാനം അത് ചെറുതോ വലുതോ ആകട്ടെ എന്തുതന്നെയായിരുന്നാലും സമ്മാനത്തിന് ആരും മൂല്യം കുറച്ച് കാട്ടാറില്ല. ചിലപ്പോഴൊക്കെ സമ്മാനത്തിന്റെ മൂല്ല്യം കുറച്ചു കാട്ടുമ്പോൾ നാം നിന്ദിക്കുന്നത് സമ്മാനത്തെ മാത്രമല്ല മറിച്ച് സമ്മാനം തന്നവനെതന്നെയാണ്. എന്തിന് ക്രിസ്തു ലോകത്തിലേക്ക് വന്നു എന്ന ചോദ്യത്തിനുത്തരം നമ്മുടെ പാപങ്ങൾ മോചിക്കാനാണ് എന്നതാണ്. പാപങ്ങൾ മോചിക്കുന്നതിനെക്കാൾ ഉപരി, നമ്മെ അവിടുത്തെ മക്കളാക്കാനാണ് ലോകത്തിലേക്ക് ക്രിസ്തു ആഗതനായത്. മക്കളാകണമെങ്കിൽ നാം അവിടത്തെ ഭക്ഷിക്കണം. അവിടത്തെ ഭക്ഷിക്കണമെങ്കിൽ നാം ക്രിസ്തുവായി ജനിക്കണം. ക്രിസ്തുവായി ജനിച്ചാൽ മാത്രമെ ക്രിസ്തുവായി ജീവിക്കുവാൻ സാധിക്കുകയുള്ളൂ. ക്രിസ്തുവായി ജനിച്ച് ക്രിസ്തുവായി ജീവിച്ചവരാണ് വിശുദ്ധ മദർ തെരേസയും വാഴ്ത്തപ്പെട്ട ലൂയിജി മോന്തിയും മറ്റ് സകല വിശുദ്ധരും കാരണം അവർ നടന്നു നീങ്ങിയ വഴികളിൽ ക്രിസ്തീയ സാന്നിധ്യം പലരും തിരിച്ചറിഞ്ഞു. അങ്ങനെ ക്രിസ്തു ജീവിക്കുന്നു എന്ന സത്യം മനസ്സിലാക്കി. ആ തിരിച്ചറിവാണ് അവരെ വിശുദ്ധിയിലേക്ക് നയിച്ചത്. ആധുനിക ലോകത്തിൽ ജീവിക്കുന്ന നമ്മളും അനുദിനം ഉള്ള വിശുദ്ധ കുർബാനയിൽ ക്രിസ്തുവിനെ ഭക്ഷിക്കാറുണ്ട്. പലപ്പോഴും ക്രിസ്തു നമ്മുടെ ഉള്ളിലുണ്ടെന്ന സത്യത്തെ തിരിച്ചറിയാതെ പോകുന്നു. നമ്മുടെ ഉള്ളിലുള്ള ക്രിസ്തുവിനെ അവന്റെ സാന്നിധ്യത്തെ മറ്റുള്ളവർക്ക് പകർന്നു കൊടുക്കുവാൻ മക്കളായ നമുക്ക് കഴിയണം ഇപ്രകാരം ക്രിസ്തുവായി ജീവിച്ചാൽ മാത്രമേ ക്രിസ്തുവായി മരിക്കാൻ സാധിക്കുകയുള്ളൂ.




# വികസനവും വിദ്യാഭ്യാസവും



ഷാന്റി റ്റി. എം.

മനുഷ്യന്റെ സർവോന്മുഖമായ വളർച്ചയിലേക്ക് നയിക്കുന്ന സുപ്രധാന ഘടകങ്ങലിലൊന്നാണ് വിദ്യാഭ്യാസം. മനുഷ്യമനുസ്സുകളിലെ അന്ധകാരം ഇല്ലായ്മചെയ്യുന്നതിലൂടെ സമൂഹത്തിന്റെ വിവിധ തലങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാനും മനുഷ്യനെ മനസ്സിലാക്കാനും അർഥപൂർണമായ ജീവിതത്തിനും വിദ്യാഭ്യാസം അവസരമൊരുക്കുന്നു. വിദ്യാഭ്യാസം എന്നത് കേവലം കലാലയങ്ങളിൽ ഒതുങ്ങിനില്ക്കുന്നത് മാത്രമല്ല മറിച്ച് വിവിധങ്ങളായ മേഖലകളിലെ അറിവ് സമ്പാധനം കൂടിയാണ് ലക്ഷ്യമിടുന്നത്. പുത്തൻ അറിവുകൾ സ്വന്തമാക്കുന്നതോടൊപ്പം മനുഷ്യനിൽ നിലനിൽക്കുന്ന ചില അന്ധവിശ്വാസങ്ങളുടേയും തെറ്റിദ്ധാരണകളുടേയും തിരുത്തലുകൾക്കും അക്രമങ്ങൾക്കുമെതിരെ പോരാടാനുള്ള ആയുധവുമാണ് വിദ്യ. ഇത് വ്യക്തിത്വവികസനത്തിന് കാരണമാകുന്നു. ഓരോ മനുഷ്യന്റെയും വ്യക്തിത്വവികാസം ഓരോ കുടുംബത്തിന്റെയും അത് പിന്നീട് ദേശത്തിന്റെയും രാജ്യത്തിന്റയും ലോകം മുഴുവനുമുള്ള ജനതയുടേയും വികസനത്തിന് കാരണമാകുന്നു. കാലത്തിന്റെയും ദേശത്തിന്റയും മാറിവരുന്ന അഭിരുചികൾക്കും അവബോധങ്ങൾക്കുമനുസരിച്ച് നിരന്തരം നവീകരിക്കപ്പെട്ടുകൊണ്ടാണ് വിദ്യാഭ്യാസം വളർച്ച പ്രാപിക്കുന്നത്. ചുരുക്കത്തിൽ വിദ്യഭ്യാസം തടാകംപോലെ നിശ്ചലമായി നിലകൊള്ളേണ്ടതല്ല പ്രത്യുത പുഴപോലെ നിരന്തരം ഒഴുകിക്കൊണ്ടിരിക്കേണ്ടതാണ്. ഒന്നിരുത്തിചിന്തിച്ചാൽ നമ്മെയൊക്കെ നാമായിമാറ്റാൻ എത്രത്തോളം വിദ്യാഭ്യാസം സഹായിച്ചു എന്ന് വ്യക്തമായി കാണാം. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനനാളുകളിലാണ് ആധുനിക രീതിയിലുള്ള വിദ്യാഭ്യാസം കേരളത്തിന്റെ മണ്ണിൽ വേരോടിത്തുടങ്ങിയത്. സ്വതന്ത്ര്യാനന്തരം സാർവത്രികവും സൗജന്യവുമായ വിദ്യാഭ്യാസത്തിനുള്ള ശ്രമങ്ങൾ പുരോഗമിച്ചതിന്റെ ഫലമായി മുൻതലമുറയെ അപേക്ഷിച്ച് പുത്തൻ തലമുറയിൽ സ്കൂളിന്റെ പടികാണാത്തവർ അപൂർവ്വമോ അപൂർവ്വത്തിൽ അപൂർവ്വമോ ആയിമാറി. മാത്രമല്ല പെൺകുട്ടികൾ ആൺകുട്ടികളെക്കാൾ വിദ്യാഭ്യാസപരമായി ശാക്തീകരിക്കപ്പെട്ടു. അറിവും വൈദഗ്ധ്യവും നല്ലവിദ്യാഭ്യാസവുമുള്ള ജനതയാണ് എപ്പോഴും സമൂഹപരിവർത്തനത്തിന് നാന്ദികുറിക്കുന്നത് എന്നർഥത്തിൽ വിദ്യാഭ്യാസം പുതുമയും വ്യത്യസ്തതയും സമ്മാനിച്ചു.

വാനനിരീക്ഷണം, റോക്കറ്റ് വിക്ഷേപണം, യുദ്ധരംഗം, കലാ-കായിക-ശാസ്ത്രസാഹിത്യരംഗങ്ങൾ വിവര സാങ്കേതികവിദ്യ ഇവയെല്ലാം മനുഷ്യപുരോഗതിയുടെ നാഴികകല്ലായി. ഇതിലൂടെ ചിന്താശേഷി വർദ്ധിപ്പിക്കുന്നു. വ്യത്യസ്തമായ ചിന്തകളും ആശയങ്ങളും ഉത്ഭവിക്കുന്നു. വിദ്യാഭ്യാസം പലതിന്റെയും മാനദണ്ഡമായി മാറുന്നു. വിദ്യാഭ്യാസം പൂർണമാകുന്നതോടെ ഒരു മനുഷ്യന്റെ ഏതാണ്ട് പകുതിയോളം, മാനസികവും ശാരീരികവുമായ വളർച്ച നാം നേടിക്കഴിഞ്ഞു. അതിനാൽ വിദ്യാഭ്യാസം എത്രത്തോളം നാം ആർജിക്കുന്നുവോ അത്രത്തോളം നാം വിനയാന്വിതരാകണം. ആ വിനയവും പക്വതയുമായിരിക്കണം നാം നേടിയെടുക്കേണ്ട വികാസം. സമൂഹത്തിനും ജനതയ്ക്കും വിദ്യാഭ്യാസത്തിന്റെ പ്രാധാന്യവും മഹിമയും പറഞ്ഞു മനസ്സിലാക്കികൊടുക്കുകയും സമൂഹത്തിലിടപെടാൻകിട്ടുന്ന സാഹചര്യങ്ങൾ പൂർണമായും പ്രയോജനപ്പെടുത്തുകയും ചെയ്യുമ്പോൾ വികസനം നമ്മെ അനുധാവനം ചെയ്യും. വിദ്യയെ സ്നേഹിക്കുക, ബഹുമാനിക്കുക, നിന്ദിക്കരുത്. ഇനിയും ഇരുട്ടിൽ കഴിയുന്നവർക്ക് ദീപം പകരുക. ഒപ്പം സ്വയം പ്രകാശിക്കുക. മനുഷ്യന്റെ കൈകളിലെ ഏറ്റവും മൂർച്ചയേറിയ ആയുധമാണ് വിദ്യാഭ്യാസം. ●

# ആത്മീയതയും, മതാത്മകതയും



Sr. Dr. Jeeva Chacko MSJ

ഞാൻ മരിക്കണമോ, ജീവിക്കണമോ എന്നത് മനുഷ്യന്റെ അസ്ഥിത്വപരമായ ഒരു ചോദ്യമാണ്. ജീവിക്കാൻ ഇച്ഛിക്കുന്ന ഒരു മനുഷ്യൻ, അവൻ ഒരു ക്രിസ്തു വിശ്വാസിയാണെങ്കിൽ, തീർച്ചയായും വീണ്ടും ചോദിക്കണം. ഞാൻ ഒരു മതാത്മകനാണോ– അതോ ഒരു വെറും ആത്മീയനാകണമോ ഹൈന്ദവീകത എന്നത് ഒരു സംസ്കൃതിയാണങ്കിൽ ക്രിസ്തീയത ഒരു മതമാണ്. മതമെന്നാൽ ബന്ധം എന്നർഥം. കുറെക്കൂടി വ്യക്തമായി പറഞ്ഞാൽ ക്രിസ്തുമതം എന്നു പറഞ്ഞാൽ ബന്ധമാണ്. അല്ലാതെ ബന്ധനമല്ല. ഇന്ന് പലതരം ആത്മീയതകളും, മതാത്മകതയും തമ്മിൽ കൂട്ടിക്കുഴയ്ക്കുകയും, ചിലപ്പോഴെങ്കിലും ആത്മീയതയെന്നാൽ മതാത്മകത എന്ന് തെറ്റിദ്ധരിക്കുകയും ചെയ്യാറുണ്ട്. ഒരു ഉദാഹരണത്തിലൂടെ ഇത് വിശദീകരിക്കാൻ ശ്രമിക്കാം. ഒരു വ്യക്തി തനിക്ക് കൂടുതൽ ഏകാഗ്രത ലഭിക്കാൻ ഒരു ഡോക്ടറെ സമീപിക്കുന്നു. അദ്ദേഹം തന്റെ പ്രത്യേക പ്രാവിണ്യം ഉപയോഗിച്ച് ശരീരത്തിലെ ശിരസ്സ് മുതൽ പാദം വരെയുള്ള എല്ലാ അവയവങ്ങളെയും നിശ്ചലമാക്കാനുള്ള നിർദേശം നൽകുന്നു. സാവധാനം ശൂന്യമായ മനസ് ഒരുവനിൽ സൃഷ്ടിക്കുന്നു. ഒന്നും ചിന്തിക്കാത്ത അവസ്ഥ. യാതൊന്നും ശല്യപ്പെടുത്താത്ത ഒരു തരം സുഖം. ആരുമായി ബന്ധമില്ലാത്തതും, ബന്ധപ്പെടാൻ ആഗ്രഹിക്കാത്തതുമായ ഒരു നിശബ്ദതയും, ഏകാഗ്രതയും. ഇത് ഉപകാരപ്രദമായ ഒന്നു തന്നെ. പക്ഷെ ഇതുകൊണ്ട് ഒരാൾ ക്രൈസ്തവ വീക്ഷണത്തിൽ മതാത്മകനാകണമെന്നില്ല. കാരണം മനസ് മുഴുവൻ ഒരു ശൂന്യതയാണ് മനശാസ്ത്രപരമായ സമീപനത്തിലൂടെ ഒരുവന്റെ മനസ്സിൽ ഉണ്ടാകുന്നതെങ്കിൽ ഒരു വ്യക്തിയുടെ മനസ്സുമുഴുവൻ ക്രിസ്തുവിനെ കൊണ്ട് നിറയുന്ന അവസ്ഥയാണ് മതാത്മകത. യേശുവിനെക്കൊണ്ട് നിറയുക എന്നുവെച്ചാൽ ദൈവത്തെക്കൊണ്ടും നിറയുക. ഇവിടെ ശൂന്യത അല്ല മറിച്ച് നിറവാണ്. ഇത് എല്ലാം മറക്കലല്ല, സ്മരിക്കലാണ്. ഇവിടെ ബന്ധങ്ങൾ വിച്ഛേദിക്കലല്ല മറിച്ച് പുതിയ ബന്ധങ്ങൾ സ്ഥാപിക്കലാണ്. മാത്രമല്ല ഒരു ക്രൈസ്തവന്റെ മനസ് ക്രിസ്തുവിനായി ദാഹിക്കുന്ന മനസ്സായിരിക്കും. ഇങ്ങനെയാകുമ്പോൾ ഒരു സുഖമല്ല വേദനയാണ് അനുഭവപ്പെടുക. ഉണങ്ങി വരണ്ട നിലം ജലാശയത്തിനായി ദാഹിക്കുന്നതുപോലുള്ള ഒരു ദാഹം. ആത്മീയ പ്രതിഭാസങ്ങൾ എന്നും മാറിക്കൊണ്ടിരിക്കും. എന്നാൽ മതം-ബന്ധം എന്നും നിലനിൽക്കും. ഒരു ക്രൈസ്തവൻ തന്റെ പ്രാർഥനാമണിക്കൂർ ക്രിസ്തുവുമായി തന്നെത്തന്നെ ബന്ധപ്പെടുത്തിക്കൊണ്ടിരിക്കും. ഇത് സഹോദരനുവേണ്ടി നന്മ ചെയ്യാൻ അയാളെ നിർബന്ധിക്കും. അപരന്റെ വേദന, സ്വന്തം വേദനയായി അനുഭവപ്പെടുന്ന ഒരു പ്രതിഭാസം. സഹോദരന്റെ വിഷമങ്ങൾ തന്റെ പ്രാർഥനയെ ശല്യപ്പെടുത്തുന്ന ഒരവസ്ഥ. ഇത് സഹോദരങ്ങൾക്കായി കണ്ണീരൊഴുക്കുവാനും, ആശ്വാസത്തിന്റെ കരങ്ങൾ നീട്ടുവാനും ഒരാളെ പ്രേരിപ്പിക്കും. ഭൂമിയിലേക്കവതരിച്ച വചനവും, പിതാവിന്റെ വലതുകൈയിലേക്കുയർന്ന യേശുവും നൽകുന്ന യഥാർഥ ബന്ധത്തിന്റെ, ആത്മീയതയുടെ തലത്തിലേക്ക് ഞാനും ഉയരും... ഈ നോമ്പ് കാലം നമുക്ക് മാറ്റത്തിന്റെയും, മാറി ചിന്തിക്കലിന്റേതും ആവട്ടെ!



# എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനംചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു (യോഹ 6,56)



Sr.റീബ SIC



യേശുക്രിസ്തു തന്റെ ശരീരരക്തങ്ങൾ നമുക്ക് നൽകുന്ന കൂദാശയാണ് വിശുദ്ധകുർബാന അഥവാ ദിവ്യകാരുണ്യം. നാം നമ്മെതന്നെ സ്നേഹത്തിൽ അവിടുത്തേക്ക് നൽകുവാനും വിശുദ്ധ സംസർഗത്തിൽ അവിടുത്തോട് ഐക്യപ്പെടാനും വേണ്ടിയാണ് നാം അപ്രകാരം ചെയ്യുന്നത്. അങ്ങനെ നാം ക്രിസ്തുവിന്റെ ഏക ശരീരത്തോട്, സഭയോട് ഐക്യപ്പെടുന്നു (മതബോധനഗ്രന്ഥം 1322, 1324, 1409, 1413). കാൽവരി മലയിൽ നാഥൻ തന്നെത്തന്നെ സമർപ്പിച്ചതിന്റെ പൂർണതയാണ് നാമിന്ന് അനുദിനവും അനുഭവിക്കുന്ന വിശുദ്ധ കുർബാന. ദൈവം നമ്മോടുകൂടെ എന്നർഥമുള്ള ഇമ്മാനുവേൽ എന്ന പേരിന്റെ പൂർണത വിശുദ്ധ കുർബാനയിൽ നാം കാണുന്നു. വിശുദ്ധ കുർബാന നമ്മുടെ ആത്മീയ ജീവിതത്തിൻറെ ഉറവിടവും ശക്തിയുമാണ്. കത്തോലിക്കാസഭയിലെ മൂന്നാമത്തെ പ്രാരംഭ കൂദാശയാണ് ദിവ്യകാരുണ്യം. കൂദാശകളുടെ കൂദാശ എന്നാണ് വിശുദ്ധ കുർബാനയെ നാം വിളിക്കുന്നത്. യേശുവിന്റെ കുരിശിലെ രക്ഷാകര ചരിത്രത്തെ മുഴുവൻ പുനരവതരിപ്പിക്കുന്ന വേദിയുമാണ് വിശുദ്ധ ബലി. അങ്ങനെ കുർബാന ആഘോഷം ക്രൈസ്തവ ജീവിതത്തിന്റെ ഉറവിടവും പരമ കോടിയുമാണ് LG 11.

**ഇത് എന്റെ ഓർമയ്ക്കായി ചെയ്യുവിൻ (1 കോറി 11,24)**

അന്ത്യത്താഴ വേളയിൽ യേശു തന്റെ ശിഷ്യന്മാരോട് പറയുന്ന ഏറ്റവും പ്രധാനപ്പെട്ട വാക്യങ്ങളിൽ ഒന്നാണിത്. ഈ വാക്യം സുവിശേഷ ഭാഗങ്ങളിലും കൂടാതെ ലേഖന ഭാഗങ്ങളിലും കാണുന്നു. പഴയ നിയമത്തിലേക്ക് നാം കടന്നുചെല്ലുമ്പോൾ ഇസ്രായേൽ ജനത വിശന്നു വലഞ്ഞു മരുഭൂമിയിലൂടെ നടക്കുമ്പോൾ ദൈവം അവരുടെ മേൽ ഒരു കരവലയം സൃഷ്ടിക്കുകയാണ്. അവരുടെ മുൻപിൽ അവിടുന്ന് മന്നയും കാടപ്പക്ഷി യുമായി അവതരിക്കുന്നു. ഇതിന്റെ ഒരു ആവിഷ്കരണ മാണ് പുതിയ നിയമത്തിൽ നാം കാണുന്നത്. ഈശോ തന്റെ ശിഷ്യന്മാരുടെ പാദങ്ങൾ കഴുകി വിനയാന്വിത നായി വിശുദ്ധ കുർബാന സ്ഥാപിക്കുന്നതും നാം കാണുന്നു. സ്നേഹത്തിന്റെ ബലിയാണ് വിശുദ്ധ കുർബാന. "നീ നിന്റെ സഹോദരനുമായി രമ്യതപ്പെട്ടതിനു ശേഷം വന്നു ബലിയർപ്പിക്കുക'' എന്ന് വളരെ വ്യക്തമായി യേശു ചൂണ്ടികാണിക്കുന്നു.

വിശുദ്ധ ജോൺ മരിയ വിയാനി ഇപ്രകാരം പറയുന്നു "തന്നെക്കാൾ മഹത്തായ എന്തെങ്കിലും ഉണ്ടായിരുന്നു വെങ്കിൽ ഇതിനേക്കാൾ മഹത്തായ ഒന്ന് ദൈവം നമുക്ക് തരുമായിരുന്നു''. മനുഷ്യവംശത്തെ വീണ്ടെടുക്കാൻ പിതാവായ ദൈവം പുത്രനെ തന്നെ വിട്ടു കൊടുത്ത പ്പോൾ പുത്രൻ ഈ ലോകത്തിലെ ജനങ്ങളെ തന്നോട് അടുപ്പിച്ച് സ്വന്തം ജീവൻ തന്നെ നൽകാൻ അവൻ മനസായി. അങ്ങനെ വിശുദ്ധകുർബാന മനുഷ്യരോടുള്ള സ്നേഹത്തിന്റെ ആച്ചാരമാണ്. ഈ വിശുദ്ധകുർബാന

വിനയത്തിന്റെ, ത്യാഗത്തിന്റെ, സഹനത്തിന്റെ അതിലുപരി സ്നേഹത്തിന്റെ ബലിയാണ്. വിശുദ്ധ കുർബാന വഴി ബലിയാകുവാനും ബലിയേകുവാനുമുള്ള ദൗത്യമാണ് ഈ ഭൂമിയിൽ സഭയ്ക്കുള്ളത്. ഇതുവഴി സഭാംഗങ്ങൾ ഏവരും ബലിയായി തീരുന്നു. വിശുദ്ധ കുർബാനയാണ് ഏറ്റവും പരമോന്നതമായ ആരാധന. ഈശോ പിതാവിന് അർപ്പിച്ച പരമമായ ബലിയുടെ കൗദാശികമായ ആഘോഷമാണിത്

യേശുവിന്റെ ഭൂമിയിലെ മണവാട്ടിയായ സഭയ്ക്ക് ജീവൻ പകരുന്നത് വിശുദ്ധ കുർബാന ആണെന്ന് പറയുമ്പോൾ അത് അനുദിനം ഉള്ള വിശ്വാസപ്രഖ്യാപനം മാത്രമല്ല പ്രത്യുത സഭ എന്ന രഹസ്യത്തിന്റെ പുനരാവർത്തനം കൂടിയാണ്. 'യുഗാന്ത്യം വരെ ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും' (മത്താ 28,20) എന്ന ക്രിസ്തുനാഥന്റെ വാഗ്ദാനത്തിന്റെ നിരന്തര പൂർത്തീകരണത്തോടൊപ്പം മനുഷ്യനിർമിതമായ അപ്പവും വീഞ്ഞും ഒരു വൈദികന്റെ കരങ്ങളിലൂടെ യേശുവായി രൂപാന്തരപ്പെടുന്നതിലൂടെ അവിടുത്തെ സാന്നിദ്ധ്യം ശക്തവും വ്യക്തവും ആയി അനുഭവിക്കുകയും ചെയ്യുന്നു.

ദൈവത്തിന് എന്നെ കാണാൻ വിശുദ്ധ കുർബാനയുടെ ആവശ്യമില്ല. അവിടുന്ന് എന്നെ പൂർണമായും അറിയുന്നവനാണ്. നമുക്ക് ദൈവത്തെ അറിയണമെങ്കിൽ അവന്റെ സ്നേഹം, ത്യാഗം, ഇവയൊക്കെ മനസിലാക്കണമെങ്കിൽ വിശുദ്ധ കുർബാനയോട് ഇഴുകിച്ചേരണം. അൾത്താരയിൽ നാം ദൈവത്തെ ദർശിക്കുന്ന സമയമാണ് വിശുദ്ധ കുർബാന. എന്നെ അറിയുന്ന ഒരു ദൈവം ഓരോ അൾത്താരയിലും മുറിയപ്പെടുന്നുണ്ട്. എനിക്ക് അനുഭവിക്കുവാൻ എന്നതിനേക്കാളുപരി സ്വന്തമാക്കുവാൻ കൂടിയാണ് യേശു അപ്പമാകുന്നത്. നാം നമ്മുടെ അനുദിനജീവിതത്തിൽ വിശുദ്ധ കുർബാന ഒഴിവാക്കാറുണ്ടോ? ഈ ബലിജീവിതത്തെ ആഴത്തിൽ അറിയുന്നതിനും മനസ്സിലാക്കുന്നതിനും നാം വിമുഖത കാട്ടാറുണ്ടോ?

അനുബന്ധമായി ഓഷോ രജനീഷ് പറഞ്ഞത് കൂടി... ബുദ്ധനും ക്രിസ്തുവും തമ്മിലുള്ള വ്യത്യാസം ഇതായിരുന്നു. 'ഓർമയ്ക്കായി എനിക്ക് എന്തെങ്കിലും തരിക'. ആനന്ദൻ ബുദ്ധനോട് ആവശ്യപ്പെട്ടു. പിരിയുമ്പോൾ ഒരു മുല്ലപ്പൂ എടുത്ത് അവന്റെ കരങ്ങളിൽ കൊടുത്തു. ഇതുസൂക്ഷിക്കുക. ബുദ്ധന്റെ മനസ്സിന്റെ സുഗന്ധം പോലെ ആ മുല്ലപ്പൂവിന്റെ സൗരഭ്യം ആനന്ദന്റെ കൂടെ പ്രഭാതത്തിൽ, മധ്യാഹ്നത്തിൽ, സന്ധ്യയിൽ പിന്നീട് മുല്ലപ്പൂവാടി പതുക്കെപതുക്കെ ആനന്ദന്റെ മനസ്സിൽ നിന്ന് ബുദ്ധന്റെ ഓർമകളും

ജീവിതത്തിൽ മറ്റുള്ളവർ യേശുവിനെ അറിയാൻ അവൻ തന്നെത്തന്നെ വിഭജിച്ചു നല്കി, അവന്റെ ശരീരവും രക്തവും നമുക്കായി നൽകിക്കൊണ്ട്. നമുക്കും പരസ്പരം പങ്കുവയ്പിന്റെ അനുഭവത്തിലേക്കു കടന്നു വരാം.

●

# ക്രിസ്തുവെ നിനക്കായി...

**ബിബിൻ സെബാസ്റ്റിൻ CFIC**



ജീവിതത്തിൽ പരാജയപെടാത്തവരായി ആരുമുണ്ടാകില്ല എന്നാൽ നമ്മുടെയൊക്കെ ജീവിതത്തിൽ പലരും നമ്മോട് പറഞ്ഞിട്ടുണ്ടാകാം നീയെന്തൊരു പരാജയമാണെന്ന്. ശരിക്കും എന്താണ് ഈ പരാജയം കൊണ്ട് അർഥമാക്കുന്നത്? ക്രിസ്തു ശരിക്കും നമുക്ക്വേണ്ടി പരാജയങ്ങൾ ഏറ്റുവാങ്ങിയവനല്ലേ? വിജയം നമ്മളെ ലോകത്തിലേക്ക് നയിക്കുമ്പോൾ പരാജയം നമുക്ക് ലോകത്തെ മനസിലാക്കിത്തരുന്നു. ക്രിസ്തു ശരിക്കും ലോകത്തെ മനസിലാക്കിത്തരുകയല്ലേ ചെയ്തത്. ജീവിതത്തിൽ ഒത്തിരിയേറെ സൗഭാഗ്യങ്ങൾ അനുഭവിക്കുവാൻ അവസരമുണ്ടായിട്ടും അതെല്ലാം നമുക്കുവേണ്ടി ഉപേക്ഷിച്ചവൻ. 12-ാം വയസിൽ തന്നെ അന്വേഷിച്ചുവന്ന മാതാപിതാക്കൻമാരോട് എന്തിനാണ് എന്നെ അന്വേഷിക്കുന്നത് എന്ന് ചോദിച്ചവൻ. ശിഷ്യൻമാരെ കൂട്ടത്തിൽ കൊണ്ടുനടന്ന് അവർക്ക് ധൈര്യം പകർന്ന് വിശുദ്ധകുർബാന സ്ഥാപിച്ചവൻ. കൂട്ടത്തിൽകൂടിയവൻ തന്നെ ഒറ്റിക്കൊടുക്കും എന്നറിഞ്ഞിട്ടുപോലും അവനോട് ക്ഷമിച്ചവൻ. പിതാവെ കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്നും എടുത്തുകളയണമെ എന്ന് പറഞ്ഞിട്ടും, എന്റെ ഇഷ്ടമല്ല; അവിടുത്തെ ഇഷ്ടം നിറവേറട്ടെ എന്ന് പറഞ്ഞവൻ. എന്തിനേറെ കാൽവരിയിലെ കുരിശിൻമേൽ തന്റെ അവസാന തുള്ളി രക്തം പോലും നമുക്ക് വേണ്ടി ചിന്തി മൂന്ന് ആണിപ്പഴുതുകളാലും ഒരു തുണ്ട് വസ്ത്രത്താലും കുരിശിന്മേൽ തൂങ്ങിക്കിടന്നവൻ. ശരിക്കും എന്തിനായിരുന്നു കർത്താവെ ഇതെല്ലാം? എന്തിനായിരുന്നു ഈ പരാജയം?

●

# ഉപവിയുടെ ഉറവിടം



ഷെറിൻ നെടിയകാലായിൽ CFIC



വാക്കുകളിൽ ഒതുക്കി നിർത്താൻ കഴിയാത്ത അനന്ത രഹസ്യമാണ് ദൈവസ്നേഹം. പലപ്പോഴും പലരും തങ്ങളുടെ ദൈവസ്നേഹാനുഭവങ്ങളെ വർണ്ണിക്കുമ്പോൾ നമുക്ക് അത് മനസ്സിലാകാത്തതിന്റെ കാരണവും ഇതു തന്നെയാണ്. ദൈവത്തിന് മാത്രമേ ഈ രഹസ്യം ഗ്രഹിക്കുന്നതിന് മനുഷ്യരെ സഹായിക്കാൻ കഴിയൂ. തന്റെ സ്നേഹത്തിന്റെ ആഴവും പരപ്പുമെല്ലാം മനുഷ്യന് പറഞ്ഞുകൊടുക്കാൻ ദൈവമെടുത്ത ഏറ്റവും വലിയ തീരുമാനമാണ് വി. കുർബാന. രക്ഷാകര പദ്ധതിയുടെ ആരംഭം മുതലും, ക്രിസ്തുവിന്റെ പീഢാസഹന ഉത്ഥാന രഹസ്യങ്ങളിലുമെല്ലാം വെളിപ്പെടുത്തപ്പെട്ട തന്റെ സ്നേഹം, ദൈവം ഈ ചെറിയ അപ്പക്കഷ്ണത്തിലും, വീഞ്ഞിൻ തുള്ളിയിലും സംഗ്രഹിച്ചു. അനന്തരം അതിന് വി. കുർബാനയെന്ന് പേരും നൽകി. ലോകമെമ്പാടുമുള്ള അൾത്താരകളിൽ ഇട മുറിയാതെ ഒരുക്കപ്പെടുന്ന ഈ മഹാവിരുന്നിലേക്ക് അവിടുന്ന് നിരന്തരം നമ്മെ ക്ഷണിക്കുന്നു. യഥാർഥത്തിൽ ഓരോ വി. കുർബാനയർപ്പണവും, ദൈവം തന്റെ അതിരില്ലാത്ത സ്നേഹത്തിൽ നമ്മുടെ ആത്മാക്കളെ ഉന്മത്തരാക്കുന്ന പ്രക്രിയയാണ്. എന്നാൽ ഈ സ്നേഹത്തിന്റെ ഉന്മാദം അനുഭവിക്കാൻ കഴിയുന്നില്ലെങ്കിൽ നമ്മുടെ ആത്മാവിലെവിടെയോ സ്നേഹം തണുത്തുറയാൻ തുടങ്ങിയിട്ടുണ്ടെന്ന് (മത്തായി. 24.12) നാം മനസ്സിലാക്കണം.

ഈ സ്നേഹോന്മാദം ലോകത്തിനു നൽകുക എന്നതാണ് അടിസ്ഥാനപരമായി നമ്മുടെ വിളി. പരിശുദ്ധാത്മാവിന്റെ ആവാസത്തിനു ശേഷം, ഈ അനുഭവത്തിന്റെ മൂർധന്യാവസ്ഥയിൽ, സെഹിയോൻ മാളികയുടെ വാതിലുകൾക്കപ്പുറം, ലോകത്തിന്റെ അതിരുകൾ തേടി അപ്പസ്തോലന്മാർ ഇറങ്ങി (അപ്പ.2.5-13). പകർന്നുകൊടുക്കുംതോറും ഇരട്ടിക്കുന്ന ഈ അനുഭവം, ഓരോരുത്തരും തങ്ങളുടെ ജീവിതത്തിൽ സ്വന്തമാക്കേണ്ടത് വി. കുർബാനയിൽ നിന്നാണ്. കാരണം ദൈവം ഇത്രയധികം സജീവനായി ഈ ഭൂമിയിൽ മറ്റെവിടെയാണുള്ളത്! പരിശുദ്ധ സഭ തന്റെ സകല നന്മകളും, പുണ്യങ്ങളും കണ്ടെത്തുന്നതും ഈ മഹാരഹസ്യത്തിൽ നിന്നാണ് (ലൂമെൻ ജെൻസിയം.11). തിരുസഭയുടെ എല്ലാ ഉപവിപ്രവർത്തനങ്ങളുടേയും ലക്ഷ്യം ഈ വി. കുർബാനയനുഭവത്തിന്റെ പങ്കുവെയ്ക്കലാണ്. ഈ വലിയ അനുഭവത്തിന്റെ അഭാവത്തിൽ നാം എന്തെല്ലാം ചെയ്താലും, അതെല്ലാം പല ജീർണ്ണതകൾക്കും കാരണമാകും.

കഴിഞ്ഞ രണ്ടായിരത്തിൽപ്പരം വർഷങ്ങൾക്കു മേലേ, ലോകത്തിലെ സജീവ സാന്നിദ്ധ്യമായി, നിരവധി ഉപവി പ്രവർത്തനങ്ങളുമായി സഭ നിലകൊള്ളുമ്പോഴും, ഇനിയും ക്രിസ്തുസ്നേഹം തിരിച്ചറിയാത്ത അതിരുകൾ ലോകത്തിന് ഉണ്ടെന്നുള്ളത്, നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ (മാർക്കോസ്. 16.15) എന്ന ക്രിസ്തു സന്ദേശം നാം എത്ര മാത്രം സ്വീകരിച്ചു എന്നതിനേക്കുറിച്ച് ഒരു ആത്മവിമർശനത്തിന് നമ്മെ ക്ഷണിക്കുന്നുണ്ട്. സുവിശേഷം നമുക്ക് പ്രാഥമികമായി ലഭിക്കുന്നത് പരിശുദ്ധ കുർബാനയിലാണ്. അപ്പത്തിലും, വചനത്തിലും തിരിച്ചറിയുന്ന ക്രിസ്തുവിനെയാണ് നാം ഉപവിയുടെ പേരിൽ നടത്തുന്ന എല്ലാ പ്രസ്ഥാനങ്ങളിലും പങ്കുവയ്ക്കേണ്ടത്. നമ്മുടെ ഉപവി പ്രവർത്തനങ്ങൾ അതു സ്വീകരിക്കുന്നവരെ ക്രിസ്തുവിലേക്ക് നയിക്കുന്നില്ലെങ്കിൽ, നാം ശൂന്യഹൃദയരായാണ് ബലിയർപ്പിക്കുന്നതെന്ന് സാരം. നിറഞ്ഞ ഹൃദയത്തോടെ ബലിയർപ്പിക്കുന്ന ക്രിസ്ത്യാനിക്ക്, തിളങ്ങുന്ന കുർബാനക്കുപ്പായത്തിലെ ക്രിസ്തുവിനെ മാത്രമല്ല, അരയിൽ വെൺകച്ചകെട്ടി പാദക്ഷാളനം നടത്തുന്ന ക്രിസ്തുവിനേയും തിരിച്ചറിയാൻ കഴിയും. ഈ തിരിച്ചറിവാണ് സഭയെ ഉപവിയുടെ കൂദാശയാക്കി മാറ്റുന്നത്.

# ഗത്സേമൻ നൽകുന്ന പാഠം




സൈജു ജോസ് CFIC

അവൻ അല്പദൂരം മുന്നോട്ടുചെന്ന് കമിഴ്ന്നു വീണു പ്രാർഥിച്ചു എന്റെ പിതാവേ, സാധ്യമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്ന് അകന്നു പോകട്ടെ എങ്കിലും എന്റെ ഹിതമല്ല അവിടുത്തെ ഹിതം നിറവേറട്ടെ (മത്താ 26:39)

സ്വയം കുരിശുമരണത്തിന് ഏൽപ്പിക്കപ്പെടുന്നതിനു മുൻപ് യേശു തന്നെത്തന്നെ ശക്തിപ്പെടുത്തുവാൻ തിരഞ്ഞെടുത്ത സ്ഥലമാണ് ഗത്സേമനി. ഒരേസമയം പൂർണ മനുഷ്യനും പൂർണ ദൈവവുമായി ജീവിച്ച ഈശോമിശിഹാ, മനുഷ്യൻ എന്ന നിലയിൽ തന്റെ മാനുഷികമായ ബലഹീനതകളെ അതിജീവിക്കുവാൻ തിരഞ്ഞെടുത്ത ഇടമാണ് ഗത്സേമനി. ജീവിതത്തിൽ എനിക്ക് നേരിടേണ്ടി വരുന്ന വെല്ലുവിളികളിലും, ബുദ്ധിമുട്ടുകളിലും പതറിവീഴാതെ അവയെ അതിജീവിക്കുവാനും എന്റെ സ്വാർഥതയ്ക്കും അഹങ്കാരത്തിനും തന്നിഷ്ടത്തിനുമപ്പുറം ദൈവത്തിന്റെ ഹിതം എന്നിലൂടെ പൂർത്തിയാക്കുവാൻ ഞാൻ സ്വയം രൂപപ്പെടുത്തുകയും കടന്നു പോവുകയും ചെയ്യേണ്ട ഒരു ഗത്സേമൻ അനുഭവം തീർച്ചയായും എന്റെ ജീവിതത്തിൽ ഉണ്ടാകണം. ആ ഗത്സേമൻ അനുഭവം നൽകുന്ന ഉൾക്കാഴ്ചകൊണ്ട് മാത്രമേ ദൈവഹിതം എന്റെ ജീവിതത്തിൽ എങ്ങനെ വേണമെന്ന് ഞാൻ തിരിച്ചറിയുകയുള്ളൂ.

താൻ കടന്നുപോകാനിരുന്ന സഹനത്തെക്കുറിച്ച് യേശുവിനു ബോധ്യമുണ്ടായിരുന്നു. എന്നാൽ കുരിശുമരണത്തിന്റെ പടിവാതിൽക്കൽ എത്തി നിൽക്കുമ്പോൾ ദൈവമായിട്ടും, പരിപൂർണ്ണ മനുഷ്യനായി യേശു പതറിപ്പോവുകയാണ്. തീവ്രമായ ദുഃഖത്താൽ താൻ മരണത്തോളം എത്തിയിരിക്കുന്നു എന്ന യേശുവിന്റെ വാക്കുകളും അവന്റെ രക്തംവിയർപ്പായി മാറുന്നതും അതിന്റെ സൂചനയാണ്. തന്നെത്തന്നെ പിതാവിന് പൂർണമായും സമർപ്പിച്ചുകൊണ്ട് സകല മനുഷ്യരുടെയും രക്ഷക്ക് വഴിയൊരുക്കിയ നിർണായകമായ തീരുമാനം ഗത്സേമനിലെ പ്രാർഥനക്കിടയിൽ യേശു നടത്തുന്നു. സ്വന്തം ആഗ്രഹവും ദൈവഹിതവും തമ്മിൽ മൽപ്പിടുത്തമുണ്ടാകുമ്പോൾ ദൈവഹിതം വിജയിക്കേണ്ടതിന്റെ അനിവാര്യതയിലേക്ക് ഗത്സേമൻ തോട്ടം വിരൽചൂണ്ടുന്നു. ആ മത്സരത്തിൽ വിജയിക്കണമെങ്കിൽ ഗത്സേമൻ പോലെ ദൈവസാന്നിധ്യമുള്ള ഇടങ്ങളിലാണ് നാം ഉത്തരം തേടേണ്ടത്. കല്ലുകളും മുള്ളുകളും നിറഞ്ഞ ആ മലയിടുക്കിലേക്ക് എത്തണമെങ്കിൽ പരിത്യാഗത്തിന്റയും വേദനയുടെയും വഴികളിൽ സഞ്ചരിക്കണം. എങ്കിൽ മാത്രമേ എനിക്ക് ഗത്സേമൻ അനുഭവമുണ്ടാകൂ. ആ അനുഭവത്തിന്റെ പ്രചോദനത്താൽ എന്റെ ജീവിതമാകുന്ന കുരിശിന്റെ വഴിയിലെ ഓരോ വേദനകളേയും അതിജീവിക്കുമ്പോഴേ ഉത്ഥാനമാകുന്ന വിജയത്തിന്റെ മധുരം എനിക്കും നുണയാൻ സാധിക്കുകയുള്ളൂ. അതിനുള്ള അനുഗ്രഹം ഈ വിശുദ്ധവാരം നമുക്ക് നൽകട്ടെ.





# ഇടയൻ അജഗണാംഗമാകണം

റവ. ഫാ. ഷാജി കരിംപ്ലാനിൽ OFM Cap

പഴയനിയമത്തിൽ അബ്രാഹത്തിന്റെ വിശ്വാസത്തിന് പ്രതിഫലമായി, മകൻ ഇസഹാക്കിനു പകരം, യഹോവ ഒരു ആടിനെ ബലി അർപ്പിക്കാനായി അദ്ദേഹത്തിന് കൊടുക്കുന്നുണ്ട്. പക്ഷേ ഈ ആട്, ബലിയേയും ദൈവത്തെയുമൊക്കെ എങ്ങനെയായിരിക്കും നോക്കിക്കണ്ടത്? ഈ ആടിന്റെ പോലും വേദനയെ നെഞ്ചിലേറ്റിയവനായിരുന്നു പുതിയ നിയമത്തിൽ യേശു. അതുകൊണ്ടവൻ തീരുമാനിച്ചു: ഇനിമേൽ ദൈവത്തിനും സ്വർഗത്തിനും വേണ്ടി ഒരാടിന്റെ പോലും ജീവൻ നഷ്ടപ്പെടാൻ പാടില്ല. ആടുകളെ ബലിയർപ്പിക്കാതിരിന്നിട്ടും, ജന്മം കൊണ്ട് അവൻ മഹാപുരോഹിതനായതങ്ങനെയാണ് –ആടുകൾക്ക് പകരമായി ആത്മത്യാഗം ചെയ്ത്.

ഇടയസങ്കൽപവുമായി ബന്ധപ്പെടുത്തി പ്രചാരത്തിലിരിക്കുന്ന പൗരോഹിത്യത്തെക്കുറിച്ചുള്ള വ്യാഖ്യാനങ്ങൾ നമുക്ക് സുപരിചിതമാണ്. പുരോഹിതൻ ഇടയനും ജനം അജഗണവുമായതുകൊണ്ട്, പുരോഹിതൻ ഭരിക്കേണ്ടവനും നയിക്കേണ്ടവനും പഠിപ്പിക്കേണ്ടവനുമാണ്. അപ്പോൾ അജഗണമോ? അവർ ഭരിക്കപ്പെടേണ്ടവരും നയിക്കപ്പെടേണ്ടവരും പഠിപ്പിക്കപ്പെടേണ്ടവരും ആയിമാറുന്നു. അങ്ങനെയൊക്കെ സംഭവിച്ചു പോകുന്നതുകൊണ്ടാണ് ഒരു കോളജദ്ധ്യാപകൻ വേദനയോടെ പറഞ്ഞത്, അദ്ദേഹത്തിന്റെ വിദ്യാർഥിയായ ഒരു പുരോഹിതൻ ആ കോളേജിൽതന്നെ പ്രിൻസിപ്പാളായപ്പോൾ, അദ്ദേഹത്തെ പേര് വിളിച്ചാണ് അഭിസംബോധന ചെയ്യുന്നതെന്ന്. യേശു പക്ഷേ ഭരിക്കുകയായിരുന്നില്ല, കാലു കഴുകുകയായിരുന്നു; നേതാവായി ചമയുകയായിരുന്നില്ല, ദാസനാകുകയായിരുന്നു; പഠിപ്പിക്കുക എന്നതിനേക്കാളുപരി ജീവിതംകൊണ്ട് വെല്ലുവിളി ഉയർത്തുകയായിരുന്നു. ആടുകൾ ഇടയന് വേണ്ടിയായിരുന്നില്ല, ഇടയൻ ആടുകൾക്കു വേണ്ടിയായിരുന്നു ജീവിച്ചത്. ‘‘നല്ലൊരു പള്ളി മുറി പോലുമില്ല’’ എന്ന് പരാതിയോ, “മൊബൈൽ റേഞ്ചില്ലാത്ത കുഗ്രാമം” എന്ന പരിഹാസമോ അവനിൽനിന്ന് ഉയർന്നില്ല.

ഭരിക്കുക, പഠിപ്പിക്കുക, നയിക്കുക എന്നീ ത്രിവിധ ദൗത്യങ്ങളുടെ കാര്യത്തിൽപോലും എത്രമാത്രം സുസജ്ജരായിട്ടാണ് ഇന്നത്തെ പുരോഹിതർ സെമിനാരികളിൽ നിന്ന് പുറത്തിറങ്ങുന്നതെന്ന് ആത്മാർഥമായ ഒരു അന്വേഷണം നടത്തേണ്ടിയിരിക്കുന്നു. കേരള സാംസ്കാരിക മണ്ഡലത്തിൽ അവഗണിക്കാനാവാത്ത സാന്നിദ്ധ്യമായി നിൽക്കാൻ മാത്രം ജ്ഞാനമുള്ള എത്ര വൈദികർ ഉണ്ട്? ആത്മീയ ജീവിതത്തിന്റെ അരികുകളിൽ നിന്ന് ആഴങ്ങളിലേക്ക് കൂട്ടിക്കൊണ്ടു പോകുവാൻ തക്കവിധം ആത്മീയ ദർശനമുള്ളവരാണോ എല്ലാ ആത്മീയ പാലകരും? ‘നമുക്ക് പ്രാർഥിക്കാം’ ഒന്നു മറന്നതിന്റെ പേരിൽ, സാരിത്തലപ്പ് ഒന്നൂർന്നുപോയതിന്റെ പേരിൽ ക്ഷുഭിതരായി പോകുന്ന വൈകാരിക പക്വതയില്ലാത്തവരുമില്ലേ പുരോഹിതരുടെ ഇടയിൽ?

വെറുതെ വിരൽ ചൂണ്ടുകയല്ല. ആരാലും അറിയപ്പെടാതെ, നിശബ്ദരായി യേശുവിന്റെ ജീവിതശൈലി പിന്തുടരുന്ന അനേകരുണ്ടിവിടെ. പക്ഷേ നമ്മൾ പൂജിച്ചുപോയ, ഇനിയും പൂജിക്കാനാഗ്രഹിക്കുന്ന ചില വിഗ്രഹങ്ങളെങ്കിലും പെട്ടെന്നുടഞ്ഞുപോകുന്ന കളിമൺ വിഗ്രഹങ്ങളാണെന്നറിയുമ്പോൾ ഉണ്ടാകുന്ന ഒരു വേദനയുണ്ട്. ഈ വേദന വെറുപ്പായി മാറുമ്പോഴാണ് മിമിക്രിക്കാരൻ ‘കുഞ്ഞാടുകളെ’ എന്ന് വിളിച്ചു വൈദികരെ പരിഹസിക്കുന്നത്.

ക്രിസ്തു മാറിനിന്ന ഒരിടയനായിരുന്നില്ല, അജഗണത്തിലൊരംഗം പോലെയായിരുന്നു. അതുകൊണ്ടാണ് സകലരാലും പരിഹസിക്കപ്പെട്ടിരുന്നവൾക്ക് ഏമാന്റെ വീട്ടിലിരുന്ന് വിരുന്നുണ്ണുന്ന യേശുവിന്റെയടുത്തു സധൈര്യം കടന്നുചെല്ലാനായത്. മതപുരോഹിതന്മാർ കുഷ്ഠരോഗത്തെ ദൈവനിയമമുപയോഗിച്ച് വ്യാഖ്യാനിച്ച് രോഗിയുടെമേൽ പാപം കൂടി വച്ച്കെട്ടിയപ്പോൽ, അവൻ സകലനിയമവും മാറ്റിവെച്ച് അവരെ സ്പർശിക്കുകയായിരുന്നു. ഒരുടുപ്പുണ്ടായിരുന്നത് അലക്കി, ഉണക്കാൻ ഇട്ടിട്ട് മറ്റൊന്ന് ഇല്ലാതെയാണ് “ദരിദ്രരേ, നിങ്ങൾ ഭാഗ്യവാന്മാർ” എന്നവൻ പഠിപ്പിച്ചത്.

വഴിപോക്കൻ കൈകൂപ്പി ‘‘ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ’’ ചൊല്ലുമ്പോൾ അത് വൈദികന് ഓർമ്മപ്പെടുത്തലായി, വെല്ലുവിളിയായി മാറണം. താൻ ആരുടെ പകർപ്പായി ആണ് നടക്കുന്നതെന്ന വിചാരം അയാളെ നിരന്തരം ശല്യപ്പെടുത്തട്ടെ. പുറത്തുള്ളവരെക്കാൾ കൂടുതൽ ഒരു പ്രസ്ഥാനം ഭയക്കേണ്ടത് അകത്തുള്ളവരെയാണ്. യേശുവിന്റെ ശിഷ്യർമൂലം യേശു പരാജയപ്പെട്ടുകൂടാ. യേശു സ്വന്തമെന്ന് കരുതിയ കരുത്തു കുറഞ്ഞവർ പരാജയപ്പെട്ടുകൂടാ. ഇന്നത്തെ ഇടയർ അന്നത്തെ ഇടയനെ നെഞ്ചിലേറ്റി, അജഗണത്തിന്റെ ഭാഗമായിത്തീരുക.

●

# ക്രൂശിതന്റെ പിന്നാലെ...



ഫാ. ജിറ്റോ ആന്റണി CFIC

കാലിത്തൊഴുത്തുമുതൽ കാൽവരിമലവരെ നീണ്ട അർഥസമ്പൂർണ്ണമായ ഒരു ജീവിതത്തിന്റെ ചെറിയ പര്യവസാനമായിരുന്നു കാൽവരിയിലെ ക്രൂശിതനിൽ നാം കാണുന്നത്. ഇരുപത് സംവത്സരങ്ങൾക്കപ്പുറത്തെ ചരിത്രമുറങ്ങുന്ന ആ ദുഃഖവെള്ളി മറ്റ് ദിനങ്ങളിൽ നിന്ന് ഏറെ വിഭിന്നമാണ്. അന്നെ ദിനമാണ് നസ്രായൻ സ്നേഹം കൊണ്ട് ലോകത്തെ കീഴടക്കിയത്. ആ നാളിലാണ് ക്രൂശിതനായ ഈശോയുടെ തിരുരക്തം എനിക്കായ് ചിന്തപ്പെട്ടത്. അന്നാണ് അവഹേളനത്തിന്റെ ചിഹ്നമായ കുരിശ് മഹത്വത്തിന്റെ ചിഹ്നമായി ഉയർത്തപ്പെട്ടത്. അന്നാണ് തിരുവെഴുത്തുകൾ പൂർത്തിയായത്. ദുഃഖവെള്ളിയുടെ പാവനസ്മരണ നാം കൊണ്ടാടുമ്പോൾ ക്രൂശിതൻ നടന്ന വഴിയിലൂടെ ഹൃദയത്തിൽ നാം യാത്രചെയ്യണം. റോമൻ സൈന്യത്തിന്റെ പീഡനഉപകരണമായ കുരിശിൽ ഏറ്റപ്പെടുന്നവർ നീണ്ടസമയം മരണത്തോട് മല്ലടിച്ച് വലിയവേദനകൾ സഹിച്ച് അവഹേളിക്കപ്പെട്ടാണ് മരണം വരിക്കാറുള്ളത്. അപ്രകാരമൊരു മരണംതന്നെയാണ് ക്രിസ്തുവിനേയും കാത്തിരുന്നത്. ക്രിസ്തുവിന്റെ സഹനയാത്ര ആരംഭിക്കുന്നത് ഗത്സേമനിയിലെ മനമുരുകിയുള്ള പ്രാർഥനയോടെയാണ്, എന്റെ പിതാവെ, സാധ്യമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നകന്നു പോകട്ടെ എങ്കിലും എന്റെ ഹിതം പോലെയല്ല അവിടുത്തെ ഹിതം പോലെയാകട്ടെ(മത്താ 26,39) എന്നതായിരുന്നു ആ പ്രാർഥന. ആ സഹനയാത്രയിൽ യേശു തന്റെ ശരീരത്തിൽ മാത്രമല്ല സഹിച്ചത്. അവിടുത്തെ മനസ്സും വേദനിച്ചിരുന്നു. എന്തുകൊണ്ടെന്നാൽ, തന്റേതുമാത്രമെന്നു കരുതിയ പ്രിയപ്പെട്ടവരിൽ ഒറ്റുകാരനും, തള്ളിപ്പറയുന്നവനും ഓടിപ്പോകുന്നവരുമുണ്ടായിരുന്നു. എങ്കിലും അവിടുത്തെ കണ്ണുകളിൽ നൈരാശ്യമില്ലായിരുന്നു. തന്റെ സഹനയാത്രയിലും ഒരുപിടി നൻമകൾ ചെയ്യാൻ ക്രിസ്തുവിന് സാധിച്ചുവെന്നത് അവസ്മരണീയമായ ഒന്നാണ്. ഒരു ചെവി നഷ്ടപ്പെട്ടുപോയ പ്രധാനപുരോഹിതന്റെ സേവകന്റെ വേദന അവനറിയാമായിരുന്നു. "യേശു അവന്റെ ചെവി തൊട്ടു സുഖപ്പെടുത്തി"(ലൂക്കാ 22,51). തന്റെ സഹനയാത്രയിൽ തന്നെ സഹായിച്ച ശിമയോനും സഹതാപത്തോടെ നോക്കിയ അനേകരും ആ യാത്രയിൽ അനുഗ്രഹിക്കപ്പെട്ടു. തന്നോട് സ്നേഹം കാണിച്ച നല്ലകള്ളന് പറുദീസയും നല്കി. ആരുടെയൊക്കെയോ ആജ്ഞ നിറവേറ്റുന്ന പട്ടാളക്കാരറിഞ്ഞില്ല അവർ ചെയ്യുന്ന തെറ്റിന്റെ തീവ്രത. അവരോടും അവൻ നിരുപാധികം ക്ഷമിച്ചു. ഓശാന പാടിയ അധരങ്ങൾ പുച്ഛിച്ചുതള്ളിയപ്പോഴും ഹൃദയം കൊണ്ടുപോലും ക്രിസ്തു അവരോട് നീരസം കാണിച്ചില്ല. ജീവിതത്തിന്റെ ഏറ്റവും വേദനാജനകമായ നിമിഷങ്ങളിൽപോലും നൻമചെയ്യുവാൻ മടുപ്പുതോന്നാതിരുന്ന ക്രിസ്തുവിന്റെ ജീവിത മാതൃക നമുക്കേവർക്കും പ്രചോദനമാകണം. കുരിശിൽ ഒറ്റപ്പെടലിന്റെ വേദനയറിഞ്ഞവന് ഏകാന്തതയുടെ നൊമ്പരം പേറുന്ന ദൈവമക്കളുടെ വേദനയറിയാമെന്ന സത്യം നാം തിരിച്ചറിയണം. യഥാർഥത്തിൽ ക്രിസ്തു തന്റെ പീഡാസഹന മരണത്തിലൂടെ നാമോരുത്തരേയും സ്നേഹിക്കുകയായിരുന്നു. അതുകൊണ്ടാണവിടുന്നരുൾ ചെയ്തത്: "സ്നേഹിതർക്ക്‌വേണ്ടി ജീവൻ ബലികഴിക്കുന്നതിനെക്കാൾ വലിയ സ്നേഹമില്ല"(യോഹ 15,13). ഈ ദുഃഖവെള്ളിയിൽ നാം ഓർക്കുക; നമ്മുടെ അതിക്രമങ്ങൾക്ക് വേണ്ടി അവൻ മുറിവേൽപ്പിക്കപ്പെട്ടു. നമ്മുടെ അകൃത്യങ്ങൾക്ക് വേണ്ടി ക്ഷതമേൽപ്പിക്കപ്പെട്ടു. അവന്റെ മേലുള്ള ശിക്ഷ നമുക്ക് രക്ഷ നല്കി. അവന്റെ ക്ഷതങ്ങളാൽ നാം സൗഖ്യം പ്രാപിച്ചു(ഏശ 53,5). ഈ വലിയ ആഴ്ചയിൽ ക്രിസ്തുവിനെ സ്നേഹിക്കാൻ, ക്രിസ്തുവിന്റെ മുഖം ധ്യാനിക്കാൻ, ക്രിസ്തുവിനെപ്രതി ഒരുപിടി നൻമ ചെയ്യാൻ നമുക്ക്‌സാധിച്ചാൽ നമ്മുടെ ദുഃഖവെള്ളി ആചരണം അർഥപൂർണമാകും. ക്രൂശിതന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളെ കീഴടക്കട്ടെ. അവിടുത്തെ സഹനം നമ്മെ ശക്തിപ്പെടുത്തട്ടെ. ●

# ST.MARY'S ENGLISH MEDIUM SCHOOL
CHERUPANATHADY

## ADMISSIONS OPEN FOR 2022-23
## KG TO CLASS IX

*Lay a Solid Foundation for Your child's Future !*



- Advanced Infrastructure
- Smart Classes & Computer Lab
- Communicative English Classes
- Well-stocked Library
- CCTV
- Transportation Facility
- Sports & Games
- Yoga & Meditation
- Extra-curricular Activities
- Health care
- Experienced faculty
- Hostel Facilities
- Counselling and Guidance
- Purified Drinking water



# ST.MARY'S ENGLISH MEDIUM SCHOOL
CHERUPANATHADY

Estd: 2000

(Affiliated to CBSE, New Delhi, Code No.930456)

Panathday P.O, Kasaragod Dist, Pin-671 532, Kerala,India

Ph:0467 2228888, Mob: 9744852582

E-mail:stmarys_ems@yahoo.com,

**www.stmaryscherupanathady.com**

**PH: 0467 2228888, 9744852582**




Printed and Published by Fr. Merson Antony CFIC, Design: Greeshma Designs, Kottayam, Tel: 9447304348.